അഞ്ചലിൽ 2-ക വരിസംഖ്യ ഒരു കൊല്ലത്തേക്കു (മുൻകൂർ.) തപാലിൽ 2½-ക.

# രാജർഷി

പുതുവത്സരപ്രതി.

ലക്കം 1-2. | 1111 ചിങ്ങം—കന്നി. | പുസ്തകം 2.



സ്ഥാനത്യാഗം ചെയ്ത

സർ. ശ്രീ രാമവർമ്മ കൊച്ചി വലിയ തമ്പുരാൻ

ജി. സി. എസ്സ്. ഐ, ജി. സി. ഐ. ഇ, എഫ്. എം. യു.

തിരുമനസ്സുകൊണ്ടു്.

കടമാളൂർ കെ. കെ. ഗോപാലപിള്ള. (MANAGING EDITOR.)

## ഭാഗവതർമാരുടെ ഭാഗ്യം.

അപശ്രുതി ലേശവും പുറപ്പെടാതെ കണ്ണാനന്ദകരമായ സ്വരം പുറപ്പെടുന്നതും, വളരെ ഉറപ്പിലും ഹൃദയാകർഷകമായ വിധത്തിലും പണിത് മിതമായ വിലക്കു കൊടുക്കുന്നതുമായ ഞങ്ങളുടെ പലതരം ഹർമ്മോണിയങ്ങൾ (ചവിട്ട് ഹർമ്മോണിയങ്ങൾ—ശ്രുതിപ്പെട്ടികൾ മുതലായവ ഒരിക്കൽ പരീക്ഷിച്ചാൽ സന്തൃപ്തി നേടാം.



അനേകം പ്രദശനമന്ദിരങ്ങളിൽ നിന്നും മാന്യന്മാരിൽ നിന്നും ഞങ്ങൾക്ക് സ്വർണ്ണമെഡലുകളും പ്രശംസാപത്രങ്ങളും സിദ്ധിച്ചിട്ടുണ്ട്. വിശേഷിച്ച് ഞങ്ങളുടെ പക്കൽ സംഗീത സാധനങ്ങൾ എല്ലാം വില്ക്കുവാനുണ്ട്. ആവശ്യപ്പെടുക. ഇച്ഛാഭംഗത്തിനിട വരികയില്ല.

കെ. ജോനാഥൻ ആൻറ് കമ്പനി,

മുൻസിപ്പാൽ ആപ്പീസ് റോഡ്, മീനാക്ഷി ബിൽഡിംഗ്സ്, തൃശ്ശൂർ.


# വിഷയവിവരം.


എഴുന്നള്ളത്ത്

1 മംഗളം (കുണ്ടൂർ നാരായണമേനോൻ B. A.) 1
2 സ്വന്തം പ്രസ്താവന
3 ഉക്കാദേവി (മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ M. A. B. L.. M. R. A. S.) 3
4 സ്ഥിതപ്രജ്ഞൻ (പദ്യം) കുണ്ടൂർ നാരായണമേനോൻ B. A. 9
5 സാഹിത്യലക്ഷണം മനോവ്യയമോ? (ശിരോമണി പി. കൃഷ്ണൻനായർ) 12
6 രാജർഷി (പദ്യം) വിദ്വാൻ ടി. കെ. രാമൻമേനോൻ 21
7 തൈലദാനം (കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ B. A. B. L.) 25
8 ഒരു ഗുരുവായൂർ പ്രാർത്ഥന (പദ്യം) ഇരുവനാട്ടു കെ. സി. നാരായണൻ നമ്പ്യാർ 29
9 അതിനുശേഷം (സ്മരണ) ഡാക്ടർ യം. പി. പരമേശ്വരയ്യർ M. B. B. S. 33
10 നിർവൃതി (പദ്യം) തേറമ്പിൽ ശങ്കുണ്ണിമേനോൻ 38
11 തങ്കമണി (ചെറുകഥ) ആയാംകുടി പി. ആർ. ശങ്കരപ്പിള്ള 39
12 കലിനകുമാരൻ (പദ്യം) കടത്തനാട്ടു ഈ. പി. രാമക്കുറുപ്പ് (പണ്ഡിതർ.) 47
13 ശ്രീരാമവർമ്മ പഞ്ചകം (പദ്യം) എ. ശങ്കരപ്പൂതുവാൾ B. A. B. L. 49
14 "അതൊരു കൊല്ലം" (സ്മരണ) പി. അനന്തൻപിള്ള M. A. 50
15 രാജഗാഥ (സ്മരണ) എം. ഗോടശമേനോൻ B. A, 55
16 സംഗീതവും നാടകവും (പി. സി. ദേവസ്യ B. A.) 56
17 കാഹളം (പദ്യം) കുന്നത്തേരി രാമൻമേനോൻ—ബോംബെ 66
18 വെണ്മണി പ്രസ്ഥാനം (വെള്ളായ്ക്കൽ ഗോവിന്ദമേനോൻ (പണ്ഡിതർ) 67


☞ ചിത്രപ്രശ്നം അടുത്ത ലക്കത്തിൽ.

# രാജർഷി.



സ്ഥാനത്യാഗം ചെയ്ത

സർ. ശ്രീ രാമവർമ്മ കൊച്ചി വലിയ തമ്പുരാൻ

ജി. സി. എസ്സ്. ഐ., ജീ. സി. ഐ. ഇ., എഫ്. എം. യു.

തിരുമനസ്സുകൊണ്ട്.

## നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ
## എഴുന്നള്ളത്ത്.

ഉള്ളിലിരിക്കും ദൈവം;
വെളിയിൽ കണ്ണുകൊണ്ടും കണ്ടിടും ദൈവം;
ഇങ്ങിനെ ദൈവം രണ്ടു-
ണ്ടിംഗിതമോർത്താക്കൾ വാഴ്ത്തുക വരെ മുദാ.

1 തൻനാട്ടിന്റെ വടക്കേദിക്കുകളുമറ്റെല്ലാം സമീക്ഷിക്കുവാൻ
സന്തോഷത്തോടുകൂടി മാടനൃവരൻ ശ്രീരാമവർമ്മാഭിധൻ,
ഇന്നാടൊന്നു പുരന്ദരന്റെ പുരിപോലാക്കിച്ചെഴുന്നള്ളിനാൻ
മന്നാകെപ്പുകൾപൂണ്ട തൃശ്ശിവപുരത്തിങ്കൽ പ്രജാവത്സലൻ

2 ഇമ്മട്ടേക മഹോത്സവം പുരിയിതിങ്കുണ്ടായതിൽ പിന്നെ,യ-
ക്ഷാമശ്രീകരമായ് ലസിച്ചതു കഥിപ്പീലാ വയോവൃദ്ധരും;
ക്ഷേമത്തോടു ജനങ്ങളിൽ ചെറുതുമേ ഭേദം നിനയ്ക്കാതെ,യുൾ-
പ്രേമം പൂണ്ടു ഭരിച്ചിടും നൃപനെയാർ മാനിക്കയില്ലൂഴിയിൽ?

3 വിണ്ണിൽ കൂടിയ വാനവർക്കു പരമാനന്ദേന സഞ്ജാതമായ്
കണ്ണിൽ ബാഷ്പകണങ്ങളുതിർന്നു, മഴയാം വ്യാജേന തൂകീടിനാർ;
മണ്ണിൽ പാർപ്പോരുമങ്ങളും പെരിയ സന്തോഷാശ്രുവിൽ സ്നാതരാ-
യെണ്ണിക്കൂടരുതത്ര പുണ്യമെഴുമപ്പൃഥ്വീശനെ വാഴ്ത്തിനാർ.

4 നാലൊന്നാകിന വർഷമായിതിലെഴുന്നോരുത്സവാഘോഷമാ-
നാലൊററദ്ദിവസങ്ങളല്ല,യിരുപത്തൊന്നോളമുണ്ടായ് രസാൽ;
മേലൊത്തുള്ളൊരു വാസരങ്ങളിവയിൽ ഭൂലോകസാധാരണം
മാലൊട്ടുക്കമറന്നു, നാകപുരിയിൽ പോലെ വസിച്ചാർ ജനം.

5 പുഷ്പശ്രീകരകല്പദാരുസദൃശൻ ഭൂമീന്ദ്രനു,ണ്ടാക്കുമ-
ങ്ങിഷ്ടംപോലമൃതൊത്ത നല്ല വിഭവത്തോടും ഭുജിക്കാൻ സുഖം;
കഷ്ടപ്പാടുകളൊന്നുമില്ല, പലരായങ്ങിങ്ങു നാം കണ്ടിട്ട-
ന്നിഷ്ടന്മാരൊടുകൂട്ടുകൂടി വിനയോദാരം വിനോദിച്ചിടാം.

6 തെല്ലും ജാതിമതങ്ങളുംതൻ നിനവുവിട്ടെല്ലാടവും ചെന്നുടൻ
ചൊല്ലുള്ളോരു നരേശരൻ പ്രജകൾതന്നിഷ്ടങ്ങളും കേട്ടിടിനാൻ;
അല്ലും വാസരവും നൃപാലകനെഴുന്നള്ളുന്ന കാര്യത്തിനായ്
നല്ലുത്സാഹമിയന്നു വേലകൾ തുടർന്നാരിപ്രജാസഞ്ചയം.

7 ഹിന്ദുക്ഷേത്രഗണങ്ങൾ, പിന്നെ പലതായ് ക്രിസ്ത്യാനികൾക്കുള്ളതാം
വൻതുംഗാകൃതിപൂണ്ട പള്ളികളു, മാമുസ്ലിമർ തൻ പള്ളിയും,
ചിന്തുംതോഷമൊടപ്രജാപതി മുറന്നെല്ലാക്കെസ്സമീക്ഷിക്കവേ
പൊന്തുന്നാജ്ജയഘോഷമാറ്റൊലി മഹീചക്രം മുഴക്കീ ചിരം.

8 വിദ്യാശാലകളൊക്കെ വിശ്രുതനവസ്സ്യദ്ധ്യക്ഷനായ് മേവിടും-
വിദ്യാംഭോധി വിശാംപതിക്കു സുതൻ, ഐ. നാരായണൻമേനവൻ,
ഹൃദ്യാലംകൃതി പേർത്തു ചിത്രസരസം വിദ്യാസ്ഥലീമുജ്ജ്വലം
ഹൃദ്യാമോദമുദിക്കുമാറു നൃപനെക്കാണിച്ചു കല്യാശയൻ.

9 ഊനാപേതമൊടുക്കമെല്ലാരു നിജോദ്യോഗത്തിനൊക്കും പദം
താനാകെക്കളയേണ്ടതാകിലതിവാൻ പേഷ്കാരു ഗോശ്രീസുതൻ,
ഈനാട്ടാകെക്കൊരു കണ്ണിലുണ്ണി, മതിമാൻ, കോമാട്ടിലുള്ളച്യുത-
ശ്രീനാമം കലരുന്ന മേനവനിതിന്നൊട്ടുക്കു നേതാവുമാൾ.

10 ശ്രീമാൻ, വിഷ്ണുപദാശ്രിതൻ, കുവലയോല്ലാസം വളർത്തിടുവോൻ,
സാമാന്യാധിക ശുദ്ധകീർത്തിധവളജ്യോത്സ്നാവിലാസോജ്ജ്വലൻ,
കാമാനന്ദകരപ്രഭാവനമലൻ സദ്വൃത്തനെന്നും, തമ-
സ്തോമധ്വംസി, കളങ്കഹീനചരിതൻ രാജാവു ഗോശ്രീശ്വരൻ.

11 മുപ്പാണ്ടുള്ള സമസ്തരേയുമുടനേ കൃഷ്ണാവതാരത്തിനാൽ
നിശ്വാസിച്ചു, വിശുദ്ധഭക്തരൊടമദ്ധ്യാസനോല്ലാസിയായ്
ഇക്കാണാകിന പാരിടത്തെയഖിലം പാലിച്ചുപോരുന്നൊര-
ച്ചിൽക്കാമ്പാകിന ശേഷശായി ഭഗവാൻ ശ്രീവിഷ്ണു ഗോശ്രീശ്വരൻ.

രാജഭക്തൻ

---

നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഉത്തരകൊച്ചി സന്ദർശനം ജനതതിയെ എത്രമാത്രം ആഹ്ലാദഭരിതരാക്കീട്ടുണ്ടെന്നു ഈ തൃശ്ശിവാലയത്തിൽ നടന്ന പതിനഞ്ചുദിവസത്തെ മഹാമഹം പ്രസ്പഷ്ടമാക്കീട്ടുണ്ട്. "രാജാവു പ്രത്യക്ഷദൈവ"മാണെന്നുള്ള തത്വം ജനതതി (ആബാലവൃദ്ധം) നല്ലപോലെ അറിഞ്ഞു പ്രവർത്തിച്ചു. കരുണാലയനും പ്രജാക്ഷേമതല്പരനും ഈശ്വരഭക്തനും സത്യസന്ധനും ഉദാരമനസ്കനും ആയ അവിടുന്നു ജാതിമതഭേദമെന്യേ—പിതാവു പുത്രരെ എന്നപോലെ വാത്സല്യപൂർവ്വം ജനതതിയോടു വർത്തിച്ചുള്ള നില എത്രമാത്രം അവരെ ആഹ്ലാദചിത്തരാക്കീട്ടുണ്ടെന്നു വ്യക്തമാക്കുവാൻ ശക്യമാകയില്ല. സ്വപ്രജാവലിയോടു യഥോചിതം അവിടുന്നു മന്ദസ്മിതപൂർവ്വം കല്പിച്ചരുളുന്ന വചനാമൃതധാരാസ്വാദനം ആളുകൾക്കും ആ

നുഭവിപ്പാനിടയായതിൽ സീമാതീതമായ സന്തോഷവും സന്തൃപ്തിയും ഉണ്ട്. എഴുന്നള്ളത്തവസരങ്ങളിൽ അവിടുന്നു ഓരോരുത്തരിലും കാരുണ്യം തുളുമ്പുന്ന സുസ്മേരവദനനായായിരുന്നു. “പ്രജകൾ ആരും എനിക്കു ഭേദമില്ല” എന്നു അവിടുന്നു കല്പിച്ചു. അതുപോലെ കുബേരനേയും കുചേലനേയും പണ്ഡിതനേയും പാമരനേയും അവിടേക്കു യാതൊരു ഭേദവും ഉണ്ടായില്ല. അവരുടെ ഉപഹാരങ്ങളും അഭിനന്ദനങ്ങളും ഒരുപോലെ സ്വീകരിച്ചു. കിം ബഹുനാ കൊച്ചിരാജ്യത്തിന്റെ ഉത്തരഭാഗം ഇതിനുമുമ്പു ഒരിക്കലും ഇത്ര വലിയ ഒരു രാജകീയമഹാമഹത്തിൽ പ്രശോഭിച്ചിട്ടില്ലെന്നു സർവ്വസമ്മതമായിരിക്കുന്നു.

ഈ മഹോത്സവം ഇത്രയും ഭംഗിയാക്കി നടത്തിയ ഭാരവാഹികളെ ഞങ്ങൾ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

അന്നദാതാവായ ഈ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ട് ആരോഗ്യദൃഢഗാത്രനായി ചിരകാലം വാണരുളുന്നതിന് സർവ്വശക്തനായ ജഗദീശ്വരൻ കടാക്ഷിക്കുമാറാകട്ടെ.

രാജ്യവധു.

---

(മകരമഞ്ജരി)

രോമാഞ്ചമേകുന്നു, രോമാഞ്ചമേകുന്നു,
പ്രേമാമൃതമിങ്ങൊഴുകിത്തുള്ളുന്നു,
പൂമയിൽ മോടികളെങ്ങും വിളങ്ങുന്നു,
പൂന്തേനൊഴുക്കുന്നു പൂവനങ്ങളും,
ഇപ്പുരി മദ്ധ്യസ്ഥമാർഗ്ഗത്തിലെത്രയും
കല്പകപ്പൂന്തളിൽത്തോരണങ്ങൾ
തൂമയിലാടുന്നു, പൂംപാവനിയിൽ പുഷ്പ
ത്തൂമേനി പുഞ്ചിരി തൂകിടുന്നു.
നാദം മനോഹരം കേൾക്കെ ഗീതികളൊക്കെ
നാദവുമെങ്ങും ശ്രവിച്ചിടുന്നു,
ചിത്രശലഭങ്ങളിത്ര നൃത്താടിക്കൊ-
ണ്ടെത്രയും താണു പറന്നിടുന്നു.
പാടുന്ന വാടിയിൽ കോകിലമാനദം
തേടി നടന്നവനങ്ങളറിഞ്ഞൊരാൾ,
വേദാഖ്യസംഖ്യയെ കാണിക്കുമശോക
ളുദരിച്ചിടും മന്ദിരത്തിൽ

നമ്മുടെ തമ്പുരാൻ ഗോശ്രീശനൈശ്വര്യ-
നന്ദനനായി വിളങ്ങീടുന്നു,
അന്നുമിന്നു മിനിത്തേടിവലയേണ്ട.
മംഗളമൂർത്തിയെഴുന്നെള്ളുന്നു,
എട്ടുവിധമീതി തൊട്ടു തുടങ്ങുന്ന
കഷ്ടത നീക്കുന്ന തമ്പുരാനെ,
കണ്ടാലവർക്കുള്ള ദുഃഖം നശിപ്പിക്കും
കൈവല്യമൂർത്തിയാം തമ്പുരാനെ,
കൺകുളുർത്താനന്ദ ബാഷ്പാകുലരായ്ചെയ്തു
കൈതവ മററു നിരീക്ഷിക്കുവിൻ!!
താണു പണിയുവിൻ; താണു പണിയുവിൻ!!
തമ്പുരാൻ തൃപ്പദം നിത്യസൌഖ്യം.

പണ്ഡിതർ വി. കെ. വൈദ്യർ.

---

## ഞങ്ങളുടെ കാര്യം.

രാജർഷിയുടെ ഈ പുതുവത്സരപ്രതി ഒരു "വിശേഷാൽ പ്രതി"യെന്ന നിലയിൽ പുറപ്പെടുവിക്കണമെന്നു വിചാരിച്ചു ശ്രമിച്ചുവെങ്കിലും ഞങ്ങളുടെ ആഗ്രഹംപോലെ മുഴുവൻ സാധിക്കാതെ വന്നതിൽ വളരെ മനസ്താപമുണ്ട്. കടലാസിനുള്ള വില പെട്ടെന്നു വർദ്ധിച്ചതാണ് കാരണം. തന്നിമിത്തം പല മഹാന്മാരുടേയും മഹതികളും പ്രൌഢലേഖനങ്ങളും മാററിവയ്ക്കുവാനിടയായി. ആരും പരിഭവിക്കരുതെന്നപേക്ഷ.

രാജർഷി പുറപ്പെടുവാൻ താമസിച്ചതും മുൻപറഞ്ഞതെല്ലാമാണ് കാരണം. ഇനി എല്ലാ മാസവും 30-ാംനു-ക്കു മുമ്പായി രാജർഷി പുറപ്പെടുന്നതാണ്.

കഴിഞ്ഞകൊല്ലത്തെ വരിസംഖ്യ ഉടനെ അയച്ചുതരണം. വെറുതെ ഞങ്ങളെക്കൊണ്ട് എഴുത്തെഴുതിക്കുവാനിടയാക്കരുത്. V P അയക്കുന്നതു ഇരുകൂട്ടർക്കും നഷ്ടമാണെന്നുകൂടി ധരിക്കുവാനപേക്ഷ.

രാ. മാ.

# രാജർഷി


| പുസ്തകം 2. | 1111 ചിങ്ങം. | ലക്കം 1. |
|---|---|---|


## മംഗളം.

രാജസ്സ്വോത്ഥുഴിപാരം പ്രജകളുടെഹിതം
പോലെ പാലിച്ചുവാഴ്ക്കും
തേജസ്സാർന്നക്ഷ്വംശപ്രഥിതനൃപതിമാർ
പോയമാർഗ്ഗം വിടാതേ
രാജർഷിത്വത്തിൽ വാനേറിന ശുഭമെതിത-
ന്നോർമ്മനിത്താൻ നടക്കും
"രാജർഷി"യ്ക്കേകിടട്ടേ സകലഗുണവുമ-
മ്പാർന്നു പൂർണ്ണത്രയീശൻ.

കുണ്ടൂർ നാരായണമേനോൻ B. A.

## സ്വന്തം പ്രസ്താവന.

രാജർഷി രണ്ടാം വയസ്സിലേക്കു പ്രവേശിച്ചിരിക്കുന്നു. ഇതിനിടക്ക് സാരമായ ബാലാരിഷ്ട് ഈ ശിശുവിനുണ്ടായി. സർവ്വഗുണസമ്പന്നനായ ആ പൊന്നുതമ്പുരാൻ തിരുമനസ്സിലെ സ്മാരകമായ ഈ രാജർഷി ശിശുവിന് ഇങ്ങനെ ഒരു ബാലാരിഷ്ട് പററിയതിൽ വലുതായ മനസ്താപമുണ്ട്. എങ്കിലും ബാലാരിഷ്ട് കുട്ടികൾക്കു പതിവുള്ളതാണെന്നു വിചാരിച്ച് സമാധാനപ്പെടുകയേ തരമുള്ളു.

രാജ്യത്തുള്ള പ്രധാനപ്പെട്ട വലിയ ഉദ്യോഗസ്ഥന്മാൎക്കും പൌരപ്രമാണികൾക്കും മററും ഞങ്ങൾ മാസിക അയച്ചു. ഒന്നാം ലക്കം തന്നെ ഉപേക്ഷിച്ചവരും ഏതാനും ലക്കങ്ങൾ സ്വീകരിച്ചതിന്റെ ശേഷം വരിസംഖ്യ തരാതെ ഉപേക്ഷിച്ചവരും മററുമായി പലതരക്കാരും ഇക്കൂട്ടത്തിലുണ്ട്. തന്നിമിത്തം കുറെ നഷ്ടവും ഞങ്ങൾക്കു പററാതിരുന്നിട്ടില്ല.

രാജൎഷിക്കു ബാലാരിഷ്ട് പിടിപെട്ടുവെങ്കിലും മഹത്തുക്കളായ പല ഭിഷഗ്വരന്മാരുടേയും കരുണയേറിയ ചികിത്സയുടെ ഫലമായിട്ടാണ് കുറെയെല്ലാം ശമനം കിട്ടിയത്.

## കൃ ത ജ്ഞ ത .

ഞങ്ങളുടെ സാഹസമായ ഇക്കാൎയ്യത്തിൽ മനസ്സറിഞ്ഞ് പ്രൌഢലേഖനങ്ങൾകൊണ്ടു സഹായിച്ച മാന്യ ലേഖകന്മാരോടു ഞങ്ങൾക്കുള്ള സീമാതീതമായ കൃതജ്ഞതയെ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. ഇനിയും അവരുടെ സഹായങ്ങൾക്കായി അഭ്യൎത്ഥിക്കയും ചെയ്യുന്നു.

ഇക്കൂട്ടത്തിൽ ഞങ്ങൾക്കു മറയ്ക്കുവാനും മറക്കുവാനും പാടില്ലാത്തതായ ഒരു കാൎയ്യംകൂടി പറയുവാനുണ്ട്. ഒരു ചെറിയ പ്രസ്സെങ്കിലും സ്വന്തജോലികൾ മാററിവച്ച് രാജൎഷിയുടെ അഭിവൃദ്ധിയെ മാത്രം പുരസ്കരിച്ച് അച്ചടി വിഷയത്തിൽ അസാമാന്യമായ പാടവത്തോടുകൂടി വൃത്തിയായി (ഒരു വമ്പിച്ച തുക കൊടുക്കുവാനുണ്ടായിട്ടും) അച്ചടിച്ചുതന്ന രാജഭക്തനായ സുജനഭൂഷണം പ്രസ്സുടമസ്ഥനോട് ഞങ്ങൾക്കുള്ള നന്ദി വാചാമഗോചരമത്രെ.

ഞങ്ങളുടെ ഉദ്ദേശശുദ്ധിയോടുകൂടിയുള്ള ഈ പ്രസ്ഥാനത്തിൽ വരിക്കാരായി ചേൎന്നും ചേൎപ്പിച്ചും മററുതരത്തിലും ധനസഹായം ചെയ്തവരോട് ഞങ്ങൾക്കുള്ള നിസ്സീമമായ കൃതജ്ഞതയെ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇനിയും ഈ മഹാനുഭാവന്മാരുടെ സഹായസഹകരണങ്ങൾ ഞങ്ങൾക്കുണ്ടാകുമെന്നും വിശ്വസിക്കുന്നു.

രാജൎഷിയെ ഞങ്ങൾ കഴിയുന്നവിധം പരിഷ്കരിക്കണമെന്നാണു വിചാരിക്കുന്നത്. ആയതു ഏതുതരത്തിലെല്ലാമാണ് വേണ്ടതെന്നു മുൻകൂട്ടി പറയുവാൻ വിചാരിക്കുന്നില്ല. കാലക്രമേണ ആയത് രാജൎഷിയുടെ മാന്യ ബന്ധുക്കൾക്കു മനസ്സിലായിക്കൊള്ളും.

(രാ. വ.)

# തുക്കാദേവി.

മഹാകവി, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ. എം. എ. ബി. എൽ. എം. ആർ. എ. എസ്സ്.

ക്രി. പി. പതിനാറാം ശതകത്തിന്റെ ആരംഭത്തിൽ വിജയനഗരസാമ്രാജ്യം രക്ഷിച്ചിരുന്ന കൃഷ്ണദേവരായരെക്കാൾ പ്രശസ്തനായ ഒരു ചക്രവർത്തി ദക്ഷിണാപഥത്തിൽ, രാജേന്ദ്രചോളനെക്കഴിച്ചാൽ, ഒരു കാലത്തും ജീവിച്ചിരുന്നിട്ടില്ല. അദ്ദേഹം മഹാനായ ഒരു സേനാനിയും രാജ്യതന്ത്രകുശലനുമായിരുന്നതിനു പുറമെ വിശിഷ്ടനായ ഒരു കവിയും പണ്ഡിതപക്ഷപാതിയുമായിരുന്നു. സംസ്കൃതത്തിൽ അവിടുന്നു രചിച്ച ജാംബവതികല്യാണം എന്ന നാടകവും ആന്ധ്രഭാഷയിൽ നിർമ്മിച്ച ആമുക്തമാല്യദാ എന്ന കാവ്യവും ഇന്നും പ്രചുരപ്രചാരമായി പരിലസിക്കുന്നുണ്ട്. മദാലസാചരിതം, സത്യാവധൂപ്രീണനം, സകലകഥാസാരസംഗ്രഹം, സൂക്തിനൈപുണിജ്ഞാനചിന്താമണി, രസമഞ്ജരി മുതലായ ഇതര കൃതികൾ കണ്ടുകിട്ടീട്ടില്ല; അവ, നശിച്ചുപോയെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

കൃഷ്ണദേവരായർ ഉൽകലരാജ്യം (ഒറിസ്സാ) ആക്രമിച്ച അവസരത്തിൽ അവിടത്തെ രാജാവായ പ്രതാപരുദ്രഗജപതി അദ്ദേഹത്തിനു കീഴടങ്ങുകയും കൃഷ്ണാനദിക്കു തെക്കുള്ള തന്റെ ദേശങ്ങൾ വിജയനഗരത്തിലേക്കു വിട്ടുകൊടുക്കുകയും, ചെയ്തതിനു പുറമെ, തന്റെ പുത്രിയായ ജഗന്മോഹിനിദേവിയെ രായരെക്കൊണ്ടു വിവാഹം ചെയ്യിച്ചു; തദ്വാരാ അദ്ദേഹത്തെ തന്റെ ബന്ധുവാക്കുകയും ചെയ്തു. ഈ ജഗന്മോഹിനിക്കു 'തുക്കാ' എന്നൊരു ഓമനപ്പേർ കൂടിയുണ്ടായിരുന്നു; അതുകൊണ്ടാണ് ആ രാജ്ഞിയെ തുക്കാദേവി എന്നു പറയുന്നത്. തുക്കാദേവി സംസ്കൃത ഭാഷയിൽ നല്ല ജ്ഞാനം സിദ്ധിച്ച ഒരു കവയിത്രിയായിരുന്നു. കൃഷ്ണദേവന്റെ പൂർവ്വ ഭാര്യമാരായ തിരുമല ദേവിക്കും ചിന്നാദേവിക്കും തുക്കയ്ക്കു സപത്നിയാകേണ്ടി വന്നു; എങ്കിലും ആദ്യകാലങ്ങളിൽ അവരുടെ ദാമ്പത്യം അഭിരാമമായ്ത്തന്നെയിരുന്നു. രായരുടെ സാലുവതിമ്മയനെന്ന പ്രസിദ്ധ പണ്ഡിതനായിരുന്നു പ്രധാനസേനാപതി. അദ്ദേഹം അഗസ്ത്യഭട്ടന്റെ ബാലഭാരതമഹാകാവ്യത്തിനു 'മനോഹരാ' എന്ന വ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. "ശ്രീകൃഷ്ണരായ ശിരശ്ശ്രപ്രധാനസകലാഗമ പാരാവാരപാരീണസാലുവതിമ്മയ ദണ്ഡനാഥഃ" എന്നാണ് തിമ്മയൻ ആ വ്യാഖ്യാനത്തിൽ തന്നെപ്പറ്റി പ്ര

സ്താവിക്കുന്നത്. വേറെയും തിമ്മണ്ണൻ, പെദ്ദണ്ണൻ, മല്ലണ്ണൻ മുതലായ അനേകം ആന്ധ്രകവിവരന്മാർ രായരുടെ വിദ്വൽസദസ്സിനെ അലങ്കരിച്ചിരുന്നു. സുപ്രസിദ്ധമായ രായരപ്പാജികഥാ'പരമ്പരയിലെ രായർ കൃഷ്ണദേവനും അപ്പാജി സാലുവതിമ്മയനുമാകുന്നു. തിമ്മയന്റെ ഭാഗിനേയനാണ് കൃഷ്ണമിശ്രന്റെ പ്രബോധചന്ദ്രോദയ നാടകത്തിനു 'ചന്ദ്രികാ' എന്ന വ്യാഖ്യാനം രചിച്ച നാദിണ്ഡ്ല്യ ഗോപാലൻ. ഗോപൻ എന്ന പേരിലും അറിയപ്പെടുന്ന അദ്ദേഹം യഥാകാലം വിജയനഗര മന്ത്രിയായി കോണ്ഡവീട് മുതലായ ദേശങ്ങൾ ഭരിക്കുകയുണ്ടായി. പ്രബോധചന്ദ്രോദയ വ്യാഖ്യയിൽ ഗോപൻ കൃഷ്ണദേവരായരും ജഗന്മോഹിനിയും തമ്മിലുള്ള വിവാഹത്തെപ്പറ്റി

"പ്രതാപരുദ്രസ്യഗജേശ്വരസ്യ
പുത്രീംപവിത്രീകൃതഭൂതധാത്രീം
പ്രത്യഗ്രഹീദ്യഃപ്രകടപ്രതാപോ
ഭദ്രാംസുഭദ്രാമിവപാണ്ഡവേയഃ

എന്നു പരസ്യമായി പ്രസ്താവിക്കുന്നുണ്ട്. "പവിത്രീകൃത ഭൂതധാത്രി "എന്ന വിശേഷണത്തിൽ നിന്നു നാമനുമാനിക്കേണ്ടതു തുക്കാദേവി സൽഗുണശാലിനിയായ ഒരു രാജ്ഞിയായിരുന്നു എന്നാണല്ലോ.

എന്നാൽ സമകാലികന്മാർ നിർദ്ദേശിക്കാത്തതും തന്നിമിത്തം നമുക്കു ധരിക്കുവാനിടയാകാത്തതുമായ ഏതോ കാരണത്താൽ രായർക്കും അദ്ദേഹത്തിന്റെ തൃതീയ പത്നിക്കും തമ്മിലുള്ള പ്രേമബന്ധം കാലാന്തരത്തിൽ ശിഥിലീഭവിച്ചു. വിജയനഗരത്തിൽ നിന്നു തന്റെ പ്രാണനാഥനാൽ പരിത്യക്തയായ തുക്കാദേവി പിതൃഗൃഹത്തിലേക്കു പോകാതെ കടപ്പാജില്ലയിൽ കമ്പം എന്ന പട്ടണത്തിൽ ഏകാകിനിയായി താമസിച്ചു പരോപകാര നിരതയായി തന്റെ ആയുശ്ശേഷം നയിക്കുകയാണുണ്ടായത്. കമ്പത്തിലെ ജലസേചനോപയുക്തമായ വലിയ കുളം കർഷകന്മാരുടെ ആവശ്യത്തെ പുരസ്കരിച്ച് ആ ദേവി നിർമ്മിച്ചുവെന്നാണ് ഐതിഹ്യം.

ഒരവസരത്തിൽ കോവിദനും കവിയുമായ തന്റെ ഭർത്താവിനു തുക്കാദേവി അഞ്ചു ശ്ലോകങ്ങളടങ്ങിയ ഒരു പദ്യലേഖനം അത്യന്തം സങ്കടാവസ്ഥയിൽപ്പെട്ടു താൻ കാലയാപനം ചെയ്തിരുന്ന ഘട്ടത്തിൽ അയച്ചുകൊടുക്കുകയുണ്ടായി. ആ ശ്ലോകങ്ങളാണ് താഴെ ഉദ്ധരിക്കുന്നത്.

1 ചരൻവനാന്തേനവമഞ്ജരീഷു
നഷട് പദോഗന്ധഫലീമജിഘ്രൽ;
സാകിം ന രമ്യാ? സ ച കിംനരന്താ?
ബലീയസീകേവലമീശ്വരാജ്ഞാ.

വനാന്തത്തിൽ പുതിയ മലർക്കുലകളിൽ സഞ്ചരിച്ചുകൊണ്ടിരുന്ന വണ്ട് പ്രിയംഗുലതയെ (ഞാഴലിനെ) ഘ്രാണിച്ചില്ല. ആ ലത രമ്യയല്ലയൊ? ആ വണ്ടു രമിക്കുന്നതല്ലയോ? ഈശ്വരൻെറ ആജ്ഞ ബലീയസി എന്നല്ലാതെ ഇവിടെയെന്താണ് ഒരു ഉപപത്തി പറവാൻ കാണുന്നതു്? ഒന്നുമില്ലതന്നെ.

2 മാ കിംശുക! പ്രകടയാത്മനി മോദഭാരം
മന്മസ്തകേ വിഹരതീതി മധുവ്രതോയം
കിം മാലതി വിരഹവേദനയാത്വദീയം
ദൃഷ്ട്വാപ്രസൂനമദഹനോദനലഭ്രമേണ?

അല്ലയോ പലാശെ! നിൻെറ മസ്തകത്തിൽ വണ്ടു വിഹരിക്കുന്നു എന്നു വിചാരിച്ചു നീ സന്തോഷം പ്രകടിപ്പിക്കരുത്. പിച്ചകവള്ളി നിൻെറ പുഷ്പം വിരഹവേദനയിൽ കണ്ടു തീയാണെന്നു ഭ്രമിച്ചു ദുഃഖിച്ചുവോ? ഇല്ലല്ലൊ.

3 ഭ്രമര! ഭ്രമതാദിഗന്തരാളേ
കച്ചിദാസ്വാദിതമീക്ഷിതം ശ്രുതംവാ
വദസത്യമപാസ്യ പക്ഷപാതം
യദിജാതീ കുസുമാനുകാരി പുഷ്പം.

"അല്ലയോ വണ്ടേ! നീ എല്ലാദിക്കിലും സഞ്ചരിക്കുന്നുണ്ടല്ലൊ, പക്ഷപാതം വിട്ടു സത്യം പറയു, എവിടെയെങ്കിലും പിച്ചകപ്പൂപോലെ ഒരു പൂ നീ ആസ്വദിക്കുകയോ, കാണുകയോ, കേൾക്കുകയോ ചെയ്തിട്ടുണ്ടോ എന്നു ഞാനറിവാനാഗ്രഹിക്കുന്നു."

4 കുസുമാനിലിഖന്തു നാമ ചിത്രേ
കതിചിൽ കാരുവിശേഷരുദ്ധശിക്ഷാഃ,
സുരഭിത്വമമൂനി കിം ലഭന്തേ
കിമുചൈതേഷു രസം പിബന്തിഭൃങ്ഗാഃ.

ചില ശില്പികളുടെ ശിക്ഷാവിശേഷങ്ങൾ ചിത്രത്തിൽ പുഷ്പങ്ങൾ വരക്കട്ടെ; അവയ്ക്കു പരിമളമുണ്ടോ? അവയുടെ രസം ഭ്രമരങ്ങൾ പാനം ചെയ്യുന്നുണ്ടോ?

5 കിം മാലതി! മ്ലായസി മാം വിഹായ
ചുചുംബ തുംബീകുസുമം ഷഡംഘ്രിഃ;
ലോകേ ചതുർഭിശ്ചരണൈഃ പശുഃ സ്യാൽ;
സ ഷഡ്ഭിരത്യർത്ഥപശുർന്ന കിംസ്യാൽ?

"അല്ലയോ മാലതി! നിന്നെ പരിത്യജിച്ചിട്ട് ഷൾപദം (വണ്ട്) ചുരപ്പൂവിനെ ചുംബിച്ചു എന്നു വിചാരിച്ചു നീ ഖേദിക്കരുത്. നാലുകാലുള്ള ഒരു ജന്തുവിനെയാണ് നാം പശു എന്നു പറയുന്നത്. ആറു കാൽ ഉള്ളതു് അങ്ങെ അററത്തെ പശു (ബുദ്ധി ശൂന്യനായ ജീവി) അല്ലയൊ? പിന്നെ ദുഃഖത്തിനു കാരണമൊന്നുമില്ലല്ലൊ.

ഈ കൃതിക്കു 'തുക്കാപഞ്ചകം' എന്നു പേർപറയുന്നു. ഒന്നാമത്തെ ശ്ലോകത്തിൽ ഇന്ദുമതീസ്വയംവരത്തിൽ മഹാകവി കാളിദാസൻ അംഗരാജാവിന്റെ സൌഭാഗ്യത്തെ വർണ്ണിക്കുന്ന അവസരത്തിൽ "നാസൌ നകാമ്യോ നചവേദസമ്യഗ് ദ്രഷ്ടുംനസാ;" എന്നു പ്രസ്താവിക്കുന്ന വിധത്തിലാണ് കവയിത്രി തന്റെ അവസ്ഥയെ വർണ്ണിക്കുന്നത്. തനിക്കു സൌന്ദര്യാദി ഗുണങ്ങൾക്കു യാതൊരു അപകർഷവുമില്ലെങ്കിലും നായകനു തന്നിൽ അഭിരുചിയില്ലാത്തത് ഈശ്വരാജ്ഞയുടെ ശക്തി നിമിത്തമാണെന്നു നായിക തൽക്കാലത്തേക്കു സമാശ്വസിക്കുന്നു. നവമഞ്ജരീഷു 'എന്ന പദത്തിൽ നിന്നു പുതിയ സുന്ദരിമാർ തന്റെ ഭർത്താവിന്റെ ഹൃദയത്തെ ആവർജ്ജനം ചെയ്തിരിക്കുന്നു എന്നും തുക്കാദേവിക്ക് ഈ പദ്യത്തിൽ വിവക്ഷയുണ്ടെന്നു കാണാം. നായകനിൽ നായിക ഈ ഘട്ടത്തിൽ യാതൊരു ദോഷാരോപണവും ചെയ്യുന്നില്ല.

രണ്ടാമത്തെ പദ്യത്തിൽ ആ നൂതന പ്രണയിനികളിൽ ഒരുവളെ പ്രത്യേകമായി കവയിത്രി ചൂണ്ടിക്കാണിക്കുന്നു. വേഷഭൂഷാദികളാൽ ശരീരത്തിന്നു മോടി വരുത്തുന്നവളാണ് ആ സ്ത്രീ. എന്നാൽ നൈസർഗ്ഗികമായ രാമണീയകത്തിന് അവിടെ സ്ഥാനമേയില്ല. 'നിർഗ്ഗന്ധാഇവകിംശുകാഃ എന്നുള്ളതു പ്രസിദ്ധമാണല്ലൊ. ആ സ്ത്രീ തന്റെ ജീവനാഥനെ ആകർഷിച്ചതുകൊണ്ടു മദിക്കേണ്ടെന്നും താൻ വിരഹവേദനയിൽ ചെന്തീയാണെന്നു ഭ്രമിച്ച് അവളുടെ സൌഭാഗ്യംകണ്ടു ദുഃഖിച്ചില്ലെന്നു് അവൾക്ക് ഓർമ്മയിരിക്കണമെന്നും തുക്കാരം ശ്ലോകത്തിൽ ധ്വനിപ്പിക്കുന്നു.

തന്നെപ്പോലെ സർവ്വഗുണസമ്പൂർണ്ണയായ ഒരു നായികയെ തന്റെ നായകനു ലോകത്തിൽ എവിടെയെല്ലാം സഞ്ചരിച്ചാലും അനുഭവിക്കുവാനൊ സന്ദർശിക്കുവാനൊ കേൾക്കുവാൻ പോലുമൊ സാധിക്കു

ന്നതല്ലെന്നുള്ളതാണ് മൂന്നാമത്തെ പദ്യത്തിലെ ആശയം. സത്യനിഷ്ഠനാണ്, പക്ഷപാതരഹിതനാണ്, തന്റെ ഭർത്താവെങ്കിൽ ആ തത്വം മനസ്സിലാക്കി വീണ്ടും തന്നെ പ്രാണപ്രേയസിയായി വാഴിക്കുമെന്നുള്ള പ്രത്യാശയും ഈ പദ്യത്തിൽ നിഴലിക്കുന്നുണ്ട്.

കൃത്രിമങ്ങളായ ആഡംബരങ്ങൾ കൊണ്ടുമാത്രം സൌന്ദര്യവതികളായി തോന്നുന്നവരാണ് മററു നായികമാരെന്നും ഔൽപത്തികമായ ആകർഷകത്വം അവരിൽ കണികാണുവാൻ പോലും കഴിയുന്നതല്ലെന്നും തന്നിമിത്തം കൃഷ്ണദേവരായരെപ്പോലെ ഉത്തമന്മാരായ നായകന്മാർക്ക് അത്തരത്തിലുള്ള സ്ത്രീകൾ ഉപഭോഗയോഗ്യകളല്ലെന്നുമുള്ള തത്വമാണ് ദേവി നാലാമത്തെ ശ്ലോകത്തിൽ പ്രതിപാദിക്കുന്നത്. മകരന്ദരസജ്ഞനമായ ഭ്രമരം ചിത്രാപ്പിതമായ കസുമത്തിലെ രസം ആസ്വദിക്കുക എന്നുള്ളത് അസംഭാവ്യമാണല്ലോ.

അഞ്ചാമത്തെ ശ്ലോകം ആ അബലാമണി അടക്കുവാൻ പാടില്ലാത്ത നൈരാശ്യത്തിൽ രചിച്ചതാണെന്നൂഹിക്കേണ്ടിയിരിക്കുന്നു. അതിൽ കുററവാളിയായി ആ സാധ്വി കല്പിക്കുന്നതു ദൈവത്തെയല്ല; പ്രതിനായികമാരെയല്ല, പ്രത്യുത തന്റെ പ്രിയതമനെത്തന്നെയാണ്: അദ്ദേഹം അരസികശിരോമണിയാകയാൽ സർവ്വാംഗസുന്ദരിയായ താനിരിക്കെ തന്റെ പാദരക്ഷ വഹിക്കുവാൻ പോലും അർഹതയില്ലാത്ത അപരതരുണികളുമായി വിഹരിക്കുന്നു; അത്തരത്തിലൊരു ഭർത്താവുണ്ടായാൽ അങ്ങനെയൊക്കെത്തന്നെയായിരിക്കും ഏതു നായികക്കും അനുഭവം; അതിലെന്തിനു താൻ അനാവശ്യമായി ദുഃഖിക്കുന്നു എന്നു കവയിത്രി ആത്മാവിനു സാന്ത്വനം നല്കുന്നു.

പുനസ്സമാഗമത്തിനു വല്ല വാതിലുകളും തുറന്നു കിടന്നിരുന്നു എങ്കിൽ അവയെ ബലം പ്രയോഗിച്ച് അടയ്ക്കുകയായിരുന്നു ദൈവോപഹതയായ ജഗന്മോഹിനി ഈ ഒരു പദ്യരചനമൂലം ചെയ്തത് എന്നനുമാനിക്കേണ്ടിയിരിക്കുന്നു. സ്വേച്ഛാവിഹാരികളായ സാർവ്വഭൌമന്മാരെ അരസികന്മാരെന്നും സുന്ദരിമാരുടെ താരതമ്യവിവേചനത്തിൽ അപടുക്കളെന്നും അധിക്ഷേപിച്ചാൽ അവർ അത് ഒരു പ്രകാരത്തിലും സഹിക്കുന്നതല്ലല്ലൊ. ഈ അവസരത്തിൽ കൃഷ്ണദേവന്റെ സമകാലികനായ ഇംഗ്ലണ്ടിലെ മഹാരാജാവ് ഹെൻറി അഷ്ടമനെ സംബന്ധിച്ചുള്ള ഒരു കഥ ഓർമ്മവരുന്നു. ഹെൻറി അദ്ദേഹത്തിന്റെ കട്ടിലത്തെ പ്രിയതമയായ കാതെറൈൻ പാദമായി ഒരിക്കൽ ചതുരംഗം വച്ചുകൊണ്ടിരുന്നു; ചതുരയായ കാതെറൈൻ ജയിക്കുകയും ഹെൻറി തോ

ല്ലുകയും ചെയ്തു; താൻ ജയിച്ചു എന്നു ഭാൎയ്യ പറഞ്ഞു; ഭൎത്താവിനതു രസിച്ചില്ല; ഇംഗ്ലണ്ടിന്റെ ഏകച്ഛത്രാധിപതിയായ തന്നെ കേവലം വിനോദക്രീഡയിൽ പോലും തോല്പിച്ചു എന്നു പറവാൻ തന്റെ പ്രാണനാഥയ്ക്കുകൂടി അവകാശമില്ലെന്നും അത് ഒരു മികച്ച രാജദ്രോഹമാണെന്നും ആണ് ആ ദുഷ്ടഭൂപന്നു തോന്നിയത്. ഉടൻ ലോർഡ്ഡ ചാൻസെലറെ വിളിച്ചു കാതെറൈനിനെ ബന്ധനസ്ഥയാക്കി ആ ഘോരാപരാധത്തിനു തക്ക ശിക്ഷ നല്കുവാൻ അദ്ദേഹം ആജ്ഞാപിച്ചു. പക്ഷെ "സ്ത്രീകൾക്കശിക്ഷിതപടുത്വമമാനുഷീഷുപ്യാകല്പ്യതേ പറവതെന്തിഹമാനുഷീഷു?" എന്നാണല്ലൊ ആപ്തവാക്യം. വിപദിധീരയും പ്രത്യുല്പന്നമതിയുമായിരുന്നു കാതെറൈൻ. വാസ്തവത്തിൽ ചതുരംഗപ്പോരിൽ ജയിച്ചതു തന്റെ പ്രിയതമൻ തന്നെ ആയിരുന്നു എന്നും അദ്ദേഹം തന്നോട് ഒരവസരത്തിലും കോപഭാവം പ്രദർശിപ്പിക്കാതിരുന്നതിനാൽ അതിന്റെ സ്വരൂപമെന്തായിരിക്കുമെന്നറിയുവാൻ വേണ്ടിയും അദ്ദേഹത്തിന്റെ സുഗ്രീവശാസനത്തിന് ഒരു സ്ത്രീ നിമിത്തം വല്ല വിഘാതവും നേരിടുന്നതാണൊ എന്നു പരീക്ഷിക്കുന്നതിനു വേണ്ടിയും താനത്തരത്തിലൊരു പൊടിക്കൈ പ്രയോഗിച്ചതാണെന്നും രാജ്ഞി പറഞ്ഞു ക്ഷമായാചനം ചെയ്തു; ഹെൻറിയുടെ കോപം ശമിച്ചു എന്നു മാത്രമല്ല കാതെറൈൻ അദ്ദേഹത്തിനു പൂൎവ്വാധികം പ്രേഷ്ഠയായും തീൎന്നു. ആ വിദ്യുജ്ജഗന്മോഹിനിക്ക് അജ്ഞാതമായിരുന്നതിനാൽ കൃഷ്ണദേവരായരെ വശീകരിക്കുവാൻ സാധിച്ചില്ല.

അങ്ങനെ ആ സ്ത്രീരത്നത്തിന്റെ ആയുഷ്കാലം ഒരു വിധവയുടെ നിലയിൽ കഴിഞ്ഞുകൂടി. "ബലീയസീകേവലമീശ്വരാജ്ഞാ" എന്ന് ആ ചാരിത്രവതിയോടൊപ്പം നമുക്കും ഓൎത്തു സമാധാനപ്പെടാം.

"നാസ്തംയാതിസദോദയാദ്രിശിഖരേ
തിഷ്ഠത്യരിക്ഷ്മാഭൃതാം
ഹസ്താബ്ജാനിനിമീലയത്യഗണയൻ
ലോകാൻസമാക്രാമതി
താപം ശത്രുഭൃതാമഹന്നിശമതീ-
വാപാദയത്യദ്ഭുതം
കൎണ്ണാടേശ്വര * കൃഷ്ണരായനൃപതേ-
സ്തീവ്രപ്രതാപാംശുമാൻ"

എന്നു കൃഷ്ണദേവരായരുടെ പ്രതാപത്തെ ഗോപപ്രഭു വൎണ്ണിച്ചിരിക്കുന്നതിൽ വലിയ അതിശയോക്തിയുടെ സ്പൎശമില്ല. രായർ തന്റെ

* മുദ്രിതപുസ്തകത്തിൽ കാണുന്ന 'ശ്രീകണ്ഠേശ്വര' എന്ന പാഠം അബദ്ധമാകുന്നു.

ജാംബവതീ കല്യാണനാടകത്തിന്റെ അവസാനത്തിൽ ശ്രീകൃഷ്ണനെ കൊണ്ടു ബ്രഹ്മാവിനോട്

"ഭുവിജനപരിവാദോവാരിതോരത്നലാഭാ-
ദ്വരകുലഗുണരൂപാവല്ലഭാഭ്രദിയഞ്ച
കിമിഹബഹുഭിരുക്തൈസ്ത്വഞ്ചദുഷ്ടാസിസാക്ഷാ-
ദകൃതകവചനാനാമാദിമസ്സമ്പ്രദായഃ"

പറയിക്കുന്നുണ്ട്. "വരകുലഗുണരൂപയായ ഈ വല്ലഭയെ അദ്ദേഹം ഇത്ര നിർദ്ദയമായി പരിത്യജിക്കുന്നതിനു ചരിത്രം പര്യാപ്തമായ വല്ല കാരണവും കണ്ടുപിടിക്കുന്നതുവരെ അദ്ദേഹത്തിന്റെ പ്രതാപാംശുമാനിൽ അത് അതി സൂക്ഷ്മമെങ്കിലും അസംപ്രേക്ഷ്യമല്ലാത്ത ഒരു കളങ്കമായിത്തന്നെ നിലനില്ക്കുന്നതാണ്.

ഈ കൃഷ്ണദേവനാണ് നമ്മുടെ കേരളോല്പത്തിക്കാരന്റെ കൃഷ്ണദേവരായർ. ഇദ്ദേഹം തന്റെ ദിഗ്വിജയയാത്രയിൽ കന്യാകുമാരി സന്ദർശിച്ചിട്ടുണ്ട്.

## * സ്ഥിതപ്രജ്ഞൻ.

(കണ്ടൂർ നാരായണമേനോൻ ബി. എ.)

(ഗാഥ.)

പാർത്ഥൻ ചോദിച്ചു;- സമാധിസ്ഥനാം സ്ഥിത
പ്രജ്ഞന്നടയാളമെന്തു കൃഷ്ണ!
പ്രജ്ഞയുറച്ചവനെന്തോതിടുമെങ്ങു
പോയിടുമേതൊരിടത്തു നില്ക്കും?
ഉത്തരമോതി ഭഗവാൻ:— കൊതിയൊക്കെ
ചിത്തത്തിൽ നിന്നെപ്പോൾ സന്ത്യജിപ്പൂ!!
അത്തവ്വിലാത്മാവിലാത്മസന്തുഷ്ടനാ-
മർത്ത്യൻ സ്ഥിതപ്രജ്ഞനെന്നു ചൊല്വൂ
അല്ലലിലുള്ളുഴലാത്തോൻ സുഖങ്ങളി-
ലെല്ലാമുദാസീനനായിരിപ്പോൻ

* ഗീതയിൽനിന്നു തർജ്ജമ.

തെല്ലുമേരാഗവും പേടിയും കോപവു
മില്ലാത്തവൻ സ്ഥിതധീമുനീന്ദ്രൻ

ഒന്നിലുമെങ്ങുമേ സ്നേഹമില്ലാതെയാ-
യെന്നും ശുഭത്തെ യശുഭത്തേയും

വന്നാൽ കൊണ്ടാട്കയില്ലവെറുക്കകി-
ല്ലെന്നായോൻ പ്രജ്ഞയുറച്ചിരിപ്പോൻ

ആമതാനെങ്ങിനെ കൈകാൽ തലകളെ
ആമട്ടിലിന്ദ്രിയ മഞ്ചിനേയും

ആർ? പിൻവലിപ്പൂ വിഷയങ്ങളിൽനിന്നു-
മായവൻ പ്രജ്ഞയുറച്ചിരിപ്പോൻ

ആഹാരമററദേഹിക്കു വിഷയങ്ങ-
ളാകെയൊഴിയും രസമോ,നില്ക്കും

ആ രസംകൂടെയകന്നുപോകും പര-
മാത്മാവെ നേരിട്ടുകാണുന്നേരം

നിത്ത്യവാനെത്രശ്രമിക്കലും നില്ക്കാതെ
നിത്ത്യവും ക്ഷോഭിക്കുമിന്ദ്രിയങ്ങൾ

ബുദ്ധിമാനായപുരുഷൻെറ കൂടെയും
ചിത്തംബലത്താൽ ഹരിച്ചീടുന്നു

എപ്പേരുമായ തടക്കീട്ടുയോഗത്തെ
മല്പരനായിട്ടനുഷ്ഠിക്കേണം

എപ്പോഴുമിന്ദ്രിയമെല്ലാം വശത്തായൊ
രപ്പുമാൻ പ്രജ്ഞയുറച്ചിരിപ്പോൻ.

ആരുവിഷയങ്ങളോർപ്പോനവനുണ്ടായ്
തീരുന്നു സംഗമവയിലെല്ലാം

ചേരുന്നു കാമമസ്സംഗത്താൽ കോപത്തിൻ
വേരായ്വരുന്നിതുകാമംപിന്നെ

ഉണ്ടാകും കോപത്താൽ സമ്മോഹം സമ്മോഹ
മുണ്ടായവന്നോർമ്മവിട്ടുപോകും

ഓർമ്മവിട്ടീടുകിൽ ബുദ്ധിയും കെട്ടീടു-
മൊത്തീടും നാശമബ്ബുദ്ധികെട്ടാൽ

കാമവും ദ്വേഷവും കൈവിട്ടുതൻപാട്ടി-
ലാമിന്ദ്രിയങ്ങളാൽ വിഷയമെല്ലാം

കാമംഭുജിക്കും മനസ്സുവശപ്പെട്ട-
ധീമാൻ പ്രസാദത്തെ പ്രാപിക്കുന്നു.

എത്തിടുമാപ്രസാദത്താലവനുടൻ
നത്തലശേഷവും വിട്ടൊഴിയും

ചിത്തംപ്രസന്നമായുള്ളവനപ്പോഴെ
ബുദ്ധിയിളകാതുറച്ചുനില്ക്കും.

അന്തഃകരണം വശപ്പെടാത്തോനില്ല
ചിന്തിയ്ക്കിൽ ബുദ്ധിയും ഭാവനയും

ശാന്തിയുണ്ടാവില്ല ഭാവനവിട്ടോനു
ശാന്തിയില്ലാത്തവനെന്തുസൗഖ്യം?

ചേതസ്സുചെന്നു ചരിച്ചീടുമിന്ദ്രിയ-
മേതിനോടൊന്നിച്ചു നിന്നീടുന്നു?

ഓതാമതുക്കാൽ ഹരിച്ചീടുംപ്രജ്ഞയെ
നീർതന്നിൽ വഞ്ചിയെകാററുപോലെ

ആയതിനാലിന്ദ്രിയങ്ങൾ മഹാബാഹു-
വായസഖെ! വിഷയത്തിലെങ്ങും

പോയിടാതേവൻ പിടിച്ചടക്കീടുന്നി
തായവൻ പ്രജ്ഞയുറച്ചിരിപ്പോൻ

എല്ലാക്കും രാത്രിയായുള്ളതിൽ സംയമി
യുല്ലാസമോടുമുണർന്നിരിപ്പൂ!!

എല്ലാരുമേതിലുണരുന്നിതായതാ-
ണല്ലോനേർകാണും മുനിയ്ക്കുരാത്രി

സന്തതം പൂർണ്ണമായ് ചാഞ്ചല്യമററുള്ള
സിന്ധുവിലാറുകൾപോലെവങ്കൽ

അന്തമററുള്ളോരു കാമങ്ങൾചേരുന്നു
ശാന്തനവൻ; കാമകാമിയല്ല.

കാമങ്ങളൊക്കെക്കളഞ്ഞെനിസ്പൃഹ
നായ് മന്നിലേതുപുമാൻനടപ്പൂ!

നിർമ്മമനായഹങ്കാരമകന്നുള്ളോ-
നമ്മഹാൻ ശാന്തിയണഞ്ഞിടുന്നു
ബ്രാഹ്മിസ്ഥിതിയിതിതുപാത്ഥ കൈവന്നു
കാൺമോനൊരിക്കലും മോഹിക്കില്ല.
തൻമരണത്തിലുമീനിലകിട്ടിയോൻ
ബ്രഹ്മനിർവ്വാണനിലയിലെത്തും.

## സാഹിത്യലക്ഷണമനാഖ്യേയമോ?

(ശിരോമണി പി. കൃഷ്ണൻനായർ)

പൌരസ്ത്യരും പാശ്ചാത്യരും സാഹിത്യത്തെ വിഷയമാക്കി ശാസ്ത്രരീതിയിൽ അഥവാ നിരൂപണരീതിയിൽ പരശ്ശതം ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളതായും; ആവക ഗ്രന്ഥങ്ങളിൽ പലതിലും സാഹിത്യത്തിനുള്ള സാമാന്യലക്ഷണമെന്തെന്നു നിർദ്ദേശിച്ചിട്ടുള്ളതായുമറിയുന്നുണ്ട്. പൌരസ്ത്യരുടെ സാഹിത്യലക്ഷണങ്ങൾ പലതും പരസ്പരം ഭിന്നങ്ങളായി യഥാശ്രുതരീതിക്കു തോന്നാമെങ്കിലും സൂക്ഷ്മമായി പര്യാലോചിച്ചു നോക്കുന്നപക്ഷം, അവയ്യെല്ലാറ്റിന്റെയും പായ്യന്തികമായ അത്ഥം— താൽപയ്യം— ഒന്നുതന്നെയാണെന്നു കാണ്മാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ടാണ് ഞാനെൻെറ "സാഹിത്യനിർവ്വചനചർച്ച"യിൽ ഭാമഹൻ തുടങ്ങി പണ്ഡിതരാജൻ വരെയുള്ള ആലങ്കാരികന്മാർ പലരുടെയും ലക്ഷണങ്ങൾക്കു ഐകകണ്ഠ്യം ഉപപാദിപ്പാൻ യഥാശക്തി ശ്രമിച്ചിരിക്കുന്നതു്. എന്നാൽ പാശ്ചാത്യരുടെ ലക്ഷണങ്ങളെ സംബന്ധിച്ചേടത്തോളം അത്തരം ഐകകണ്ഠ്യ സമ്പാദനം സാദ്ധ്യമാണെന്നു പറവാൻ എനിക്കു ധൈയ്യമില്ല. എന്തിനു, പാശ്ചാത്യരുടെ നിർവ്വചനങ്ങളിൽ പലതും സചൂപകഥനമാത്രപരമായ ഒരുവക സാഹിത്യസ്തോത്രമല്ലാതെ ലക്ഷണമാവുമെന്നോ എനിക്കഭിപ്രായമില്ല. നോക്കുക: —

"കവിത ജീവിതത്തിൻെറ വിമശനമാണ്. ആത്മാവിൻെറ ബഹിഃസ്ഫുരണമാണ്; വ്യക്തിത്വത്തിൻെറ പ്രകടനമാണ്; വികാര

ത്തിൻെറ പ്രകാശനമാണ്; വിചാരത്തിൻെറ പ്രപഞ്ചനമാണ്; ചിന്തയുടെ സന്താനമാണ്; ഭാവനയുടെ സന്തതിയാണ്; മനസ്സംസ്കാരത്തിൻെറ പ്രതിഫലനമാണ്; പ്രകൃതിയുടെ പ്രതിബിംബമാണ്; ഉൽകൃഷ്ടജ്ഞാനത്തിൻെറ സാരസർവ്വസ്വമാണ്; സൌന്ദര്യത്തിൻെറ സങ്കേതമാണ്; സത്യത്തിൻെറ നിധാനമാണ്; സന്മാർഗ്ഗത്തിൻെറ നിദർശനമാണ്; സദാചാരത്തിൻെറ പ്രദർശനമാണ്; പ്രകൃഷ്ടമായ ചിത്രമാണ്; പ്രസ്പുടമായ സംഗീതമാണ്; പ്രബുദ്ധമായ മനോധർമ്മമാണ്" എന്നി ജാതിയിൽ കാണുന്നവ സാഹിത്യദേവതയുടെ ഒരുതരം ഗുണകീർത്തനമല്ലാതെ സാഹിത്യത്തിൻെറ ലക്ഷണമാണെന്നു വിചാരിക്കാമോ? "ലോകത്തിലെ, പറന്നുപായുന്ന ആവിപടലത്തിൽ നിന്നും മനുഷ്യസാധാരണമായ പരിപൂർണ്ണതയോടുകൂടി ഒരു പ്രതിബിംബം രൂപവൽകരിക്കാനുള്ള ഉദ്യമമാണ് കവിത" എന്നുകൂടി, W. B. ഈററ്സ് എന്ന ഒരു ഐറിഷ്കവി കവിതയ്ക്കു ലക്ഷണം പറഞ്ഞിട്ടുണ്ട്. ഇതിലും എത്രയോ ഭേദം, സെൻറ് ആഗസ്റ്റിൻ പറഞ്ഞതുപോലെ, "ചോദിച്ചില്ലെങ്കിൽ എനിക്കറിയാം ചോദിച്ചാൽ അറികയില്ല" എന്നു തുറന്നു പറകതന്നെയല്ലേ? നിഷ്ഫലവുമസംബന്ധവുമായ വിധത്തിൽ ലക്ഷണാവൃത്തിയെ—അഥവാ, ഇന്നത്തെ പുത്തൻകൂററുകാരിൽ ചിലർ "മിസ്റ്റിസിസം" എന്ന പേരിൽ ഭ്രമിച്ചാദരിച്ചുവരുന്ന ഒരുവക ദുർവൃത്തിയെ—അവലംബിച്ചു പ്രയോഗിക്കുന്ന ഈവക വാഗ്ജാലം ലക്ഷണമായിട്ടല്ല അവലക്ഷണമായിട്ടാണ് എനിക്കു തോന്നുന്നത്. പക്ഷേ, അതെൻെറ അജ്ഞതകൊണ്ടോ അസഹൃദയത്വംകൊണ്ടോ ആയിരിക്കാം. അല്ലെന്നു പറയുന്നില്ല. ഏതായാലും ആ മറിമായമൊന്നുമെനിക്കു മനസ്സിലാവുന്നില്ല. അതെങ്ങിനെയെങ്കിലുമാകട്ടെ, കവിത ജീവിതത്തിൻെറ വിമർശനമോ വ്യാഖ്യാനമോ ആണെന്നു പറയുന്നതിൽ തെറെറന്താണ്? അതല്ലേ വാസ്തവം? എന്നു ചിലക്കു തോന്നിയേക്കാം. എന്നാൽ "മാത്യൂ ആർണാൾഡി"ൻെറ നിർദ്ദേശപ്രകാരം സർവ്വഥാ കവിത ജീവിത വിമർശനമാകയില്ലെന്നോ അതിൽ ജീവിതവിമർശനത്തിനു പ്രസക്തിയില്ലെന്നോ ഞാൻ പറയുന്നില്ല; പക്ഷേ, അതു കവിതാസാമാന്യലക്ഷണമാകയില്ലെന്നു മാത്രം. കവിതജീവിതത്തിൻെറ വിമർശനമോ വ്യാഖ്യാനമോ ആണെന്നുവരികിൽ—

"സൌമിത്രേ പമ്പശോഭിപ്പൂ വൈഡൂര്യത്തെളിനീരുമായ്
പത്മോൽപലം വിരിഞ്ഞൊത്തു നാനാവൃക്ഷങ്ങളും ചേർന്നതായ്"

സൌമിത്രേ, കാൺകകാഴ്ചക്കു നല്ല പമ്പാവനത്തെ നീ
സശൃംഗമട്ടിൽശ്ശോഭിപ്പു-തിങ്ങുകുന്നെതിർ ശാഖികൾ".

(വാല്മീകി രാമായണം)

ഇക്കാർമേഘങ്ങൾ തിങ്ങിക്കൊടിമുടികളിരുണ്ടിട്ടിതാ തെല്ലതെക്കായ്
നില്ക്കുന്നു വിണ്ടഗോദാവരി നദിയിൽ മുഴങ്ങീടുമപ്പർവ്വതങ്ങൾ
ഉൽക്കോട്ടം തമ്മിൽമുട്ടിത്തിരനിരചിതറിക്കൊണ്ടു കണ്ടുള്ളതാമി-
ട്ടിക്കിൽപ്പുണ്യങ്ങളാമപ്പുഴകളുമതിഘോഷേണ ചേരുന്നുഘോരം".

(ഉത്തരരാമചരിതം)

"മലമാമുടിവിട്ടു കുത്തനെ
ബ്ബലമാർന്നിണ്ണു തകന്നു പിന്നെയും
പലപാറകളിൽത്തിരിഞ്ഞടി-
ച്ചലറിക്കൊണ്ടൊഴുകുന്നിതാറുകൾ"

"പകലത്രയുമസ്തമിച്ചു പോയ്
പകരം സന്ധ്യയണഞ്ഞു സാമ്പ്രതം
പകരുന്നു വിചിത്രദീധിതി-
പ്രകരം വാനിലുമീവനത്തിലും".

(ആരണ്യകൻെറ ആത്മഗതം)

ഇത്യാദി സരസ്സുകളുടേയും സരിത്തുകളുടേയും പർവ്വതങ്ങളുടേയും നിർഝരങ്ങളുടേയും മററും വർണ്ണനം കവിതയല്ലെന്നാവില്ലേ; മല ചോല മുതലായ നിർജ്ജീവവസ്തുക്കളുടെ വർണ്ണനം ജീവിതവിമർശമല്ലല്ലോ. അഥവാ നദിയും പർവ്വതവും കണ്ടാനന്ദിക്കുന്ന കവി നിബന്ധ കൎത്താവിൻെറ ജീവിതത്തെ സംബന്ധിച്ചുള്ള വർണ്ണനം—ഒരു വിവരണം—തന്നെയാണീവകയെന്നു പറയുന്നുവെങ്കിൽ—

"മാവും പിലാവും പുളിയും കരിമ്പും
തെങ്ങും ഫലം തിങ്ങുമിളംകവുങ്ങും-
നിറഞ്ഞഹോ സസ്യലതാസ്യമായ
വീടൊന്നിതാ മുന്നിൽ വിളങ്ങിടുന്നു".

"കടിഞ്ഞിൽ കാച്ചീടിന കയ്യവള്ളി
കടന്നിടും വേലികളാൽ മറഞ്ഞും
നേത്രാഭിരാമം ഗൃഹമോലമേഞ്ഞും
വൃക്ഷച്ഛടച്ഛായയിൽ നിന്നിടുന്നു".

(ഗ്രാമീണകന്യക)

"മരങ്ങൾതൻ പച്ചില പല്ലവങ്ങൾ
പുഷ്പങ്ങൾ പുല്ലെന്നിവയിങ്കൽ മുറ്റും
ഇപ്പോക്ക വെയിലേല്ക്കുകയാൽ വിചിത്ര
വർണ്ണത്തൊടി ക്കുന്നുവിളങ്ങിടുന്നു".

"ഇപ്പവൃത്തത്തിൻ ചെരുവിങ്കലായി-
ട്ടിതാ മഹത്താം ഗൃഹമൊന്നുകാൺമൂ
ഇതിന്നു പുത്തുള്ള ചെടിപ്പടപ്പ്
മേല്ക്കൂട്ടിയായ്ത്താൻ വിലസുന്നമീതെ"

(ഒരു ദിനാന്തസഞ്ചാരം)

"മാറിത്തുടങ്ങി നിറമതാകുങ്കുമ-
ച്ചാറു സൌവർണ്ണദ്രവമായ്ത്തീന്നു
ചക്രവാളാഗ്രത്തിൽ പ്രത്യഗ്രജ്യോതിസ്സിൻ
പ്രക്രമമേതോ പരിസ്സരിപ്പൂ
മഞ്ഞയും ചോപ്പും വെളുപ്പും കറുപ്പുമായ്
രംജിച്ചു മേവിടുമാപ്രദേശം
ആകവേ ഹാരിദ്രവാരിയിലാറാടി
ലോകമനോഹരമായ്ലസിപ്പൂ".

(കന്യാകുമാരിയിലെ സൂര്യോദയം)

എന്നിങ്ങിനെ, അചേതനപദാത്ഥങ്ങളായ ഗൃഹം, കുന്നു, ഗൃഹ, ചക്രവാളം എന്നിവയെ കവി സ്വയം വർണ്ണിക്കുന്നതിൽ കവി നിബദ്ധവക്തൃജീവിതത്തിന്റെ വിമശ്ശത്തിന്ന പ്രസക്തിയില്ലായ്കയാൽ ലക്ഷണം ഘടിക്കുന്നതെങ്ങിനെ?

ഈവക കവിത സാക്ഷാൽ ജീവിതവിമശ്മല്ലെങ്കിലും സഹായനിലയിൽ അതിൽതന്നെയാണ് പയ്യവസാനിക്കുന്നതെന്നും ആകയാൽ പരമ്പരയാ ജീവിതവിമശ്രൂപമാകകൊണ്ടു ലക്ഷണം യോജിക്കുന്നുണ്ടെന്നും ശഠിക്കുന്നതായാൽ, ഈ ലോകത്തിലുള്ള സവ്വവസ്തുക്കളും പരമ്പരയാ ജീവിതമശ്ശത്തിന്നുപകരിക്കുന്നവയാകകൊണ്ടു കവിതയല്ലാത്ത ഒരു വസ്തുവും ഈ ലോകത്തിലില്ലെന്നു സമ്മതിക്കേണ്ടിവരും. പക്ഷേ, ഉദ്ധരിച്ചു കാണിച്ച പ്രകാരം പ്രത്യേകം ചില പദ്യങ്ങളിലോ വാക്യങ്ങളിലോ ജീവിതവിമശനമെന്ന ലക്ഷണത്തിന്നു പ്രസക്തിയില്ലെങ്കിലും തദ്വിശിഷ്ടമായ കാവ്യം ജീവിതവിമശം തന്നെയെന്നു പറഞ്ഞൊഴിഞ്ഞു പോകാനും വഴികാണുന്നില്ല അങ്ങിനെയാണെങ്കിൽ—

"കട്ടം തുടുപ്പേന്തിയിളം ചുകപ്പിയ-
ന്നെട്ടത്തു പൊന്‍പൂച്ചുഥ പിച്ചകാഭമായ്
അട്ടത്തു പൈമ്പാലൊളിപൂണ്ടുമന്ദമാ-
ന്നിട്ടുന്നു വാനിന്‍ നടുവിന്ദുമണ്ഡലം".

ഇത്യാദി ശ്ലോകങ്ങള്‍ കവിതയല്ലെന്നാവും. അതു അഭിജ്ഞന്മാര്‍ സമ്മതിക്കുമോ?

ഇനി പ്രകൃതിയുടെ വിചിത്രങ്ങളായ സൌന്ദര്യവിലാസങ്ങളോ മനുഷ്യരുടെ വിവിധങ്ങളായ ചേഷ്ടാവിശേഷങ്ങളോ കവി നേരിട്ടോ സങ്കല്പദൃഷ്ടികൊണ്ടോ കാണുമ്പോള്‍ തന്റെ മനസ്സിലുണ്ടാകുന്ന വികാരവിശേഷങ്ങളെ അതേവിധം അന്യനെ ബോധിപ്പിക്കുകയാണല്ലോ കവിതയെക്കൊണ്ടു ചെയ്യുന്നതു്. അതുകൊണ്ടു കവിത ജീവിതത്തിന്റെ വിമര്‍ശനമെന്നോ വ്യാഖ്യാനമെന്നോ പ്രതിപാദനമെന്നോ പ്രകാശനമെന്നോ പറയുന്നതില്‍ തെറ്റില്ല എന്നാണു വിചാരമെങ്കില്‍. അതൊരുവിധം ശരിയാണെന്നു പറയാം. എന്നാല്‍ ഈ സ്ഥിതിക്കു കവിയുടെ എന്നുവേണ്ട, ഏതൊരു ജീവിയുടേയും വ്യാപാരങ്ങളൊക്കയും പ്രായേണ ജീവിതപ്രകാരമായ മനോഭാവത്തിന്റെ ഒരുതരം വിമര്‍ശനമോ വ്യാഖ്യാനമോ പ്രകാശനമോ ആണെന്നു പറയാം. അതുകൊണ്ടു അവയും കവിതയാണെന്നാവും. ഒരു പശുകിടാവിനെ കാണാതെ തുടരെത്തുടരെ 'ഇംബാ'ശബ്ദം പുറപ്പെടുവിക്കുന്നതും ഒരു നായ തന്റെ സ്വാമിയെക്കാണുമ്പോള്‍ വാലാട്ടി ചില ചേഷ്ട കാണിക്കുന്നതും ശത്രുവിനെക്കാണുമ്പോള്‍ കുരച്ചു ചാടുന്നതും മറ്റും മനോഭാവമായ ജീവിതപ്രകാരത്തിന്റെ ഒരുവക പ്രതിപാദനംതന്നെയല്ലെന്നു പറയാമോ? അവയും കവിതയാവുമല്ലോ! എന്നാല്‍

"മാനംചേന്ന ഭടന്റെ മിന്നല്‍ ചിതറും കൈവാളിളക്കത്തിലും
മാനഞ്ചും മിഴിതന്‍ മനോരമണനില്‍ച്ചായുന്ന കണ്‍കോണിലും
സാനന്ദം വിളയാടിടുന്ന ശിശുവിന്‍ തുവേറ്റുണിപ്പുങ്കവിള്‍
സ്ഥാനത്തും നിഴലിച്ചുകാണ്മു കവിതേനിന്‍ മഞ്ജുരൂപത്തെ ഞാന്‍".
"ചേറാണ്ടുള്ള കൃഷീവലന്റെ ചുമലില്‍ച്ചായും നുകത്തണ്ടിലും
താറാവിന്റെ നടപ്പിലും തടിയനാം പോക്കിന്‍ കിടപ്പിങ്കലും
മാറാപ്പേന്തിന ഭിക്ഷുവിന്‍ നിലയിലും നാനാവിധാകാരമാം
മാറാഫന്ത! വിളങ്ങിടുന്നു കവിതേ, നിന്‍ കാല്ക്കുതാവന്ദനം".

എന്നിങ്ങിനെ മഹാകവി വള്ളത്തോളും മറ്റും പറഞ്ഞിട്ടുണ്ടു

ല്ലോ എന്നും വിചാരിക്കേണ്ട. ഈവക വസ്തുക്കളും ഉചിതനിബന്ധനവശാൽ രാമണീയകയോഗം നിമിത്തം കവിതയാകാമെന്നേ താദൃശസൂക്തിക്കു താൽപര്യമുള്ളു; അല്ലാതെ ഇവയൊക്കെയും കവിതയാണെന്നോ ഇവയിൽ കവിത കയറിയിരിക്കുന്നുണ്ടെന്നോ അർത്ഥമില്ല.

അഥവാ, "ജീവിതവിമർശനം എന്നതിലെ വിമർശനശബ്ദംകൊണ്ടു വിവക്ഷിച്ചിരിക്കുന്ന അർത്ഥം വെറും ബോധനമല്ല, തദ്വാരാ വികാരോൽപാദനമാണ്" എന്നു നിഷ്കർഷിക്കുന്നതുകൊണ്ടും ഫലമുണ്ടെന്നു തോന്നുന്നില്ല. മുൻപറഞ്ഞ പരദ്വാരിചേഷ്ടകൾ കാണുമ്പോൾ ഏതൊരു സഹൃദയന്റെയും ഹൃദയത്തിൽ ചില വികാരങ്ങൾ ഉണ്ടാവാമല്ലോ. പരദുഃഖത്തിന്റെയും പരസന്തോഷത്തിന്റെയും സാക്ഷാൽകാരത്തിൽ ദുഃഖവും സുഖവും തോന്നുക സഹൃദയസാധാരണമല്ലേ? കവിയുടെ ജീവിതവിമർശനമാണ് കവിത, ജീവിസാമാന്യത്തിന്റെയല്ല" എന്നു സിദ്ധാന്തിക്കുന്നതും അനർത്ഥമായിരിക്കും. ജിജ്ഞാസുവിന്നു കവിതാജ്ഞാനമുണ്ടാകണമെങ്കിൽ കവിശബ്ദാർത്ഥജ്ഞാനവും അതുണ്ടാവണമെങ്കിൽ കവിതാജ്ഞാനവും ആവശ്യകമാകയാൽ അന്യോന്യാശ്രയദുഷ്ടമായ താദൃശവാക്യം ലക്ഷണമേ ആവുകയില്ല. കവിയെന്നാൽ ആര്? കവിത നിർമ്മിക്കുന്നവൻ. കവിതയെന്നാലോ കവി നിർമ്മിക്കുന്നത്. എന്നു പറയുന്നതുകൊണ്ടു വല്ല ഫലവുമുണ്ടോ? ഇതുതന്നെയല്ലേ പ്രസ്തുത വാക്യത്തിന്റെ സ്ഥിതിയും. കവിപദാർത്ഥജ്ഞാനംകൂടാതെ തദ്ഘടിതമായ വാക്യാർത്ഥത്തിന്റെ ജ്ഞാനമുണ്ടാവുമോ? വാക്യാർത്ഥജ്ഞാനത്തിന്നു പദാർത്ഥജ്ഞാനകാരണമാണല്ലോ. ആകയാൽ കവിശബ്ദഘടിതമായ കവിതാലക്ഷണം കാര്യകാരിയല്ല. ഈ സംഗതി ലൌകികമായ ഒരു ഉദാഹരണംകൊണ്ടു കുറച്ചുകൂടി വ്യക്തമാക്കാം. ഒരാൾ ഒരു പുസ്തകം കടല്പുറയിൽ മണൽപുറത്തുവെച്ചു മറന്നുപോകയാൽ ആയാളുടെ ശിഷ്യനോടു അതെടുത്തുകൊണ്ടുവരുവാൻ പറഞ്ഞുവെന്നു വെക്കുക. പുസ്തകം ചെന്നെടുത്തുകൊണ്ടു വരുന്നതിന്നു സ്ഥലനിശ്ചയമാവശ്യമാകകൊണ്ടു ഉടനെ ജിജ്ഞാസുവായ ശിഷ്യൻ ചോദിക്കുക "ഏതു സ്ഥലത്തുവെച്ചാണ് മറന്നിരിക്കുന്നതു എന്നായിരിക്കും അതിന്നു ആയാൾ പറയുന്ന ഉത്തരം "വായിച്ചുകൊണ്ടിരുന്ന സ്ഥലത്തു്" എന്നാണെങ്കിൽ, ഏതു സ്ഥലത്താണ് വായിച്ചുകൊണ്ടിരുന്നതു? എന്നു വീണ്ടും ശിഷ്യനു ചോദിക്കേണ്ടതായിരിക്കും അതിനുള്ള ഉത്തരം "പുസ്തകം വെച്ചു മറന്ന സ്ഥലത്തു" എന്നാണെങ്കിൽ അതിൽനിന്നു ശിഷ്യനു എന്തുമനസ്സിലാക്കാൻ കഴിയും. സ്ഥലജ്ഞാനമുണ്ടാകാതെ ആ കാര്യം നി

ച്ഛിക്കാൻ ശിഷ്യനു സാദ്ധ്യമാണോ? പുസ്തകം വെച്ചു മറന്ന സ്ഥലമറിയണമെങ്കിൽ വായിച്ചുകൊണ്ടിരുന്ന സ്ഥലമറിയണം. വായിച്ചുകൊണ്ടിരുന്ന സ്ഥലമറിയണമെങ്കിൽ പുസ്തകം വെച്ചുമറന്ന സ്ഥലമറിയണം. ഇതാണ് അന്യോന്യാശ്രയമെന്നു പറയുന്നത്. ഇതു കാര്യകാരിയല്ലെന്നു തീർച്ചയല്ലേ? പോരെങ്കിൽ, "ഇതരേതരാശ്രയാണി ച കാര്യാണി ന പ്രകല്പന്തേ. നൗർന്നാവിബദ്ധാഃനതരത്രാണായ ഭവതി" എന്നു മഹാഭാഷ്യത്തിൽ പതഞ്ജലി മഹർഷി പറഞ്ഞിട്ടുണ്ടു്. ആകയാൽ കവിതാലക്ഷണത്തിൽ കവിശബ്ദം ഘടിപ്പിക്കുന്ന പക്ഷം ആ ലക്ഷണം അന്യോന്യാശ്രയദുഷ്ടമാവുന്നതുകൊണ്ടു നിർബ്ബാധമായ്ത്തീരും. ഇത്രയുംകൊണ്ടു ജീവിതത്തിന്റെ വ്യാഖ്യാനം വിമർശനം പ്രകാശനം എന്നിവയൊക്കെയും സ്വരൂപകഥനപരമല്ലാതെ കവിതയുടേയോ കാവ്യത്തിന്റേയോ ലക്ഷണമാകയില്ലെന്നു സ്പഷ്ടമായല്ലോ.

കവിത, ആത്മാവിന്റെ ബഹിഃസ്ഫുരണമാണ്, വ്യക്തിത്വത്തിന്റെ പ്രകടനമാണ്, മനോധർമ്മത്തിന്റെ പ്രപഞ്ചനമാണ് എന്നീവകയൊക്കയും മുൻപറഞ്ഞതിൽനിന്നു വ്യതിരിക്തമല്ലായ്കയാൽ പ്രത്യേകം എടുത്തു വിവരിക്കേണ്ടതായ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

എങ്കിലും, "നാം സ്വയമായൊരു സംഗതിയെക്കുറിച്ചാലോചിക്കുമ്പോൾ നമ്മുടെ ആത്മാവിന്റെ ഏതാനുമൊരംശം ആ ആലോചനയിലേക്കു കടന്നുകൂടുകയും അതു പ്രതിപാദനരീതിയിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നതുകൊണ്ട് എഴുതുന്നവരുടെ വ്യക്തിത്വം അവരവരുടെ എഴുത്തിൽ പ്രതിബിംബിക്കുക പതിവാണ്. അതാണ് ഓരോരുത്തരുടെ വാചകരീതിക്കു വ്യത്യാസം കാണുവാനുള്ള കാരണവും. ആകയാൽ കവിത, ആത്മാവിന്റെ ബഹിസ്ഫുരണമോ വ്യക്തിത്വത്തിന്റെ പ്രകടനമോ മനോധർമ്മത്തിന്റെ പ്രപഞ്ചനമോ ആണെന്നുള്ള യുക്തംതന്നെയാകുന്നു" എന്നിങ്ങിനെ അഭിപ്രായപ്പെട്ടുകൊണ്ടു താദൃശലക്ഷണങ്ങളുടെ സാധുത്വം സമർത്ഥിപ്പാൻ നമ്മുടെ ഇടയിൽ ചില വിമർശകന്മാർ തുനിഞ്ഞു കാണുന്നുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ആത്മാവിന്റെ ഒരംശം ആലോചനയിലേക്കു കടന്നുകൂടുന്നുണ്ടെന്നും അതു എഴുത്തുവഴിക്കു പുറത്തുപോകുന്നുണ്ടെന്നും വാദത്തിന്നുവേണ്ടി സമ്മതിക്കുകതന്നെ. അങ്ങിനെ എഴുത്തിൽക്കൂടി ആത്മാവിന്റെ അംശം ഒട്ടൊട്ടായി പുറത്തുപോകുന്നതുകൊണ്ടു കാലക്രമത്തിൽ ആത്മാവുതന്നെ ശരീരത്തിലില്ലാതാവാൻ അവകാശമുണ്ടല്ലോ; ആ അവസ്ഥയായിരിക്കാം മരണം! എന്നാൽ എഴുതാൻ അറിയാത്തവർക്കും മ

രണമുണ്ടല്ലോ? അവരുടെ വാക്കിൽ കൂടിയായിരിക്കാം ആത്മാംശനിഷ്ക്രമണം! അപ്പോൾ ലൌകികഭാഷണം കവിതയാവില്ലേ? ആട്ടെ; ഊമകളുടേയും മിണ്ടാപ്രാണികളുടേയും സ്ഥിതിയോ? അവരുടെ ചേഷ്ടകളിൽകൂടി ആയിരിക്കാമല്ലേ നിഷ്ക്രമണം? ഈ സ്ഥിതിക്കു ആവക ജീവികളുടെ ചേഷ്ടകളും മററും ആത്മാംശനിഷ്ക്രമണമാകയാൽ കവിതയോ കാവ്യമോ ആണെന്നു സമ്മതിക്കാമോ? അതുകൊണ്ട് ആത്മബഹിഷ്കരണം വ്യക്തിത്വപ്രകടനം എന്നിവയൊന്നും കാവ്യത്വസമനിയതമല്ലായ്കയാൽ ലക്ഷണമാകുമെന്നു ലക്ഷണസ്വഭാവമറിയുന്നവരാരും പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല.

കവിത ഭാഷയെക്കൊണ്ടുള്ള ജീവിതവ്യാഖ്യാനമോ ആത്മാവിഷ്കരണമോ വ്യക്തിത്വപ്രകാശനമോ മററൊ ആണെന്നു പറയുന്നതായാലും സംഭാഷണഭാഷയിൽ അതിപ്രസക്തി അപരിഹാർയ്യമാണ്. അതുപോലെ 'വികാരത്തിന്റെ പ്രകാശനം' എന്നതിനെ 'ഭാഷയെക്കൊണ്ടുള്ള വികാരോൽപാദനം' എന്നോ മററൊ പരിഷ്കരിക്കുന്നതായാലും നിർദ്ദോഷമായ ലക്ഷണമാവാൻ പ്രയാസമാണ്. 'നിങ്ങൾക്കു ഭാഗ്യക്കുറി കിട്ടിയിരിക്കുന്നു' ഇത്യാദി സന്തോഷവൃത്താന്തമോ, 'വഴിക്കു കാറുകയറി വരുക്ക പാറുകയാൽ നിങ്ങളുടെ അച്ഛനെ ആശുപത്രിക്കു കൊണ്ടുപോയിരിക്കുന്നു' ഇത്യാദി സന്താപവൃത്താന്തമോ പറഞ്ഞു കേൾക്കുമ്പോൾ ഏതൊരുത്തനാണ് സന്തോഷസന്താപവികാരങ്ങൾ ജനിക്കാത്തതു്? ഈവക ലൌകികവാക്യം കവിതയാവുമോ? അപമൃത്യുവിന്നു വിധേയനായ കുടുംബനാഥന്റെ കളത്രപുത്രാദികൾ ഒരോന്നു പറഞ്ഞു വിലപിക്കുന്നതു കേൾക്കുമ്പോൾ ഏതൊരു സചേതനനാണ് സഹതാപം തോന്നാതിരിക്കുക? താദൃശപ്രലപനവാക്യം കവിതയോ ഗദ്യകാവ്യമോ ആവുമോ? "ഇതാ ആനമദിച്ചോടിവരുന്നു; മാറികൊൾവിൻ" അയ്യോ എന്നെ കൊല്ലുന്നേ! രക്ഷിക്കണേ! രക്ഷിക്കണേ!" ഇത്യാദി കാർയ്യപരമായ ലൌകികവാക്യങ്ങൾക്കു കാവ്യത്വമുണ്ടോ? ഈ വകയെല്ലാം വികാരജനകങ്ങളാകയാൽ കവിതയാണെന്നാവുന്നതു കഷ്ടമല്ലേ? പക്ഷേ, വികാരപദം രസഭാവാദിപരമാണെന്നു പറയുന്നതുകൊണ്ടും ഗുണമില്ല. ശബ്ദാർത്ഥവൈചിത്ര്യമാത്രപ്രധാനമായ കാവ്യത്തിന്നു കാവ്യത്വമില്ലെന്നുവരും. ആ വകക്കു ന്യൂനത്വമല്ലാതെ കാവ്യത്വമില്ലെന്നു പറഞ്ഞുകൂടല്ലോ. ആകയാൽ ഈ വകയൊന്നും ലക്ഷണമാകയില്ലെന്നു സിദ്ധമാകുന്നു.

എന്നാൽ പാശ്ചാത്യപണ്ഡിതന്മാരുടെ സാഹിത്യനിർവ്വചനങ്ങ

ളൊക്കയും ഇത്തരത്തിൽ പെട്ടതാണെന്നു ഞാൻ വിചാരിക്കുന്നില്ല. വില്യം ഹെൻറി ഹഡ്സൻെറ (William Henry Hudson) ഇൻട്രഡക്ഷൻ ടു ദി സ്റ്റഡി ഓഫ് ലിട്ടറേക്ചർ (Intrudection to the study of Literature) എന്ന ഗ്രന്ഥത്തിലും, സി. ടി. വിഞ്ചെസ്റ്ററുടെ (C. T. Winchester) സം പ്രിൻസിപ്പ്ൾസ് ഓഫ് ലിട്ടറെറി ക്രിട്ടിസിസം (Some Principle of Literary Criticisum) എന്ന ഗ്രന്ഥത്തിലും പാശ്ചാത്യന്മാരുടെ പല സാഹിത്യലക്ഷണങ്ങളും ക്രോഡീകരിച്ചു എടുത്തുകാണിച്ചിട്ടുണ്ട്. അവരിൽ പലതും ഒരുതരം സാഹിത്യസ്തോത്രരൂപങ്ങളും ചിലതു കട്ടിതന്നെ വിചാരക്ഷമമാവാത്തവിധം അസംബന്ധങ്ങളും ആണെങ്കിലും സ്വല്പം ചിലതു നിഷ്കൃഷ്ടലക്ഷണമാവുന്നതിന്നു അർഹതയുള്ളതുതന്നെയാകുന്നുവെന്നാണ് എന്റെ അഭിപ്രായം. പക്ഷേ, പാശ്ചാത്യന്മാർക്കു ഭാരതീയർക്കെന്നപോലെ നിഷ്കൃഷ്ടമായ രീതിയിൽ ലക്ഷണം നിർമ്മിക്കുന്നതിലുള്ള സമ്പ്രദായം പരിചിതമല്ലാത്തതുകൊണ്ടു അവരുടെ ലക്ഷണങ്ങളിൽ പൌരസ്ത്യശാസ്ത്രീയദൃഷ്ട്യാ സ്വല്പം വല്ല ന്യൂനതയും കണ്ടേക്കാമെങ്കിലും അതു സംസ്കരിച്ചു തീർക്കാവുന്നതുമാണ്. "ഭാഷയെക്കൊണ്ടുള്ള വികാരോൽപാദനം" മെന്നതിലെ 'വികാര' പദം ചമൽകാരപദമാണെന്നു പൌരസ്ത്യസമ്പ്രദായത്തിൽ നിഷ്കർഷിക്കുന്നതായാൽ ആ ലക്ഷണം തന്നെ യുക്തമായിക്കൂടെന്നില്ല. എന്തിന്നു, * "യാതൊന്നിലെ വിഷയവും വിഷയപ്രതിപാദനപ്രകാരവും ജനസാമാന്യത്തിന്നു രഞ്ജകവും വർണ്ണവിന്യാസം ആഹ്ലാദജനകവുമായിരിക്കുന്നുവോ അതാണ് സാഹിത്യം" എന്നു ഹഡ്സൻെറ ലക്ഷണവും "രമണീയാർത്ഥപ്രതിപാദകശ്ശബ്ദഃ കാവ്യം" എന്നു പണ്ഡിതരാജന്റെ നിഷ്കൃഷ്ടലക്ഷണവും കാര്യത്തിൽ ഒന്നുതന്നെയാണല്ലോ.

ഈ അവസരത്തിൽ, "സാഹിത്യത്തിന്നു പലരും പല ലക്ഷണങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും അവരൊക്കയും യഥാരുചി സാഹിത്യത്തിന്റെ ഏതാനും ചില അംഗങ്ങളെ മാത്രം നിർദ്ദേശിച്ചു തൃപ്തിപ്പെട്ടിരിക്കയാണെന്നും അതുകൊണ്ടു ആ വകയൊന്നും പരിപൂർണ്ണമായ സാഹിത്യലക്ഷണമാവാൻ അവകാശമില്ലെന്നല്ല താദൃശലക്ഷണകരണം

* Literature is composed of those books and of those books only, which in the first place by reason of their subject matter and their made of treating it are of general human interest; and in which in the second place the clement of form and the pleasure which form gives are to be regarded as essential"

അശക്യമാകുന്നാൽ സാഹിത്യസാമാന്യലക്ഷണംതന്നെ അനിൎവ്വചനീയമാണെന്നും’’ ലക്ഷണകരണശാലീനമതികളായ പാശ്ചാത്യരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെന്ന കാൎയ്യം ഞാൻ വിസ്തരിക്കുന്നില്ല. അതിലെനിക്കു ആശ്ചൎയ്യവുമില്ല. എന്നാൽ; നമ്മുടെ ഇടയിലും ഉൽപതിഷ്ണുക്കളെന്നഭിമാനിക്കുന്ന ഇന്നത്തെ ചില വിമൎശകന്മാർ അങ്ങുമിങ്ങും നോക്കാതെ ഈത്തരം അഭിപ്രായത്തെ സിദ്ധാന്തമെന്നു കണ്ണടച്ചു വിശ്വസിച്ചുകൊണ്ടു പാശ്ചാത്യരുടേയും പൌരസ്ത്യരുടേയും സാഹിത്യനിൎവ്വചനങ്ങളെല്ലാം അന്ധഹസ്തിന്യായമാശ്രയിച്ചു പ്രവൃത്തിച്ചിട്ടുള്ളതാണെന്നും മറ്റും അടക്കി ആക്ഷേപിക്കുന്നതു കാണുമ്പോൾ ഈയുള്ളവനു ആശ്ചൎയ്യമല്ല അല്പം വൈമനസ്യംതന്നെ തോന്നുന്നുണ്ടെന്നുള്ള വാസ്തവം തുറന്നുപറയാതെ കഴികയില്ല’’.

“സാഹിത്യത്തിന്റെ സകലാംശങ്ങളും പരിപൂൎണ്ണമായ നിലയിൽ നിൎദ്ദേശിക്കയെന്നതു മനുഷ്യസാദ്ധ്യമാണോ? പ്രകൃതിയുടെ വിവിധങ്ങളായ സൌന്ദൎയ്യവിലാസങ്ങളും മനുഷ്യഹൃദയത്തിന്റെ സ്വഭാവവൈചിത്ര്യങ്ങളും വാസനാസമ്പന്നനായ കവിയുടെ പ്രസന്നമായ പ്രതിഭാവിശേഷത്തിൽ പ്രതിബിംബിച്ചു പ്രകാശിക്കുമ്പോൾ അവിടുണ്ടാകുന്ന ഗുണവിഭവങ്ങളും രാമണീയകവിശേഷങ്ങളും ഇന്നവിധത്തിലേ ആയിക്കൂടു എന്നില്ലായ്കയാൽ ഏതാനും വാക്കുകൊണ്ടു സാഹിത്യസ്വഭാവം വെളിവാക്കുവാനെങ്ങിനെ സാധിക്കും? ‘രമണീയാൎത്ഥപ്രതിപാദകമായ ശബ്ദസന്ദൎഭമാണു കാവ്യം’’ എന്ന ലക്ഷണത്തിൽ, സാഹിത്യസാരാംശമായ ജീവിതത്തിന്റെ വിമൎശനം, വ്യക്തിത്വത്തിന്റെ ബഹിഃസ്ഫുരണം, സത്യത്തിന്റെ സമാവിഷ്കരണം, സൌന്ദൎയ്യത്തിന്റെ സമുദ്ഘാടനം സദാചാരത്തിന്റെ സംസ്ഥാപനം, വിചാരത്തിന്റെ വിവരണം, വികാരത്തിന്റെ വിഭാവനം, മനോധൎമ്മത്തിന്റെ പ്രകടനം, പ്രതിഭാവിശേഷത്തിന്റെ പ്രകാശനം, പ്രകൃതിവിലാസത്തിന്റെ പ്രതിബിംബനം എന്നിവയെക്കുറിച്ചു വല്ലതും ശബ്ദിച്ചിട്ടുണ്ടോ? പിന്നെങ്ങിനെയാണ് ലക്ഷണം പരിപൂൎണ്ണമാവുക?’’ എന്നും മറ്റുമാണ് ഇക്കൂട്ടരുടെ വിചാരമെന്നു തോന്നുന്നു. എന്തുപറയട്ടെ, സാഹിത്യത്തിൽ ഏതെല്ലാം അംഗങ്ങളുണ്ടോ അതെല്ലാം എണ്ണിഎണ്ണിപ്പറയുക ലക്ഷണത്തിൽ ആവശ്യമില്ല. അങ്ങിനെയായാൽ അതു ലക്ഷണമാകയുമില്ല. ലക്ഷണമെന്നതു ലക്ഷ്യങ്ങളിലൊക്കെസ്സംഭവിക്കുന്നതും അലക്ഷ്യങ്ങളിൽ സംഭവിക്കാത്തതുമായ അസാധാരണ ധൎമ്മമാകുന്നു. അതായതു—ലക്ഷ്യതാവച്ഛേദകസമനിയതമായ ധൎമ്മം. ലക്ഷ്യതാവച്ഛേദകത്തി

ന്നു വ്യാപകമായും വ്യാപ്യമായുമിരിക്കുക എന്നതുതന്നെ ലക്ഷ്യതാവച്ഛേദകസമനിയതത്വം. ഉദാഹരണമായി, "പൃഥിവിഗന്ധവതീയാകുന്നു" എന്ന ലക്ഷണവാക്യമെടുക്കാം. ഈ വാക്യപ്രകാരം പൃഥിവിയുടെ ലക്ഷണം ഗന്ധവത്ത്വമാണെന്നായി. "വിശിഷ്ടാൽ ഭാവപ്രത്യയോ വിശേഷണമഭിസന്ധത്തേ" എന്ന ന്യായപ്രകാരം ഗന്ധവത്ത്വം ഗന്ധംതന്നെ പൃഥിവിധർമ്മമായ ഗന്ധം ലക്ഷ്യതാവച്ഛേദകസമനിയതമാകയാൽ ശരിയായ പൃഥിവിലക്ഷണമാകയും ചെയ്യും. പൃഥിവി, ലക്ഷ്യമാകയാൽ അതിൽ 'ലക്ഷ്യത' എന്ന ധർമ്മമുണ്ട്. അതിനാവച്ഛേദകം പൃഥിവീത്വമാണ്. പൃഥിവീനിഷ്ഠമായ ലക്ഷ്യതയെ അവച്ഛേദിക്കുന്നതു പൃഥിവീത്വമാണല്ലോ. ലക്ഷ്യതാവച്ഛേദകമായ പൃഥിവീത്വത്തിന്നു ഗന്ധം സമനിയതമാണുതാനും. സമനിയതത്വമെന്നതു തദ്വ്യാപകത്വമുണ്ടായിരിക്കെ, തദ്വ്യാപ്യത്വമാണെന്നു മുമ്പു നിർദ്ദേശിച്ചുവല്ലോ. എവിടെ പൃഥിവീത്വമുണ്ടോ അവിടെയൊക്കെ ഗന്ധവുമുണ്ട്. അതുകൊണ്ടു ഗന്ധം പൃഥിവീത്വവ്യാപകമായി. എവിടെ ഗന്ധമുണ്ടോ അവിടെയൊക്കെ പൃഥിവീത്വമുണ്ട്. അതിനാൽ ഗന്ധം പൃഥിവീത്വവ്യാപ്യമാണ്. വ്യാപകം അധികദേശവത്തിയും വ്യാപ്യം ന്യൂനദേശവത്തിയും ആകുന്നു.

"വ്യാപ്യസ്യവചനംപൂർവ്വം വ്യാപകസ്യതതഃപരം"

എന്ന നയപ്രകാരം വ്യാപ്യം മുമ്പിലും വ്യാപകം പിമ്പിലുമായിട്ടാണ് പ്രയോഗിക്കുക. മുമ്പിലും പിമ്പിലും ഐച്ഛികരീതിയിൽ പ്രയോഗിച്ചാലും യോജിക്കുന്നതുമാത്രം സമനിയതം. 'എവിടെ ധൂമമുണ്ടോ അവിടെ അഗ്നിയുണ്ടു' എന്നല്ലാതെ 'എവിടെ അഗ്നിയുണ്ടോ അവിടെ ധൂമമുണ്ടു' എന്നു പറയാമോ? തീയുള്ളേടത്തെല്ലാം പുകയുണ്ടാവണമെന്നില്ലല്ലോ. ആകയാൽ ധൂമം വഹ്നിക്കു വ്യാപ്യം; വഹ്നി ധൂമത്തിന്നു വ്യാപകം. അല്ലാതെ അവയ്ക്കു സമനിയതത്വമില്ല. എവഞ്ചഗന്ധം ലക്ഷ്യതാവച്ഛേദകമായ പൃഥിവീത്വത്തിന്നു സമനിയതമാകയാൽ പൃഥിവിക്കു ലക്ഷണമാകുന്നു. അതുപോലെ ലക്ഷ്യതാവച്ഛേദകമായ സാഹിത്യത്വത്തിന്നു സമനിയതമായ എതാനുമൊരു ധർമ്മം എതെന്നു കണ്ടുപിടിക്കേണ്ട പണിയേ ലക്ഷണകാരന്നുള്ളു. അല്ലാതെ സാഹിത്യത്തിനുള്ള ധർമ്മങ്ങളെല്ലാം ഓരോന്നായി എടുത്തു പറയേണ്ട ആവശ്യമില്ല. അങ്ങിനെ ചെയ്താൽ അതു ലക്ഷണമാകയുമില്ല. ഇത്രയും പറഞ്ഞതിൽനിന്നു എതൊന്നിന്റെയും അസാധാരണധർമ്മം അതതിന്നു ലക്ഷണമാവുമെന്നാശ്ശുകൊണ്ടു സാഹിത്യത്തിന്നുമാത്രം ലക്ഷണന്നി

ദ്ദേശം അസാദ്ധ്യമാണെന്ന വാദം അസംബന്ധവും ലക്ഷണസ്വഭാവാനഭിജ്ഞതാമൂലവുമാണെന്ന വിശദമായിരിക്കുമെന്ന വിചാരിക്കുന്നു.

ഈ സ്ഥിതിക്കു, "രമണീയാൎത്ഥപ്രതിപാദകശ്ശബ്ദഃകാവ്യം" എന്ന പണ്ഡിതരാജന്റേയും മറ്റുലക്ഷണം പരിപൂൎണ്ണമോ സുശ്ലിഷ്ടമോ ആവാൻ അവകാശമില്ലെന്നും മറ്റും ആക്ഷേപിച്ചിട്ടു കാൎയ്യമില്ലല്ലോ. ആ ലക്ഷണവാക്യത്തിന്റെ അൎത്ഥം— "സാഹിത്യമെന്നതു, ചമൽകാരജനകമായ അൎത്ഥത്തെ ബോധിപ്പിക്കുന്ന ശബ്ദസന്ദൎഭമാകുന്നു" എന്നാണ. ചമൽകാരം ലോകോത്തരമായ ആഹ്ലാദം— അലൌകികമായ ആഹ്ലാദവിശേഷം യാതൊരൎത്ഥത്തിന്റെ ജ്ഞാനത്താൽ സഹൃദയന്മാൎക്കു ലോകോത്തരമായ ആഹ്ലാദം ജനിക്കുന്നുവോ ആ അൎത്ഥമാകുന്നു ചമൽകാരജനകമായ അൎത്ഥം. താദൃശാൎത്ഥജ്ഞാനം ഭാവനാരൂപമാണ്. ആകയാൽ ലോകോത്തരമായ ആഹ്ലാദത്തെ ജനിപ്പിക്കുന്ന ഭാവനയ്ക്കു വിഷയമായ അൎത്ഥത്തെ ബോധിപ്പിക്കുന്ന ശബ്ദസന്ദൎഭമാകുന്നു സാഹിത്യമെന്നു താൽപൎയ്യം. പുനഃപുനരനുസന്ധാനരൂപമായ ജ്ഞാനവിശേഷത്തെയാണ് ഭാവനയെന്നു പറയുന്നത്. 'ഭവാനൊരു പുത്രൻ ജനിച്ചിരിക്കുന്നു' "നിങ്ങൾക്കു ഭാഗ്യക്കുറി കിട്ടിയിരിക്കുന്നു" ഇത്യാദി വാക്യങ്ങളിൽനിന്നുണ്ടാകുന്ന ആഹ്ലാദം ലൌകികമല്ലാതെ ലോകോത്തരമല്ലായ്കയാൽ ആ വകയിൽ ലക്ഷണത്തിന്നു അതിവ്യാപ്തിയില്ല. താദൃശാൎത്ഥം വാച്യമോ ലക്ഷ്യമോ വ്യംഗ്യമോ ഏതായാലും ശരി അവയിലൊക്കെയും ലക്ഷണയോഗത്തിന്നായിട്ടാണ് ലക്ഷണവാക്യത്തിൽ സൎവ്വസാധാരണമായ പ്രതിപാദകശബ്ദം ഉപയോഗിച്ചിരിക്കുന്നതു് ആകയാൽ പണ്ഡിതരാജന്റെ സാഹിത്യസാമാന്യലക്ഷണം യുക്തമായിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. ഹഡ്സന്റെ സാഹിത്യലക്ഷണം ഈ ജാതിയിൽ പെട്ടതായിട്ടാണ് എനിക്കു തോന്നുന്നതു്. പാശ്ചാത്യന്മാരുടെ ലക്ഷണങ്ങളിൽ മറ്റു ചിലതും ഇതുപോലെ യുക്തങ്ങളാണെന്നുതന്നെ പറയാം. * "ഭാവനോത്തേജിതങ്ങളായ വികാരങ്ങളേയും വിചാരങ്ങളേയും ലയാനുവിദ്ധമായ ഭാഷയിൽ പ്രതിപാദിച്ചു ചമൽകാരം ജനിപ്പിക്കുന്ന കലാവിശേഷമാണ് കവിത". എന്ന പ്രഫസർ കൂർത്തോപ്പിന്റെ സാഹിത്യലക്ഷണം അത്തരത്തിലുള്ളതാണല്ലോ. ഇതെല്ലാം എടുത്തു വിസ്തരിച്ചു ഈ ഉപന്യാസത്തെ ഇനിയും ദീൎഘിപ്പിക്കുന്നില്ല. ഏതായാലും സാഹിത്യസമാന്യലക്ഷണം അശക്യക്രിയമല്ലെന്നു മാത്രം അവസാനമായി പറഞ്ഞുകൊള്ളുന്നു.

* "The art of producing pleasure by the just expression o imaginative thought and feeling in metrical langauge"

# രാജർഷി.

(അനുസ്മരണം)

വിദ്വാൻ സി. കെ. [illegible].

വീരശ്രീനിത്യമത്യാദരവൊടുകരണീയത്തെ യാരാഞ്ഞുതൃക്കാൽ-
ത്താരമ്പിൽ കൂപ്പിവാണുള്ളതുദയിതകനക്കുത്തുംഗപന്റെമുമ്പിൽ
ആരാത്മാരാമനത്യുജ്ജ്വല, നഖിലകലാകോവിദൻ, ഇങ്ങനെത്താ-
കാരം ശ്രീരാമരാജർഷിയെ മനുജർ മറക്കാത്തതാശ്ചര്യമാണോ?

നീതിന്യായം നടത്തിപ്രജകളുടെസുഖം മേൽക്കുമേൽ കൈവളർത്തി
ഖ്യാതിസ്ത്രീക്കാനന്ദലാസ്യം തുടരുവതിനൊഴിച്ചിട്ടുദിക്കൊക്കെമന്നൻ
ഈതിസ്ത്രീനാട്ടിലെങ്ങും വസതിയനുവദിക്കാതെ ചെങ്കോൽവഹിപ്പാൻ
സാധിച്ചുള്ളോരുഗോശ്രീരമണനെയറിയാത്തുള്ള ലോകങ്ങളുണ്ടോ!

പൌരന്മാരാക്കിനമ്മെ പ്രിയമോടുപരിപാലിച്ചുരാജ്യത്തിലെങ്ങും
സ്വാരാജ്യശ്രീവിലാസപ്രചുരിമവിളയിച്ചുള്ളവിശ്വൈകവന്ദ്യൻ
ധീരാത്മാസാധുവൃത്തൻ, രവികുലവിമലാംഭോധിരാകാശശാങ്കൻ
സ്വാരാജ്യാവാസസൌഖ്യം സതതമനുഭവിക്കട്ടെ നിഷ്കന്മഷാത്മാ.

എങ്ങുംനാമിന്നുകാണുന്നൊരുമഹിമ, മഹാരാജനാർജ്ജിച്ചപുണ്യം,
ഭംഗ്യാവാഴ്ത്താം നമുക്കെ,ങ്കിലുമതിലധികം വേണ്ടതു ണ്ടായതോർത്താൽ
ഭാഗ്യം വേറിട്ടുനാട്ടാർക്കിനിമനസിനിരൂപിക്കയല്ലാതെകാണ്മാൻ
ഭാഗ്യം സിദ്ധിക്കയില്ലെന്നതുനിയതമഹോ തമ്പുരാൻതന്റെ ഗാത്രം!

ദിവംഗതൻ നമ്മുടെ പൊന്നുതമ്പുരാൻ
ധ്രുവംപരാനന്ദഭരേണവാഴുവാൻ
ദിവാനിശംനമ്മൾ ഭജിക്കണം മനോ-
ഭവാരിതൻ പാദമനന്യചിന്തയാ.

# തൈലദാനം.

(കണ്ണമ്പ്ര കുഞ്ഞുണ്ണി നായർ ബി. എ. ബി. എൽ.)

തൈലം എന്തൊരു പദാൎത്ഥമാണെന്നു് സംസ്കൃതകവികൾ സാമാന്യമായി മനസ്സിലാക്കീട്ടുണ്ടു്. അവരുടെ അഭിപ്രായത്തിൽ തൈലത്തിന്റെ മറെറാരു പേരു സ്നേഹമെന്നാണു്. വാസ്തവത്തിൽ സ്നേഹവും തൈലവും ഒരു പദാൎത്ഥംതന്നെയാണു്. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ എന്നേയും സ്നേഹിക്കുന്നു. അതായതു നാം അന്യോന്യം തൈലം കൊടുക്കുന്നു. സ്നേഹം എന്നാൽ എന്താണു്? എന്തൊന്നു തണുപ്പിക്കുകയോ മിഴുക്കിടുകയോ ചെയ്യുന്നുവോ അതുതന്നെയാണു് സ്നേഹം. തൈലത്തെപ്പോലെ കുളുപ്പിക്കുന്ന വസ്തു മറേറതെങ്കിലുമുണ്ടോ?

സംസ്കൃതകവികൾ ഈ തത്വം നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ടു് അതിനാൽ അവർ സകലമനുഷ്യരേയും ഒരുപോലെ സ്നേഹിക്കണമെന്നും തൈലദാനം ചെയ്യണമെന്നും ഉപദേശിച്ചിരിക്കുന്നു.

യഥാൎത്ഥത്തിൽ തൈലം സൎവ്വശക്തനാണു്. ബല കൊണ്ടോ, വിദ്യകൊണ്ടോ പണംകൊണ്ടോ കിട്ടാൻ അസാദ്ധ്യമായ വസ്തു, തൈലം ഒന്നുകൊണ്ടുമാത്രം കിട്ടാൻ കഴിയുന്നതാണു്.

സൎവ്വശക്തിയുള്ള തൈലം ഉപയോഗിക്കാൻ ആൎക്കു് അറിയുമോ അവൻ സൎവ്വശക്തനാണു്. ലോകത്തിലുള്ള സകല കാൎയ്യങ്ങളും അവനു് എളുപ്പത്തിൽ ചെയ്യാൻ കഴിയുന്നതാണു്. അവനു ഉദ്യോഗത്തിനുവേണ്ടി ഡിപ്പാർട്ടുമെണ്ടു മേലധികാരികളുടെ പടിക്കൽ കാത്തുനില്ക്കേണ്ട ആവശ്യമില്ല. വക്കീൽജോലിയിലേപ്പെട്ടു കക്ഷികളുടേയും ജഡ്ജിമാരുടേയും സേവക്കുവേണ്ടി അവരുടെ താളത്തിനു കളിക്കേണ്ട ആവശ്യമില്ല. അവനു ജോലിയൊന്നുമില്ലാതെ വെറുതേ ഇരിക്കേണ്ടിവരുന്നതല്ല. അവനു ആരുടേയും ദാസ്യപ്രവൃത്തിക്കു പോകേണ്ടിവരികയുമില്ല.

ആൎക്കു് തൈലം കൊടുക്കാൻ കഴിയുമോ അവനു വിദ്യയില്ലെങ്കിലും കോളേജിലെ പ്രോഫസ്സർ ആവാൻ കഴിയുന്നതാണു്. മൂഢനായിരുന്നാലും മജിസ്ത്രേട്ടാവാൻ കഴിയുന്നതാണു്. സാഹസമോ ധൈൎയ്യമോ ഇല്ലെങ്കിലും സൈന്യാധിപനാവാൻ കഴിയുന്നതാണു്.

തൈലത്തിന്റെ മഹിമ അത്ഭുതമാണു്. തൈലമില്ലെങ്കിൽ ലോകത്തിലേ ഒരു കാൎയ്യവും നടക്കുന്നതല്ല തൈലമില്ലെങ്കിൽ യന്ത്രം

തിരിയുകയില്ല; വിളക്കു കത്തുകയില്ല; കറിക്ക് സ്വാദുണ്ടാവില്ല. തലമുടി പരുപരുത്തു മുഖത്തിന്നു ശോഭയുണ്ടാവില്ല. നൂറു ഗുണമുണ്ടായിരുന്നാലും അവന്നു പ്രസിദ്ധിയുണ്ടാവില്ല. തൈലമുണ്ടായാൽ അവന്ന് ഒന്നിന്റെയും അഭാവം ഉണ്ടാവില്ല.

സർവ്വശക്തിയോടു കൂടിയ തൈലം ലോകത്തിലെങ്ങും വ്യാപിച്ചിട്ടുണ്ട്. തൈലത്തിന്റെ ഏതൊരു സ്വരൂപംകൊണ്ട് നാം ഗുരുജനങ്ങളെ സ്നിഗ്ദ്ധമാക്കുന്നുവോ അതിന്റെ പേര് ഭക്തിയെന്നാണ്, ഏതൊന്നുകൊണ്ട് ഭാര്യയേ സ്നിഗ്ദ്ധമാക്കുന്നുവോ അതിന്റെപേര് പ്രണയമെന്നാണ്; ഏതൊന്നുകൊണ്ട് സമീപസ്ഥന്മാരേ സ്നിഗ്ദ്ധമാക്കുന്നുവോ അതിന്നു മൈത്രിയെന്നാണ് പേർ. ഏതൊന്നുകൊണ്ട് ലോകരേയെല്ലാം സ്നിഗ്ദ്ധമാക്കുന്നുവോ അതിന്റെ പേർ ശിഷ്ടാചാരമെന്നും സൌജന്യമെന്നുമാണ്. ഏതൊന്നുകൊണ്ടു സായിപ്പന്മാരേ സ്നിഗ്ദ്ധമാക്കുന്നുവോ അതിന്റെ പേർ 'ലോയൽട്ടി' (രാജഭക്തി) എന്നാണ്. ഏതൊന്നുകൊണ്ടാണ് വലിയവരേ സ്നിഗ്ദ്ധമാക്കുന്നതു അതിന്റെ പേര് നമ്രത (modesty) എന്നാണ് ഈ ഒടുവിൽപറഞ്ഞ രണ്ടുഗുണങ്ങളും നമ്മുടേ വിദ്യാർത്ഥികളുടെ ഇടയിൽ കുറഞ്ഞുവരുന്നു എന്നൊരു ബലമായ ആക്ഷേപമുണ്ട്. അതു അദ്ധ്യാപകന്മാരുടെ കുറ്റമോ വിദ്യാർത്ഥികളുടേ കുറ്റമോ എന്നു തീർച്ചപ്പെടുത്തേണ്ടതിന്നു ഗവർമ്മേണ്ടിൽനിന്നു ഒരു കമ്മിറ്റിയെ ഏർപ്പെടുത്താൻ വൈകിയിരിക്കുന്നു. കമ്മിറ്റിയിലെ ഒരു മെമ്പർ ചക്കാനായിരിക്കണം തൈലധാരകൊണ്ടു ലോപിച്ചു തുടങ്ങിയ ലോയൽട്ടിയും മോഡസ്റ്റിയും വീണ്ടും ഉണ്ടാകും എന്നാണ് ചില വൈദ്യന്മാരുടേ മതം.

നാം ദാസീദാസന്മാൎക്കും തൈലം കൊടുക്കുന്നു അതിന്നുപകരം അവരുടെ ഭക്തിയും വേലയും നമുക്ക് കിട്ടുന്നു.

തമ്മിൽക്കൂട്ടിയുരസ്സുമ്പോൾ സകലവസ്തുക്കളിൽനിന്നും തീ പുറപ്പെടുന്നു. ആ തീയിനെ ശമിപ്പിക്കുന്നതിന്നു മുഖ്യമായ ഉപായം തൈലമാണ്. ഇതിന്നുവേണ്ടിയാണ് റെയിലിന്റെ ചക്രത്തിൽ തൈലത്തിന്നു തുല്യമായ കൊഴുപ്പ് (grease) ഇടുന്നത്. ഇതിന്നുവേണ്ടിയാണ് രണ്ടുപേർ തമ്മിൽ കലഹമുണ്ടാകുമ്പോൾ മദ്ധ്യസ്ഥനെന്നു പേരായ തൈലം വന്ന് ഇരുപക്ഷരേയും ശാന്തമാക്കിത്തീൎക്കുന്നത്. തൈലത്തിന്നു തീ കെടുത്താനുള്ള ശക്തിയില്ലായിരുന്നുവെങ്കിൽ വീടുകൾ തോറും ഊരുകൾതോറും അച്ഛനും മക്കളും തമ്മിലും ഭാര്യാഭർത്താക്കന്മാർ തമ്മി

ലും രാജാവും പ്രജകളും തമ്മിലും ഘോരമായ മത്സരംകൊണ്ട് ഇടവിടാതെ തിപ്പൊരി പറക്കുമായിരുന്നു.

ആൎക്ക് തൈലംകൊടുക്കാൻ സാധിക്കുന്നുവോ അവൻ സൎവ്വശക്തനാണെന്നു മുമ്പു പറഞ്ഞുവല്ലോ; എന്നാൽ തൈലം കൊടുത്തതുകൊണ്ടു മതിയായില്ല. കൊടുക്കുന്നതിന്നു പാത്രവും സമയവും കൌശലവുമുണ്ട്.

തൈലംകൊണ്ടു തീയ്ക്കുടി വശത്താവുന്നു. തീയിൽ അല്പം എണ്ണ ഒഴിച്ചിട്ടു രാത്രിമുഴവനും മുറിയ്ക്കുകത്തു ബന്ധിക്കപ്പെടുന്നു. എന്നാൽ ആ തൈലം സചത്രുവമുള്ളതാണ്.

തൈലം കൊടുക്കാനുള്ള പാത്രം അല്ലാത്തത് ആരാണെന്നു പറയാൻ സാധിക്കുന്നതല്ല. ചക്കാത്തിക്കുട്ടി മുതൽ വൈസ്രോയിവരേ തൈലംകൊടുക്കാനുള്ള പാത്രങ്ങളാണ്. തൈലം നശിച്ചുപോകുന്ന ഒരു വസ്തുവല്ല. ഒരിക്കൽകൊടുത്താൽ നിശ്ചയമായിട്ടും എന്തെങ്കിലും ഒരു ഫലം സിദ്ധിക്കുന്നതാണ്. എങ്കിലും ആരുടേ അടുക്കൽനിന്ന് ഉദ്ദിഷ്ടകാൎയ്യം സാധിക്കേണ്ടതായിട്ടുണ്ടോ അവനാണ് തൈലം ഒഴിക്കാനുള്ള പ്രധാനപാത്രം. പിന്നേ സമയമാണ്; ഏതുസമയത്തായാലും വേണ്ടില്ല തൈലം കൊടുത്താൽ കാൎയ്യം സാധിക്കുന്നതാണ്. എന്നാൽ തക്കസമയത്തായാൽ കുറച്ചു തൈലംകൊണ്ടു അധികം കാൎയ്യം നേടാം.

പിന്നെ കൌശലമാണ്—ഏതുവിധത്തിലായാലും തൈലംകൊടുത്താൽ കുറച്ചെങ്കിലും ഉപകാരമുണ്ടാവുമെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തൈലം നശിക്കാത്തതാണെങ്കിലും കൊടുക്കുന്നതിൽ കൌശലം വേണം. സംസ്കൃതശാസ്ത്രജ്ഞനായ ഒരുവന് ദിവസംമുഴവനും പ്രസംഗിച്ചിട്ടും ആരുടെ അടുക്കൽനിന്ന് ഒരുറുപ്പികയിലധികം കിട്ടാൻ സാധിച്ചില്ലയോ അവന്റെ അടുക്കൽനിന്നു ഇംഗ്ലീഷ് പഠിപ്പുകാരനായ ഒരാൾ ചെന്നു പ്രയാസംകൂടാതെ 50-ക തട്ടിക്കൊണ്ടു പോകുന്നു. കൌശലത്തോടുകൂടി ഒരു തുള്ളികൊടുത്താൽ എത്ര കാൎയ്യങ്ങൾ സാധിക്കുമോ കൌശലംകൂടാതെ കുടംകുടമായി ഒഴിച്ചാലും അത്ര കാൎയ്യങ്ങൾ സാധിക്കുകയില്ല.

ആളുകളുടെ സ്ഥിതിയനുസരിച്ച് തൈലത്തിന്റെ ഗുണത്തിന്നും വളരെ വ്യത്യാസം ഉണ്ട്. കൂട്ടുകൂടാതേയുള്ള തൈലം കിട്ടാൻ വളരെ ഞെരുക്കമാണ്. എന്നാൽ തൈലത്തിന്നു ആശ്ചൎയ്യകരമായ ഒരു സമ്മേളനശക്തിയുണ്ട്; ആ ശക്തികൊണ്ടു തൈലം മററു സകലപദാൎത്ഥങ്ങളുടേയും ഗുണം തന്റെ സ്വന്തമാക്കിത്തീൎക്കുന്നു. പഠിപ്പുള്ളവ

ന്റെ തൈലം എന്റെ തൈലത്തേക്കാൾ വിലപ്പിടിച്ചതാണ്. പഠിപ്പും ബുദ്ധിയുമുള്ളവന്റെ തൈലം അതിലുമധികം വിലപിടിച്ചതാണ്. അതിന്നുപുറമെ പണവും കൂടിയുണ്ടെങ്കിൽ അവന്റെ തൈലത്തിന്ന് തുള്ളി ഒന്നിനു ലക്ഷം ഉറുപ്പിക വിലയുണ്ട്. എന്നാൽ തൈലം ഇല്ലെങ്കിൽ അവനു ബുദ്ധിയുണ്ടെങ്കിലും അനേകം വിദ്യകളുണ്ടെങ്കിലും അനവധി പണമുണ്ടെങ്കിലും അവനെ ആരും വിലവെക്കുന്നതല്ല.

തൈലം കൊടുക്കുന്നതു സ്വാഭാവികമായിട്ടുള്ളതാണ്. ഈ സ്വഭാവം എല്ലാവൎക്കുമുണ്ട്. സൌകൎയ്യംപോലെ എല്ലാവരും അവനവന്റെ വീടുകളിലും തനിക്കു വേണ്ടപ്പെട്ടവരിലും തൈലം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. എന്നാൽ മിക്കപേരും അധികം സ്വാതന്ത്ര്യം കരുതുന്നവരായതുകൊണ്ട് പുറമെയുള്ളവൎക്കു തൈലം കൊടുക്കുന്നതിൽ അവർ വിമുഖത കാണിക്കുന്നു. തൈലദാനം സ്വാഭാവികമായ പ്രവൃത്തിയാണെങ്കിലും അതുകൊണ്ടു കാൎയ്യം നേടുന്നത് അദൃഷ്ടത്തെ അപേക്ഷിച്ചു നില്ക്കുന്നു.

ഇക്കാലത്ത് വിജ്ഞാനം, കലാവിദ്യ മുതലായതു പഠിപ്പിക്കാനായി പലവിധത്തിലുള്ള ശ്രമങ്ങളും ചെയ്തുവരുന്നുണ്ട്. ഇന്ത്യക്കാർ കൎമ്മകുശലന്മാരായിത്തീരുന്നതിന്നു (practical) എല്ലാവരും പരിശ്രമിക്കുന്നുണ്ട്; എന്നാൽ പ്രവൃത്തിസാമൎത്ഥ്യം ഉണ്ടാവണമെങ്കിൽ എല്ലാവരും ആദ്യമായിട്ടു തൈലദാനം അഭ്യസിക്കണം അതിനാൽ തൈലദാനം പഠിപ്പിക്കാൻ ഒരു സ്കൂൾ എററവും ആവശ്യമായിത്തീൎന്നിരിക്കുന്നു. അതുകൊണ്ടു ഏതെങ്കിലും ഒരു റാവുബഹദ്ദൂരിനെയോ ഖാൻബഹദ്ദൂരിനെയോ തിരഞ്ഞെടുത്തു പ്രിൻസിപ്പാലായി നിശ്ചയിച്ചു വേഗത്തിൽ തൈലദാനം പഠിപ്പിക്കുന്നതിന്നു ഒരു കോളേജ് സ്ഥാപിക്കേണ്ടതാണ്. ആദ്യത്തിൽ നിയമം പഠിപ്പിക്കുന്ന "ലാകോളേജിൽ" ഒരു തൈലദാനാദ്ധ്യാപകനേ നിശ്ചയിക്കേണ്ടതു അത്യാവശ്യമാണ്. പ്രത്യേകം ഒരു കോളേജ് സ്ഥാപിക്കുന്നതാണു ഉത്തമം.

എന്നാൽ ഈ മാതിരി ഒരു കോളേജ് തുറന്നാൽ ആദ്യം കുഴപ്പങ്ങൾ ഉണ്ടാകുന്നതാണ്. തൈലം എല്ലാവരും കൊടുത്തുവരുന്നുണ്ടെങ്കിലും താൻ കൊടുക്കുന്നുണ്ടെന്ന് ആരും സമ്മതിക്കുകയില്ല. അതിനാൽ ഈ വിദ്യ പഠിപ്പിക്കുന്ന അദ്ധ്യാപകനെ കിട്ടാൻ ഞെരുക്കമുണ്ട്. ഈ വിദ്യ കണ്ടിട്ടും കേട്ടിട്ടും പഠിക്കേണ്ടതാണു. ഇതിനെപ്പററി ക്രമപ്രകാരമുള്ള പ്രസംഗങ്ങൾ (lectures) ലഭിക്കാൻ ഞെരുക്കമാണ്. ഈ വിദ്യ പഠിപ്പിക്കാൻ ശരിയായ കോളേജില്ലെങ്കിലും ആരുടേ അടു

ത്തുപോയാൽ ഉദ്യോഗത്തിന്നും പ്രൊമോഷ്യനുമുള്ള ശുപാശ് കിട്ടുമോ; അങ്ങിനേയുള്ളവരുടെ വീട്ടിൽ എപ്പോഴും പോയിക്കൊണ്ടിരുന്നാൽ ഈ വിദ്യ ഉത്തമരീതിയിൽ പഠിക്കുവാൻ സാധിക്കുന്നതാണ്. ഇന്ത്യക്കാക്ക് ബലമില്ല, വിക്രമമില്ല, ബുദ്ധിയില്ല, വിദ്യയില്ല. അതിനാൽ ഇന്ത്യക്കാക്ക് ഒരു ഒററ ആശ്രയം തൈലമാണ്. ഇന്ത്യക്കാരുടെ ഇടയിൽ ആരെങ്കിലും വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതു തൈലത്തിന്റെ മിടുക്കുകൊണ്ടാണ്. ഇന്ത്യക്കാരുടെ തൈലത്തിന്നു വില അധികമില്ല. എന്തൊരു കൌശലംകൊണ്ടാണു ആ തൈലം ഭരണകത്താക്കന്മാക്ക് സുഖസേവ്യമായിത്തീരുന്നതു് എന്നു അല്പം പേക്കമാത്രമെ അറിവുള്ളൂ. ആ അറിവുള്ളവർ ഭാഗ്യവാന്മാർ തന്നേയാണ്. അവരാണ് നമ്മുടെ രാജ്യത്തിലെ ആഢ്യന്മാർ. അവരാണ് നമ്മുടെ രാജ്യത്തെ ഉജ്ജ്വലമാക്കിത്തീക്കുന്നതു്.

തൈലം ഭരണാധികാരികൾക്കു സുഖസേവ്യമാവണമെന്നു ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആ പഠിപ്പ് ഈ രാജ്യത്തു കിട്ടാൻ ഞെരുക്കമാണ്. അതിന്നു ബിലാത്തിക്കു പോകുകതന്നെ വേണം; അവിടെയുള്ള രമണികളാണു ഈ വിഷയത്തിൽ പ്രധാനാദ്ധ്യാപികമാർ. അവരുടെ സഹായമുണ്ടായാൽ തൈലം വേഗത്തിൽ ഫലിക്കുന്നതാണ്.

കലാശം ഒരു തൈലംകൊണ്ടു ചക്രവും തിരിയുന്നു. വേറെ ഒരു തൈലംകൊണ്ടു മനസ്സും തിരിയുന്നു എന്നു ഓമ്മവെക്കേണ്ടതാണ്.

---

## * "ഒരു ഗുരുവായൂർ പ്രാത്ഥന"

(ഇരുവനാട്ടു കെ. സി. നാരായണൻ നമ്പ്യാർ)

1 സമ്മാന്യശ്രീ വിലാസപ്പൊലിമ കലരുമെ-
ന്നിഷ്ടനായുള്ള കുഞ്ഞി-
ക്കമ്മാരൻ വാതരോഗസ്ഥിതിയിലിഹ കിട-
ക്കുന്നു നീ നോക്കിയാലും
അമ്മാരൻതന്റെ താതസ്ഥിതി പുനരവിടെ-
ക്കില്ലയോ? വാസ്തവത്തിൽ
കമ്മാരൻ തുല്യനല്ലോ തവ സുതനു ത്രലോം
വാതഗേഹാധിനാഥ!

2 നന്നോ മൗനം നടിക്കുന്നതു? സകലജഗ-
ദ്വ്യാപിയാം നീയറിഞ്ഞി-
ല്ലെന്നോ രോഗസ്വഭാവം? പരമതു കളവാൻ
ത്രാണി പോരായ്കയെന്നോ?
ഇന്നോർത്താലിത്രിലോകം മുഴുവനുമവനം
ചെയ്യുമങ്ങേയ്ക്കു വയ്യെ=
ന്നൊന്നോതാനില്ല; ഞങ്ങൾക്കറിയുമയി, വിഭോ,
വാതഗേഹാധി നാഥ!

3 പട്ടേരിപ്പാട്ടു മുന്നം കഠിനതരമഹാ-
വാതരോഗത്തിലുൾപ്പെ-
ട്ടൊട്ടേറെബ്ബുദ്ധിമുട്ടിത്തവ സവിധമണ-
ഞ്ഞപ്പൊഴേ സൗഖ്യമാക്കി
പിട്ടേതും ചൊൽകവേണ്ടെൻസഖിയുടെ ലഘുവാം
വാതമിന്നായതിൻ നൂ-
റ്റെട്ടേകാൽ ഭാഗമുണ്ടോ? കഠിനത കളകെൻ-
വാത ഗേഹാധി നാഥ!

4 എന്തോ നീ കൺതുറക്കാത്തതു പറക, ഭവാ-
നെന്തു വേണം? ഞെരുങ്ങീ-
ട്ടെന്തോഴൻ വാഴ്കയെന്നോ ശരിശരിയതു ഞാൻ
സമ്മതിക്കുന്നതല്ല;
സന്തോഷപ്പെട്ടു നീ നോക്കുക തവ വഴിവാ-
ടീ വിധത്തിൽ കഴിക്കാ-
മെന്തോതിൽ തെറ്റു പറ്റില്ലറിക തിരിവെഴും
വാതഗേഹാധി നാഥ!

* "സരസകവി" എന്നു സുപ്രസിദ്ധനായ കെ. സി. നാരായണൻ നമ്പ്യാർ തന്റെ ഗുണകാംക്ഷിയായ ചന്ത്രോത്തു കൂടാളി താഴത്തു വീട്ടിൽ കുഞ്ഞിക്കമ്മാരൻ നമ്പ്യാരവർകൾ വാതരോഗപീഡിതനായി കിടപ്പിലായ അവസരത്തിൽ ദിവസം ഒരു ശ്ലോകം വീതമുണ്ടാക്കി 14 ദിവസംകൊണ്ടു പൂരിപ്പിച്ചതാണത്രെ ഈ കൃതി. 14-ാംദിവസം സുഖക്കേടിനു ആശ്വാസം കണ്ടുവെന്നാണു പറയപ്പെടുന്നതു. 14-ാമത്തെ പദ്യത്തിൽ അതു സൂചിപ്പിച്ചിട്ടുമുണ്ട്. മലബാറിലെ ഒരു സ്നേഹിതനാണു എനിക്കിതയച്ചു തന്നതു്.

പ്രസാധകൻ:—എ. ഡി. ഹരിശർമ്മ.

5 നിന്നെപ്പോൽ പേരെടുത്തോരരികിലധികമു-
ണ്ടിപ്പൊഴിപ്പത്മനാഭൻ,
പിന്നെയിമ്മാധവൻ, തത്സഹജരറിക ദാ-
മോദരൻ ഞാനുമില്ലേ?
എന്നെക്കൊണ്ടിവിധത്തിൽ പറവതിനിടയാ-
ക്കാതെയീ വാതരോഗം
നിന്നെക്കൊണ്ടാവുമല്ലോ ക്ഷണമിഹ കളവാൻ
വാതഗേഹാധി നാഥ!

6 പേരോർത്താലെൻ്റെ നാരായണ! സുകൃതനിധേ!
ഹന്ത ഞാനും ഭവാനും
നേരോതാം തുല്യരല്ലോ പറവതിനിവിടെ
ബ്ഭേദമെന്തേതുമില്ല,
ഈരോഗം മാറുവാനായൊരുവനു കഴിയും
രണ്ടുപേരും ശ്രമിച്ചാ-
ലാരോടും വേണ്ട ചോദ്യം ക്ഷണമിഹ ശരിയാം
വാതഗേഹാധി നാഥ!

7 കൃത്യം ചെററും പിഴയ്ക്കില്ലൊ,രുവരൊടു മഹോ
സ്വാത്മ ലാഭത്തിനായും
സത്യം കൈവിട്ടുപോകില്ല,റിവൊടൊരു വെറും
പാപവും ചെയ്കതില്ല;
നിത്യം തന്നെസ്മരിക്കും മമഹൃദയസഖാ-
വെന്നുമെന്നാലു മിപ്പോ-
ളത്യന്തം വാതരോഗസ്ഥിതിയിലവശനായ്
വാതഗേഹാധി നാഥ!

8 ഈ രോഗം മാററിടാഞ്ഞാലഖിലരുമിനിമേൽ
പാപസംയുക്തരാകും,
പാരോ കഷ്ടത്തിലാവും, പറയുകതു ഹിതം
തന്നെയോ ഭൂമണാളാ!
ആരോടാണിപ്പിരട്ടൊക്കെയുമുടനെ ഭവാൻ
കൺതുറന്നൊന്നു നോക്കി-
ട്ടാരോഗ്യം നൽകുകെന്നിഷ്ടനു തവ തൊഴുതേൻ
വാതഗേഹാധി നാഥ!

9 ഓക്കാവല്ലെത്ര നാളായൊരുനിലയിലഹോ
സങ്കടപ്പെട്ടു കാലം
നീക്കാതയ്യോ കിടക്കുന്നു സുകൃതമയാ-
സത്തമെന്നാത്മമിത്രം!
ആക്കാനും വേണ്ടിയെന്തൊക്കെയുമുപകൃതി നീ
ചെയ്തു? നിൻ ഭക്തനോടോ
നേക്കാനായുദ്യമിക്കുന്നു? ബഹു കഠിനം!
വാതഗേഹാധി നാഥ!

10 ആ വിദ്വാനാമിട്ടഴിദ്വിജനൊടു മൊരുമി-
ച്ചൊത്തു കച്ചിപ്പുറത്തെ-
ഗ്ഗോവിന്ദൻ നമ്പിയാർ ചെയ്തൊരു പുതിയ ചികി-
ത്സയ്ക്കു സാഫല്യമേകി
ആവിർമ്മോദേന വേഗം മമ സഖനു സുഖം
പൂർത്തിയായ് ചേർത്തിടാനായ്
ഗോവിന്ദാ! നീയൊഴിഞ്ഞില്ലൊരുവരുമധുനാ
വാതഗേഹാധിനാഥ!

11 ആഹാ നല്ലർജ്ജുനശ്രീപുതുപുകൾ പുലരും
"മാധവീ കാന്ത"നങ്ങേ
സ്നേഹാദിക്കർഹനല്ലോ പറയുക പരമെൻ-
ബന്ധു നിൻബന്ധുവല്ലോ
മോഹാവേശാലിവണ്ണം പറവതിലവിടെ-
ദ്ദൃഷ്ടി വെയ്ക്കാത്തതെന്തോ-
ന്നൂഹാതീതം മഹാത്മൻ! തവ മഹിമ വിഭോ!
വാതഗേഹാധി നാഥ!

12 കേട്ടില്ലേ യെന്തുറക്കാണിതു പറക, ഭവാൻ
ജ്യേഷ്ഠനെപ്പോലെയായോ?
കൂട്ടില്ലെന്നാകിൽ ഞാനുണ്ടരികിലുപചരി-
ച്ചൊത്തു കൂത്താട്ടമാവാം.
നാട്ടിൽപ്പൂജിച്ചിടും നിൻമദമഹിമയെഴും
ശക്തികാട്ടിപ്പിരട്ടി-
ട്ടാട്ടിപ്പായിക്ക വാതാധമനെ "ധിമിധിമിം"
വാതഗേഹാധിനാഥ!

13 ഞാനീവണ്ണം ചിലസ്സും പരിഭവമരുതേ,
സങ്കടം മൂത്ത മത്തിൽ-
ത്തേനിച്ചസ്സുള്ള മട്ടാണിവനുടെ നിലയെൻ-
ശക്തനാം ഭക്തദാസ!
ഹാ! നീ നോക്കാത്തതെന്തെൻ സഖിയുടെ ഗദമീ-
മട്ടിരിക്കട്ടെയെന്നോ?
താനിവണ്ണം കിടക്കുന്നതു തവ രസമോ
വാതഗേഹാധിനാഥ!

14 കാലും നീക്കാതനങ്ങാതൊരു പുറമകമേ
ചാഞ്ഞു വീണെന്നമട്ടിൽ-
പാലുംവേണ്ടാതുറങ്ങാതരുചിയൊടു കഷാ-
യാദിയിൽ പ്രീതിയെന്ന്യേ,
നാലും മൂന്നും പറഞ്ഞങ്ങനവധി ദിവസം
വാണൊരെന്നിഷ്ടനിപ്പോൾ
കോലും മന്ദസ്മിതം നോക്കുക സുകൃതമയം
വാതഗേഹാധിനാഥ!

15 ആഹാ! ഞാൻ തൃപ്തനായെൻ നിലവിളിയവിടെ-
ക്കേട്ടു സന്തുഷ്ടനായെ-
ന്നുഹാപോഹാൽ ഗ്രഹിക്കാം; മമ സഖനുകറെ-
ബ്ഭേദമുണ്ടേതുകൊണ്ടും;
ആഹാരം, നിദ്രയെന്നീവക നിജദിനച-
ര്യക്കു സൌകര്യമേററി-
ദ്ദേഹാലസ്യം കളഞ്ഞീടുക ഝടിതി ഭവാൻ
വാതഗേഹാധിനാഥ!

## അതിനുശേഷം
### (സ്മരണ)

(ഡാക്ടർ എം. വി. പരമേശ്വരയ്യർ. M. B. B. S.)

സ്ഥാനത്യാഗം ചെയ്ത് സംസാരജാലത്തിൽനിന്നു വിമുക്തനാകേണ്ടതിലേക്കു താപസവൃത്തി സ്വീകരിച്ച് ധന്യനായി 107 മകരമാസത്തിൽ സ്വർഗ്ഗാരോഹണം ചെയ്ത രാജർഷിതിലകത്തിൻെറ പാവന

മായ തപോവനത്തേയും സംസ്കാരാദികൎമ്മൾ നടത്തിയ സ്ഥാനത്തേയും കാണ്മാനായി ഞാൻ ഒരുദിവസം കാനാട്ടുകരക്കു പോയി. പടിക്കൽ എത്തിയപ്പോൾത്തന്നെ മനുഷ്യചൈതന്യമില്ലാതെ നിശ്ശബ്ദമായി കിടക്കുന്ന ഇന്നത്തെ നിലയേയും തമ്പുരാൻ തിരുമനസ്സുകൊണ്ടു ആയുഷ്മാനായിരുന്നകാലത്തു (രോഗിയായിരുന്നതുകൊണ്ടു പുറമെ സഞ്ചരിപ്പാൻ അധികം നിവൃത്തിയില്ലാതെയിരുന്നു എങ്കിലും) അന്നത്തെ പ്രതാപവും, ചൈതന്യവും, യശസ്സും, ശ്രീയും, പ്രാഭവവും, അധികാരവും, കവിഞ്ഞൊഴുകിയിരുന്ന നിലയേയും പററി ഓൎത്തുനോക്കിയപ്പോൾ ഹൃദയഭേദകമായിതോന്നി. പടിക്കൽ ദ്വാരപാലകന്മാരാരുമുണ്ടായിരുന്നില്ല. നേരേ അകത്തേക്കു പ്രവേശിച്ചു. അവിടത്തെ ആശ്രിതന്മാരും ജോലിക്കാരും ജാഗരൂകന്മാരായി അവരവരുടെ കൃത്യനിൎവ്വഹണം ചെയ്യുന്ന കാഴ്ചക്കു പകരം നിൎജ്ജീവതത്തിന്നു തുല്യമായ നിശ്ശബ്ദതയുടെ ഇടക്കിടെ പക്ഷി പറവകളുടെ ശബ്ദമല്ലാതെ വേറെ യാതൊന്നും കാണ്മാനൊ കേൾപ്പാനൊ ഉണ്ടായിരുന്നില്ല. ഹാ കഷ്ടം! എന്തൊരു മാററം!! ഇങ്ങിനെ മനസ്സിൽ വിചാരിച്ചുകൊണ്ടു ബങ്കളാവിന്റെ മുൻവശത്തെത്തിയപ്പോൾ ഒരു വാല്യക്കാരൻ വന്നു. “എന്താണാവോ പോന്നത്?” എന്നു ചോദിച്ചു. “വിശേഷിച്ചു ഒന്നുമില്ല. ഇവിടങ്ങൾ എല്ലാം ഒന്നു നോക്കിക്കണ്ട് സംസ്കാരംചെയ്ത സ്ഥലവും സന്ദൎശിക്കുവാനായി വന്നതാണ്” എന്നു ഞാൻ മറുപടിപറഞ്ഞു. അപ്പോൾ അയാൾ കൂടെ വന്നു എല്ലാ ദിക്കുകളും തുറന്നു കാണിച്ചുതന്നു, ഓരോ സ്ഥലവും ഉപയോഗപ്പെടുത്തിയിരുന്ന ആവശ്യങ്ങളെയും പററി സവിസ്തരം മനസ്സിലാക്കിത്തന്നു.

ആദ്യമായി കാണിച്ചുതന്നത് നംപൈതമാൾ ചെട്ടിയാൽ നവീനപരിഷ്കൃതരീതിയിൽ കെട്ടിട്ടു സാക്ഷാൽ കെട്ടിടമായിരുന്നു. താഴത്തേക്കാളും മാളികമുകൾ വളരെ മനോഹരമായിരുന്നു. മുൻവശത്ത് ഇരുഭാഗത്തും വിസ്താരമായ (വളഞ്ഞ) കോണിപ്പടികൾ, പിൻഭാഗത്ത് വളഞ്ഞ ഇരുമ്പുകോണി, താഴത്ത് വളരെ മിനുസമുള്ള ഇഷ്ടികകൾ, പൂമുഖത്ത് അതിമാൎദ്ദവമായ കുഷൻഇട്ട പലതരം കസേരകൾ, ഇവ വൃത്താകാരത്തിൽ ചമച്ച് വെച്ചിരിന്നതു എന്തിനാണെന്നു ചോദിച്ചപ്പോൾ, “ഇവിടെ വെച്ചാണ് തമ്പുരാൻ പലേ സഭകളും സദസ്സുകളും നടത്തീട്ടുള്ളത്.” എന്നു അറിയിച്ചു. കാററും വെളിച്ചവും യഥേഷ്ടം സഞ്ചരിക്കാവുന്ന വിധത്തിൽ നയനാനന്ദകരമായ അനവധി ജനലുകൾ; ഏതു വേനല്ക്കാലത്തും സുഖപ്രദമായ ശീതളത്തെ

നല്കുന്ന ഉയൻറ ഓടോടുചേൻറ തട്ട്; ഇവയുടെ തന്മയത്വത്തെ വർദ്ധിപ്പിക്കുന്ന തിരശ്ശീലയെപ്പോലെ വാതിലുകളുടെ മുൻവശത്തു കെട്ടിത്തൂക്കിട്ടുള്ള ആകർഷണീയങ്ങളായ മുത്തുകോർത്ത മാലകൾ, പൂമുഖത്തിന്റെ പിന്നിൽ വിശ്രമമാത്രം ഉപയോഗിക്കുവാൻ യഥോചിതം സകല സൌകര്യങ്ങളോടും കൂടിയ രമണീയമായ മുറികൾ; ആരോഗ്യശാസ്ത്രജ്ഞന്മാരാൽ സമ്മതിക്കപ്പെട്ട ഏററവും പുതിയ സമ്പ്രദായത്തിലുള്ള മലമൂത്രവിസർജ്ജനസൌകര്യങ്ങൾ (Flush latrines) ആകപ്പാടെ ഇതെല്ലാം ചേതസ്സമാകർഷകമായ ഒരു കാഴ്ചതന്നെയായിരുന്നു. എന്നാൽ ഒരുകാലത്തു പണ്ഡിതാഗ്രേസരന്മാരാലും ശാസ്ത്രവിശാരദന്മാരാലും വിദ്വത്ശിരോമണികളാലും അലങ്കരിക്കപ്പെട്ടിരുന്ന സദസ്സ് ഇപ്പോൾ കടവാതിലുകളും അതിന്റെ കുഞ്ഞുങ്ങളും സുഖവാസസ്ഥാനമായി ഉപയോഗിച്ചു വരുന്നതായിട്ടാണ് കണ്ടത്.

അവിടെനിന്നും അമൃതേത്തിന്നു എഴുന്നള്ളാറുള്ള നാലുകെട്ടിൽ ചെന്നുനോക്കി. ആ ഭാഗത്ത് പ്രത്യേകിച്ച് പ്രസ്താവയോഗ്യമായി കണ്ടത് വടക്കുഭാഗം വെച്ചിരിക്കുന്ന തുളസിമാടത്തിന്റെ മദ്ധ്യത്തിൽ ചില്ലലമാറിയുടെ അകത്തു വെച്ചിരിക്കുന്നപോലെ തോന്നുമാറു തിരുമനസ്സിലെ ചെറുതായ ഒരു പ്രതിമയാണ്. "ഇതു ഇവിടെ വെപ്പാൻ കാരണമെന്തു?" എന്ന എന്റെ ചോദ്യത്തിനു മറുപടി.

"അവിടത്തെ ആശ്രിതന്മാരായ ഞങ്ങൾക്ക് കുളികഴിഞ്ഞ് വരുംവഴിക്കു ഞങ്ങളുടെ പ്രത്യക്ഷദൈവമായ തിരുമേനിയെ യഥാവിധി പൂജിച്ച് തൊഴുത് നമസ്കരിച്ച് ആശീർവ്വാദവും വാങ്ങി പോകുന്നതിനായി ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതാണ്" ഇതു കേട്ടപ്പോൾ കലിയുഗത്തിലെ ഏകലവ്യന്റെയും ദ്രോണാചാര്യരുടേയും പ്രത്യക്ഷ സംഭവമാണിത് എന്നു തീർച്ചയാക്കി. ഇങ്ങിനെ ഇക്കാലത്ത് ആശ്രിതന്മാരുടെ നിഷ്കളങ്കവും സീമാതീതവുമായ ഭക്തിബഹുമാനാദരാദിഗുണങ്ങൾക്കു പാത്രീഭവിച്ച ഒരു മഹാൻ ഉണ്ടായിട്ടില്ലെന്നു സ്പഷ്ടമാക്കുന്ന ഒരു ഉത്തമ ഉദാഹരണമാണിതെന്നു നിസ്സംശയം പറയാം.

ഇവിടെനിന്നും കീഴ്പ്പോട്ടിറങ്ങുന്നത് കുളത്തിലേക്കാണ്. കുളം ചെറുതാണെങ്കിലും അതിലുള്ള ജലം സ്ഫടികംപോലെയായിരുന്നു. അതിൽ തമ്പുരാക്കന്മാർക്കും, ബ്രാഹ്മണർക്കും, ഇതരജാതികൾക്കും കുളിക്കുവാൻ വെവ്വേറെ കടവുകൾ കെട്ടീട്ടുണ്ട്. തമ്പുരാക്കന്മാരുടെയും ബ്രാഹ്മണരുടേയും കുളിമുറികളിൽ ജപനമസ്കാരങ്ങൾ കഴിപ്പാനായി പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തീട്ടുണ്ട്. സംസാരമലമോചനത്തി

ന്നായി താപസാംഭസിസ്നാനം ചെയ്തുകൊണ്ടിരുന്ന രാജസന്ന്യാസിയുടെ ദേഹത്തിൻേറയും, മനസ്സിൻേറയും, ആത്മാവിൻേറയും ശുദ്ധിയെ ജലസ്നാനത്തിന്നായി ഉപയോഗിച്ചിരുന്ന ഈ ചെറുകുളത്തിൽക്കൂടി വ്യക്തമായി പ്രതിബിംബിച്ചു കാണാമായിരുന്നു.

കുളത്തിൽനിന്നു ഞങ്ങൾ തമ്പുരാനു ശീലായ്മ ഉണ്ടായതോടുകൂടി പ്രത്യേക ആവശ്യത്തിന്നായി പണിചെയ്യിട്ടുള്ള കെട്ടിടത്തിലേക്കു തിരിച്ചു. ഞാൻ സാധാരണ പോകാറുള്ളതുമവിടെത്തന്നെ ആയിരുന്നു. തീപ്പെട്ടതിന്നുശേഷം ആദ്യമായി അവിടെ പോയതാകകൊണ്ടു പഴയ സ്മരണകൾ പലതും ആകാശമണ്ഡലത്തിൽ കാർമേഘങ്ങൾ എന്നപോലെ എൻെറ മനസ്സിൽ തിങ്ങിവിങ്ങിത്തുടങ്ങി. എൻെറ ദൃഷ്ടി പതിക്കുന്ന സ്ഥലങ്ങളെല്ലാം നിർജ്ജീവങ്ങളായാലും പഴെ ചങ്ങാതിയെ കണ്ടാലുണ്ടാകുന്ന ഉത്സാഹത്താൽ സജീവികളെന്നപോലെ അവയുടെ പഴയ മാഹാത്മ്യമേറിയ ചരിത്രങ്ങളേയും തമ്പുരാൻെറ സ്വർഗ്ഗാരോഹണത്തിന്നുശേഷം അവക്കു അനുഭവിക്കേണ്ടിവന്ന പാപദശകളേയും പററി മൌനമായി ഗദ്ഗദാക്ഷരത്തിൽ വൎണ്ണിക്കുകയാണോ എന്നു എനിക്കു തോന്നി. അവയെ സമാധാനിപ്പിക്കുവാൻ അശക്തനായതുകൊണ്ടു നേരെ മുമ്പോട്ടു പോയി; ശീലായ്മ ഉണ്ടായിരുന്ന കാലത്തു ശയിക്കുവാൻ ഉപയോഗിച്ചിരുന്ന മുറിക്കു മുമ്പിലെത്തി. വെളിച്ചം കിട്ടുവാൻ എൻെറ കൂടെ വന്നിരുന്ന ആൾ മറുവശത്തെ ജനൽ തുറന്നിട്ടു, തണുത്ത പടിഞ്ഞാറൻ കാററു വീശിയതോടുകൂടി എൻെറ മനസ്സിൽ തിങ്ങിക്കൂടിയിരുന്ന കാർമേഘങ്ങൾ ജലധാരകളായി വൎഷിച്ചുതുടങ്ങി. തിരുമേനി ശയിക്കാറുള്ള സ്ഥാനത്തേക്കു ഒന്നു നോക്കിയപ്പോൾ അശരീരിയായി എന്നോടു യോഗക്ഷേമങ്ങൾ കല്പിച്ചരുളിച്ചെയ്യുന്നുണ്ടോ എന്നു തോന്നി; ഞാൻ ബദ്ധാഞ്ജലിയായി സ്തബ്ധമനസ്കനായി നിന്നുപോയി. എന്നാൽ ഇതെല്ലാം ചലനചിത്രത്തിലെന്നപോലെ കഴിഞ്ഞുപോയ കഥകളാണെന്ന ക്രൂരമായ വാസ്തവം അല്പം കഴിഞ്ഞപ്പോൾ എൻെറ മനസ്സിനെ സമാധാനിപ്പിച്ചു. കാരുണ്യവാരാശിയായ മഹാനുഭാവൻെറ അനുഗ്രഹം എന്നെന്നേക്കും ഉണ്ടാകേണ്ടതിലേക്കായി തിരുമേനിയുടെ തൃപ്പാദസ്മരണയെ ശിരസാവഹിച്ചുകൊണ്ടു അവിടംവിട്ടു.

മേല്പറഞ്ഞ മുറിയുടെ പടിഞ്ഞാറു ഭാഗത്തായി വൃക്ഷനിബിഡമായ പ്രദേശത്തിൻെറ മദ്ധ്യത്തിൽ പ്രകൃതീദേവിയുടെ വിഹാരരംഗമോ എന്നു തോന്നിക്കുമാറു ചതുരാകാരത്തിൽ ഒരു തുറവിവെട്ടിത്തെളിയിച്ചിരുന്നു. സായാഹ്നവേളയിൽ അസ്താചലചൂഡാവലംബിതനായ ആ

ദിത്യഭഗവാന്റെ ക്ഷീണിച്ച കിരണങ്ങളാൽ സ്വൎണ്ണവൎണ്ണംപോലെ ശോഭിച്ചുകൊണ്ടിരുന്ന ആ സ്ഥലത്തു മന്ദമാരുതന്റെ ശീതളത്തേയും സൌരഭ്യത്തേയും ആസ്വദിച്ചുകൊണ്ട് ഏകാഗ്രചിത്തനായി തിരുമേനി ദൈവീകസ്മരണ ചെയ്യുന്നതു പതിവായിരുന്നുവത്രെ.

പിന്നെ കാണ്മാനുണ്ടായിരുന്ന ദിക്ക് സംസ്കാരം കഴിച്ച പ്രദേശം ആയിരുന്നു അവിടെക്കുള്ള വഴി സാധാരണ പുണ്യക്ഷേത്രങ്ങളിലേക്കുള്ള മാൎഗ്ഗം എങ്ങിനെ ദുൎഗ്ഗമമായിരിക്കുമോ അതുപോലെ കാടും ചെടിയും മുള്ളും സ്വച്ഛന്ദം പടൎന്നുപിടിച്ചിരിക്കുന്നതിന്റെ ഇടയിൽ കൂടെ ആയിരുന്നു. കൽചുമരാൽ നാലുഭാഗവും സുരക്ഷിതമായി പരിപാവനമായ തുളസിച്ചെടികളാലാവൃതമായി നടുവിലുണ്ടായിരുന്ന ഒരു കരിങ്കൽ സ്ഥാപനമാണ് നമ്മുടെ പൊന്നുതിരുമേനി സ്ഥൂലശരീരത്തെ ത്യജിച്ച സ്ഥലത്ത് നില്ക്കുന്നത്. അവിടേയും ഒരു ആശ്ചൎയ്യം! ഭേദിക്കുവാൻ എത്രയോ ബുദ്ധിമുട്ടുള്ള ഈ കരിങ്കല്ലിന്മേൽ വെച്ചുപിടപ്പിച്ച വാഴയാതൊരു വാട്ടവുംകൂടാതെ നിഷ്പ്രയാസം വളൎന്നുവന്നു. ഒരു കൊല്ലം തികയുന്നതിന്നുമുമ്പെതന്നെ കുലച്ചിരിക്കുന്നു! വിക്രമാദിത്യന്റെ സിംഹാസനം സ്ഥാപിച്ചിരുന്ന പ്രദേശത്തിന്നു ഒരു മാഹാത്മ്യമുണ്ടായിരുന്നു എന്നു കേട്ടിട്ടേയുള്ളൂ. ഇതാ പ്രത്യക്ഷമായി യാതൊരുത്തന്നുംസംശയത്തിന്നു ഇടംവെക്കാതെ പ്രജകളുടെ ക്ഷേമത്തിന്നായി മാത്രം ജീവിച്ചിരുന്ന കരുണാനിധിയായ രാജൎഷി ദേഹവിയോഗം ചെയ്ത സ്ഥലത്ത് ഒരു സസ്യത്തിന്റെ ജീവരക്ഷക്കായി കഠിനമായ പാറക്കല്ലുപോലും വാഴയുടെ വേര് ഓടത്തക്കവണ്ണം മാൎദ്ദവമുള്ളതായിത്തീൎന്നിരിക്കുന്നു. ആരുടെ മനസ്സിനെയാണ് ഈ കാൎയ്യം അലിയിക്കാത്തത്? ശൌൎയ്യവീൎയ്യ ധൈൎയ്യപരാക്രമാദി ക്ഷത്രിയഗുണസമ്പന്നനായി സത്യം, ദയ, കരുണ, ജ്ഞാനം, നിഷ്ഠ, ധൎമ്മം മുതലായ താപസികഗുണനിധിയായി ആ രാജൎഷിപുംഗവൻ നമ്മുടെ മദ്ധ്യത്തിൽനിന്നു മാനുഷരൂപം വെടിഞ്ഞിരിക്കുന്നു. എന്നാലും ആത്മജ്യോതിരൂപമായ സൎവ്വാന്തൎയ്യാമിയായി എങ്ങും വിളങ്ങികൊണ്ടേയിരിക്കുന്നു.

# നിർവൃതി.

(പാന)

(തേറമ്പിൽ ശങ്കുണ്ണിമേനോൻ)

ജീവിതപ്പോരിലേററം പരാജിത-
നാവുകിലും, ഭയപ്പെടാതെപ്പൊഴും
ഭാവിയിൽ മമ, പാവന ഭാസുര-
ഭാവനാതീതമാകുമദ്ദിക്കെത്താൻ
പോകയാണു ഞാനെന്നാശാവല്ലരി-
പൂത്തു നില്ക്കുന്ന ഭംഗിനുകരുവാൻ.
ഇന്നിരുട്ടിലിഴഞ്ഞിഴഞ്ഞങ്ങോട്ടോ-
മന്ദം മന്ദം ഗമിക്കുമെൻജീവിതം
നാളെക്കാലത്തുഷസ്സിൻെറ സൌഹൃദ-
പാളിയിൽ പുളകാങ്കിതമായ് തീരും.

കണ്ടതില്ലെൻെറ സങ്കേതമിന്നോളം
കണ്ടകങ്ങളാലാവൃതമാകയാൽ
ശ്രീലസിക്കുമദ്ദിക്കെത്ര ദൂരെയായ്
ലാലസിച്ചു കൊള്ളട്ടെയെന്നാകിലും
ഇണ്ടൽകൊണ്ടു വിരണ്ടു ഭയംകൊണ്ടു-
മണ്ടുകില്ലഞാൻ പിന്നോട്ടൊരിക്കലും.

പാറകളിലടിച്ചടിച്ചെത്രയും
താറുമാറായിത്തീർന്നുവെന്നാകിലും
ഘോരമാം വനംവിട്ടു വാരാശിയിൽ
ചേരുവാൻ നദിമുന്നോട്ടു പായുമ്പോൾ;

കൂരിരുട്ടിൻെറ മർദ്ദനമേററാലും
വാരിധിയിൽ ചളിക്കണ്ടിലാണ്ടാലും,
പൊന്നുഷസ്സിൻെറ നെററിനുകരുവാ-
നെന്നുമെന്നും ദിനേശനണയുമ്പോൾ;

ചണ്ഡമാർത്താണ്ഡ രശ്മികളേററുമൽ-
ക്കണ്ഠിതയായ് പകൽ കഴിവോളവും
പ്രേമസാരഭരിതയായ് കൈരവം
പ്രാണനാഥനെക്കാത്തു വസിക്കുമ്പോൾ;

ഞാനിവണ്ണ മലസനായ്, ഭീതനായ്,
ദീനനായ് വസിച്ചീടുകയാണെങ്കിൽ
പൌരുഷമുഷസ്സിൻെറ ഹസിതത്തിൽ
ഗൌരവഹീനമായ് തല ചാച്ചിടും.

കൂരിരുട്ടിൽനിന്നൂറിയെടുത്തതാം
നേരിയപൊൻ പുലരിതൻശോഭയിൽ
എന്നെത്തന്നെ മറന്നു ഞാൻ പാവന-
സുന്ദരങ്ങളാം ഗാനങ്ങൾ പാടിയും,
ചിത്തഭിത്തിയിൽ ചൈതന്യമൂർത്തിതൻ
നിത്യമോഹന രൂപമെഴുതിയും,
ഞാനൊടുക്ക മണയുമാ 'നിർവൃതി'
ആനന്ദക്കതിർ വീശിടും വെൺമതി.

---

## തങ്കമണി.

(ഒരു ചെറുകഥ.)

(അയാംകുടി പി. ആർ. ശങ്കരപ്പിള്ള)

സമയം അർദ്ധരാത്രി കഴിഞ്ഞു. പ്രകൃതി നിശ്ശബ്ദവും ശാന്തവുമായി കാണപ്പെട്ടു. അപൂർവ്വം ചില ജീവികളൊഴിച്ചു ബാക്കിയുള്ളവയെല്ലാം നിദ്രയിൽ ലയിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ, പരിസരസ്ഥിതികളിൽ അവധാനത പ്രദർശിപ്പിച്ചുകൊണ്ടു ഖഡ്ഗപാണികളായ രണ്ടുപേർ തിരുവനന്തപുരത്തുനിന്നും കഴക്കൂട്ടത്തേയ്ക്കുള്ള കാട്ടുവഴികളിൽകൂടി പരസ്പരം യാതൊന്നും സംസാരിക്കാതെ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. ആപത്തിലകപ്പെട്ട ഒരു ശിശുവിനെ രക്ഷിക്കാൻ അതിൻെറ മാതാപിതാക്കന്മാർ പ്രകടിപ്പിക്കുന്നതിൽ തുലോം കൂടുതൽ പരിഭ്രമവും വ്യസനവും അവരിലൊരാൾ പ്രദർശിപ്പിച്ചു. അവരിൽ പ്രമാണിയെന്നു സംശയിക്കത്തക്കവിധം മുമ്പേ ഗമിക്കുന്ന ഹ്രസ്വകായനും കോമളനുമായ യുവാവാണ് ഈ വികാരങ്ങൾ കൂടുതലായി വെളിപ്പെടുത്തിയത്. തടിച്ചുകൊഴുത്തു ബലിഷ്ഠനായ മറേറ ആൾ കേവലം ഒരു നിർവ്വികാരനായിരുന്നുവെന്നു പറയാം. എന്നാൽ പ്രമാണിയുടെ ആജ്ഞയനുസരിക്കുവാൻ അയാൾ അളവററ ഔത്സുക്യം പ്രദർശിപ്പിക്കുന്നുണ്ടായിരുന്നു. ഖ

ഡ്ഗങ്ങൾകൊണ്ടു കാട്ടുചെടികൾ മുറിച്ചും കാലുകൾകൊണ്ടു കല്ലുകൾ തട്ടിയും കാലിൽ തറച്ച മുള്ളുകൾ വലിച്ചൂരിയും അവർ ഒരുവിധം മുമ്പോട്ടു ഗമിക്കുന്നതിനിടയ്ക്കു ചിലപ്പോൾ മുമ്പേപോകുന്ന യുവാവു തന്റെ സഹചരനോടു ചോദിച്ചു മാൎഗ്ഗസന്ദേഹം പരിഹരിച്ചുവന്നു. കാലിന്റെ വേദനയൊ കല്ലിന്റെ കാഠിന്യമൊ മുള്ളിന്റെ മൂൎച്ചയൊ അന്ധകാരത്തിന്റെ ആധിക്യമൊ അവരുടെ ഗതിയെ അശേഷം രോധിച്ചില്ല. ഏകദേശം ഒരു നാഴികനേരത്തോളം അവർ ഇങ്ങനെ യാത്രചെയ്തു. അപ്പോൾ വഴിയരുകിലുള്ള കുറ്റിക്കാട്ടിൽ എന്തോ ഒരു ശബ്ദം കേട്ടതുപോലെ അവൎക്കു തോന്നി. അവർ വേട്ടനായ്ക്കളെപ്പോലെ ശ്രദ്ധാപൂൎവ്വം അങ്ങോട്ടടുത്തു. സമീപത്തുചെന്നപ്പോൾ അതൊരു മനുഷ്യരൂപമാണെന്നും തങ്ങളെക്കണ്ടതുകൊണ്ടു പതുങ്ങിയതാണെന്നും അവർ മനസ്സിലാക്കി. പ്രമാണിയായ യുവാവു യാതൊരു മടിയുംകൂടാതെ ആ മനുഷ്യരൂപത്തിന്റെ വലത്തെ ഭുജത്തിൽ പിടികൂടി. ക്ഷണത്തിൽ അയാൾ ആയുധപാണിയായ ഒരു ഭടനാണെന്നു് പ്രമാണിക്കു മനസ്സിലായി. കപടം ഫലിക്കാതെ വന്നപ്പോൾ അയാൾ കുറ്റിക്കാട്ടിൽനിന്നു വെളിയിൽവന്നു. പ്രമാണി അപ്പോഴും പിടിവിട്ടില്ല. ഇതരൻ ബലം പ്രയോഗിച്ചുമില്ല.

പ്രമാ:—അൎദ്ധരാത്രിക്കു ഈ ഘോരകാന്താരത്തിൽകൂടി ഏകാകിയായി സഞ്ചരിക്കുന്ന നിങ്ങൾ ആരാണ്?

ഭട:—ഈ ചോദ്യത്തിനു എനിക്കും അവകാശമുള്ളതാണല്ലൊ.

പ്രമാ:—ഞങ്ങൾ രണ്ടുപേരുണ്ടല്ലൊ.

ഭട:—നിങ്ങൾക്കത്രത്തോളം ഭയം കൂടുതലുണ്ടെന്നേ അതിനൎത്ഥമുള്ളു.

പ്രമാ:—നിങ്ങളോടു വ്യാഖ്യാനത്തിനാവശ്യപ്പെട്ടില്ല ചോദ്യത്തിനുത്തരം വേഗം പറയണം.

ഭട:—അതു നിങ്ങൾക്കും ആകാമല്ലൊ.

പ്രമാ:—വാഗ്വാദത്തിനു സമയമില്ല. പോകാൻ തിടുക്കമുണ്ട് വേഗം പറയണം.

ഭട:—തിടുക്കമുള്ളവർ പോകണം. ഞാൻ വാഗ്വാദത്തിനും തടസ്സത്തിനും വരുന്നില്ല മാൎത്താണ്ഡവൎമ്മ മഹാരാജാവു വഞ്ചിരാജ്യം വാണരുളുന്ന കാലത്തു വഴിനടപ്പാൻ വയ്യെന്നു വന്നുവൊ?

പ്രമാ:—നിങ്ങളുടെ സമാധാനം അറിഞ്ഞിട്ടേ പോകാൻ വിചാരിക്കുന്നുള്ളു. അദ്ദേഹം നാടുവാഴുന്ന കാലത്തു തസ്കരന്മാൎക്കു ഒളി

ഞ്ഞും മറഞ്ഞും രാത്രികാലങ്ങളിൽ സഞ്ചരിക്കാമെന്നു വിധിയുണ്ടോ? അതു ഞങ്ങൾ ഗ്രഹിച്ചിട്ടില്ല.

ഭട:—നിങ്ങൾ തസ്കരന്മാര മാത്രമല്ല ഘാതകന്മാര കൂടിയാണെന്നു തോന്നുന്നു.

പ്രമാ:—ശരിയായ സമാധാനം പറഞ്ഞില്ലെങ്കിൽ ആ വേഷവും ഞങ്ങൾ കെട്ടേണ്ടിവരും.

ഭട:—ഫലംകൊണ്ടുതന്നെ അറിയണം. ജീവനിൽ കൊതിയുണ്ടെങ്കിൽ അദ്ധരാത്രിക്കു ആരെങ്കിലും ഇങ്ങനെ ഏകാകിയായി സഞ്ചരിക്കുമൊ. എന്റെ ശരീരം ഭീഷണികൊണ്ടു വിറക്കുന്നതല്ല.

പ്രമാ:—നിങ്ങൾ എന്റെ അനുചരനെക്കാണുന്നില്ല. അവന്റെ ഒരു വിരലിനു നിങ്ങൾ ആളല്ല. കായ്യമറിയാതെ അനത്ഥത്തിൽ ചെന്നു ചാടരുത്. പരമാത്ഥം പറയുക; വിട്ടയക്കാം.

ഭട:—കൊള്ളാം. ഞാൻ നിങ്ങളുടെ അധീനത്തിലൊ. അക്കായ്യത്തിനു ഞാൻ നിങ്ങളുടെ കരുണയെ അത്ഥിക്കുന്നില്ല. നിങ്ങളുടെ അനുയായിയെക്കാൾ തുലോം ഭയങ്കരന്മാരേയും ഞാൻ കണ്ടിട്ടുണ്ട്. അനത്ഥത്തിൽ ഭയമില്ല. ആയുധം ധരിച്ച ദിവസംതന്നെ ഭയം ദൂരെ വെടിഞ്ഞതാണ്.

പ്രമാ:—സമയം അധികമാകുന്നു. വാഗ്വാദത്തിനു സമയമില്ല ആപത്തിലകപ്പെട്ടിരിക്കുന്ന മിത്രത്തെ രക്ഷിപ്പാൻ പുറപ്പെട്ടിരിക്കുന്നവരെ നിങ്ങൾ താമസിപ്പിക്കരുത്. പരമാത്ഥം പറയുക. ചൊടിയുള്ള ഒരു യുവാവിനെ നശിപ്പിക്കാനുള്ള സങ്കടംകൊണ്ടു വീണ്ടും പറയുന്നതാണ്.

ഭട:—എന്തിനു മടി വിചാരിക്കുന്നു. സംശയം തീൎന്നുകൊള്ളട്ടെ. ആപത്തിലകപ്പെട്ട മിത്രം ആരാണ്? സഹായിപ്പാൻ ഞാനും സന്നദ്ധനാണല്ലൊ.

പ്രമാ:—നിങ്ങൾ ആരെന്നു പറയാതെ ശത്രുവൊ മിത്രമൊ എന്നറിയുന്നതെങ്ങനെ?

ഭട:—നിങ്ങൾ ആരെന്നു പറയുക. അപ്പോൾ ഞാനും എന്റെ വാസ്തവം വെളിപ്പെടുത്താം. സാധുസംരക്ഷണത്തിനു സന്നദ്ധനായി സഞ്ചരിക്കുന്ന എനിക്കു ശത്രുമിത്രഭേദമില്ല. ആപത്തിലകപ്പെടുന്നവരെ രക്ഷിക്കയെന്നേ വ്രതമുള്ളു.

പ്രമാ:—നിങ്ങളുടെ ഈ ഒഴിഞ്ഞുമാറുന്ന സമ്പ്രദായം നന്നല്ല.

അതുകൊണ്ടു സമ്മതിക്കുന്നവരല്ല ഞങ്ങളെന്നു ധരിക്കണം; ഞങ്ങൾ തിരുവനന്തപുരത്തു കോട്ടയ്ക്കു സമീപം പാൎക്കുന്നവരാണ്. മഹാരാജാവിന്റെ ഭാഗത്തു ചേൎന്നിരിക്കുന്ന രണ്ടു ഭടന്മാരുമത്രേ.

ഭട:—വാസ്തവമോ? വ്യാജ്യംകൊണ്ടു സാധുക്കളെ വഞ്ചിക്കരുത്.

പ്രമാ:—കപടംകൊണ്ടു കൈയ്കാൎയ്യം ചെയ്യുന്ന സ്വഭാവം ഞങ്ങൾക്കില്ല.

ഭട:—വളരെ സന്തോഷം. ഞാനും നിങ്ങളുടെ ഭാഗക്കാരൻ തന്നെ. എന്റെ ദേശം കുറെ തെക്കാണ്.

പ്രമാ:—തെക്കെവിടെ? ഇവിടെ എന്തിനു വന്നു? കളവുപറയരുത്. ഖഡ്ഗത്തിന്റെ വിശ്രമത്തിനു ഭംഗം വരുത്തുവാൻ ഇടയാക്കരുത്.

ഭട:—എന്നാൽ അതു കഴിയട്ടെ യഥാൎത്ഥയോദ്ധാവു ഖഡ്ഗത്തെ ഭയപ്പെടുകയില്ലെന്നു നിങ്ങൾ ഇനിയെങ്കിലും ഗ്രഹിക്കുക. സംശയമുണ്ടെങ്കിൽ അതുതന്നെ ആദ്യം നടക്കട്ടെ. ശേഷം പിന്നിടാകാം.

പ്രമാ:—ക്ഷമിക്കുക. ഞാൻ വിവേകമില്ലാതെ സംസാരിച്ചുപോയി.

ഭട:—തെക്ക്, മുന്തായാണ് എന്റെ ഭവനം. നാട്ടുവാഴിയുടെ കുടുംബത്തിലെ ഇളമുറക്കാരൻ.

പ്രമാ:—പേര്.

ഭട:—രാഘവക്കുറുപ്പ്.

അല്പസമയത്തേക്കു പ്രമാണിയായ ഭടൻ യാതൊന്നും സംസാരിച്ചില്ല അയാളുടെ ഗാത്രം പുളകിതമായി. തുടരെത്തുടരെ ഒന്നുരണ്ടു ദീൎഘശ്വാസങ്ങൾ പുറപ്പെട്ടു. തമോകാഠിന്യത്താൽ അയാളുടെ പുളകിതഗാത്രമൊ വൈവൎണ്ണ്യമുഖമൊ ആ ഭടനു കാണ്മാൻ കഴിഞ്ഞില്ല. പ്രമാണി ക്ഷണം തന്റെ വികാരങ്ങളെ നിയന്ത്രണം ചെയ്തുകൊണ്ടു വീണ്ടും സംഭാഷണം ആരംഭിച്ചു.

പ്രമാ:—നിങ്ങളുടെ മാതുലൻ, തിരുമനസ്സിലെ ശത്രുവാണല്ലൊ. ആ സ്ഥിതിക്കു നിങ്ങളുടെ വാക്കു വിശ്വസിക്കുന്നതെങ്ങനെ?

പ്രമാണിയാരെന്നുള്ള യഥാൎത്ഥം അറിഞ്ഞിരുന്നുവെങ്കിൽ ഭടൻ ഈ ചോദ്യത്തിനു തക്ക ഉത്തരം നൽകുമായിരുന്നു.

ഭട:— അമ്മാവൻ യഥാൎത്ഥത്തിൽ അദ്ദേഹത്തിന്റെ ശത്രു

വല്ല എന്നാൽ ചില ഉപജാപങ്ങൾമൂലം ശത്രുപക്ഷത്തിൽ ചേൎന്നിരിക്കുന്നുവെന്നതു വാസ്തവമാണ്. അഥവാ അമ്മാവൻ ശത്രുവാണെന്നു വിചാരിച്ച് അനന്തരവനു ബന്ധുവാകരുതെന്നുണ്ടോ? ഏകോദരസഹോദരന്മാർപോലും ശത്രുമിത്രകക്ഷികളിൽ ചേരുന്ന സ്ഥിതിയ്ക്കു മാതുലഭാഗിനേയന്മാൎക്കു അങ്ങനെ ചെയ്യരുതെന്നുണ്ടോ. രാവണൻ ശ്രീരാമചന്ദ്രന്റെ പരമശത്രു. വിഭീഷണൻ അദ്ദേഹത്തിന്റെ ആപ്തബന്ധു. അങ്ങനെ വരാൻ കാരണമെന്ത്.

പ്രമാ:— വാസ്തവംതന്നെ. സംശയംകൊണ്ടു ചോദിച്ചതാണ്.

ഭട:— എന്റെ അഭിപ്രായത്തിൽ കൂടുതൽ ന്യായം കാണുന്നതു തിരുമനസ്സിലെ ഭാഗത്താണ്. അമ്മാവന്റെ അഭിപ്രായം മറിച്ചായിരിക്കണം. തിരുമനസ്സിലേക്ക് എന്നെ അറിവില്ല. വിവരം ഞാൻ അദ്ദേഹത്തെ അറിവിച്ചിട്ടുമില്ല. ഇന്നു നടക്കാൻപോകുന്ന സംഗതിയെക്കുറിച്ചു ഞാനും ചിലതൊക്കെ ഗ്രഹിച്ചിരിക്കുന്നു. നിവൃത്തിയുണ്ടെങ്കിൽ തിരുമേനിയെ അപകടത്തിൽനിന്നു രക്ഷിക്കണമെന്നു വിചാരിച്ചാണ് ഞാനും പുറപ്പെട്ടിരിക്കുന്നത്.

പ്രമാ:— നാം ഒരേ ഉദ്ദേശക്കാർതന്നെ. പരസ്പരം കണ്ടുമുട്ടുവാനിടയായതു പത്മനാഭന്റെ കാരുണ്യംകൊണ്ടത്രെ.

ഭട:— വേഗം പുറപ്പെടണം. സമയം അതിക്രമിച്ചിരിക്കുന്നു.

പ്രമാ:— അങ്ങനെതന്നെ.

അവർ മൂവരും ത്വരിതമായി നടന്നു. ഇവർ ആരെന്നറിവാൻ വായനക്കാൎക്കു ഉൽക്കണ്ഠയുണ്ടായിരിക്കുമല്ലൊ.

അനിഴം തിരുനാൾ മാൎത്താണ്ഡവൎമ്മ മഹാരാജാവു നാടുവാണിരുന്ന കാലത്തു ശത്രുക്കൾ അദ്ദേഹത്തെ പലവിധത്തിൽ ഉപദ്രവിച്ചിരുന്നു. അക്കാലത്തു തെക്കൻ തിരുവിതാംകൂറിൽ മുഞ്ചിറയെന്ന സ്ഥലത്ത് ഒരു പ്രസിദ്ധനായ നാടുവാഴിയുണ്ടായിരുന്നു. തമ്പിമാരും യോഗക്കാരുംകൂടി നാടുവാഴിയെ തെറ്റിദ്ധരിപ്പിച്ച് അവരുടെ ഭാഗത്തേക്കാകൎഷിച്ചു. നാടുവാഴി ഒരു ശുദ്ധാത്മാവായിരുന്നു എന്നാൽ ഇളമുറക്കാരനായ രാഘവക്കുറുപ്പ് മഹാരാജാവിനെ സഹായിക്കണമെന്നുള്ള പക്ഷക്കാരനായിരുന്നു. മാതുലന്റെ മനോഗതിക്കു മാറ്റം വരുത്തുവാൻ അനന്തരവൻ വളരെ ശ്രമിച്ചു. പക്ഷേ അതു ഫലിച്ചില്ലെന്നു മാത്രമല്ല സുഗ്രീവാജ്ഞക്കാരനായ നാടുവാഴിയുടെ ഉപദ്രവം അനന്തരവൻ അനുഭവിക്കേണ്ടതായും വന്നു. ഏതായാലും തന്റെ ദൃഢനിശ്ചയത്തി

ന മാററം വരുത്തുകയില്ലെന്നുറച്ച് അയാൾ അതിലേക്ക് പുറപ്പെട്ടിരിക്കയാണ്.

അക്കാലത്തു മഹാരാജാവിൻെറ ശത്രുസംഘത്തിലുൾപ്പെട്ടിരുന്നവർ എട്ടുവീട്ടിൽ പിള്ളമാരും തമ്പിമാരും യോഗക്കാരുമായിരുന്നു. തമ്പിമാൎക്കു കൊച്ചമ്മിണിത്തങ്ക അഥവാ തങ്കമണി എന്ന നാമധേയത്തിൽ ഒരു സഹോദരിയുണ്ടായിരുന്നു മഹാരാജാവിന് അവളെ വിവാഹം ചെയ്താൽ കൊള്ളാമെന്നു ആഗ്രഹമുണ്ടായിരുന്നുവത്രെ. തമ്പിമാർ അതു സമ്മതിച്ചില്ല. അവൾ മഹാരാജാവിനെ സ്നേഹിച്ചിരുന്നു. പക്ഷേ അദ്ദേഹത്തോടു പ്രേമമുണ്ടായിരുന്നില്ല. അവൾ ഒരിക്കൽ യാദൃശ്ചികമായി കണ്ടുമുട്ടിയ രാഘവക്കുറുപ്പിലാണ് അവളുടെ പ്രേമം പതിഞ്ഞിരുന്നതു്. പക്ഷേ കുറുപ്പ് ഈ സംഗതി ഗ്രഹിച്ചിരുന്നില്ല. സഹോദരന്മാരും മററും മഹാരാജാവിനോടു നേരിട്ടു യുദ്ധം ചെയ്തു വിജയം നേടുന്നതിൽ അവൾക്കു വിസമ്മതമില്ലായിരുന്നു. എന്നാൽ ചതിവും കളവും കൊണ്ടു ശത്രുവിനെ നശിപ്പിക്കാൻ തുടങ്ങുന്ന നീചമാൎഗ്ഗത്തെ അവൾ ആദരിച്ചിരുന്നില്ല. സഹോദരന്മാർ അങ്ങനെ വല്ല ദുൎവ്വൃത്തികൾക്കും തുടരുന്നതായി അറിവുകിട്ടിയാൽ അവൾ അപ്പഴപ്പോൾ അതിന് എതിരായി പ്രവൎത്തിച്ചുകൊണ്ടുമിരുന്നു.

മഹാരാജാവ് ഒരുദിവസം അൎദ്ധരാത്രിക്കു തിരുമനസ്സിലെ പക്ഷക്കാരനായ പടവെട്ടത്തു മണികണ്ഠക്കുറുപ്പിൻെറ ഭവനത്തിലേക്കു പോകുന്ന വിവരം എങ്ങനെയോ ശത്രുക്കൾക്കു അറിവുകിട്ടി. അവർ വഴിയരുകിൽ പതുങ്ങിയിരുന്നു മഹാരാജാവിനെ വധിക്കണമെന്നു നിശ്ചയിച്ചു. ഈ വിവരം ഒരു ദാസിമൂലം തങ്കമണിക്കും അറിവാനിടയായി. അവൾ അതിനുവേണ്ട പരിഹാരമാൎഗ്ഗൾ നിശ്ചയിച്ചുറയ്ക്കുകയും ചെയ്തു. തങ്കമണിക്ക് അതിവവിശ്വസ്ഥനും ഒരു പടക്കുതിരയെപ്പോലെ അനുസരണയുള്ളവനുമായി പങ്ങൻ എന്നൊരു ഭൃത്യനുണ്ടായിരുന്നു. അയാൾ ഒരു ഷണ്ഡനും അമിതബലവാനുമാണ്. തങ്കമണിക്കു വേണ്ടി ജീവൻ ത്യജിക്കുവാനും അവൻ ഒരുക്കമായിരുന്നു.

രാഘവക്കുറുപ്പ് മററു രണ്ടു ഭടന്മാരുമൊരുമിച്ചു ഏകദേശം അരനാഴികദൂരം കാട്ടുചെടികൾക്കിടയിൽ കൂടി സഞ്ചരിച്ചപ്പോൾ വടക്കുനിന്നു ചില ശബ്ദങ്ങൾ കേട്ടുതുടങ്ങി. അവൎക്കു പരിഭ്രമവും വ്യസനവും വൎദ്ധിച്ചു. നടപ്പിനു വേഗംകൂട്ടി. കല്ലും കാടും കരടും കുററിയുമൊന്നും വകവെക്കാതെ അവർ മുമ്പോട്ടു പാഞ്ഞു. ശബ്ദം അടുത്തടുത്തു കേട്ടുതുടങ്ങി. അപ്പോൾ വടക്കുനിന്നു ധൈൎയ്യച്യുതി ഭവിച്ചിട്ടില്ലാത്ത

വരെങ്കിലും സാമാന്യം ഭയപരവശരായ രണ്ടുപേർ തെക്കോട്ടു പായുന്നു
ണ്ടായിരുന്നു. കുറെ ഭടന്മാരും അവരെ അനുധാവനം ചെയ്തിരുന്നു.
ഭയചകിതരായ ആ രണ്ടുപേരും ചെന്നുചേൎന്നതു കുറെ ഭടന്മാരുടെ മു
മ്പിലാണ്. അന്തർഭാഗത്തു സൎപ്പവും ബഹിർഭാഗത്തു മാൎജ്ജാരനും സ്ഥി
തിചെയ്യുന്ന ഒരു വിലത്തിന്റെ മദ്ധ്യത്തിലകപ്പെട്ട രണ്ടു മൂഷികവീര
ന്മാരെപ്പോലെ അവർ വിഷമിച്ചു. ശത്രുക്കൾ തങ്ങളെ വളഞ്ഞു എന്നു
ഗ്രഹിച്ചുകഴിഞ്ഞപ്പോൾ ഭയം തീരെ നശിച്ചു. ധൈൎയ്യം വൎദ്ധിച്ചു. ആ
പത്തിലകപ്പെട്ടുവെന്നു ബോധം വന്നാൽ ജീവികൾക്കു അവിവേകമി
ളിതമായ ഒരു ധൈൎയ്യമുണ്ടാവുക പതിവാണ്. പൂച്ച പട്ടിയ്ക്കു പിടി
കൊടുക്കാതെ ഒഴിഞ്ഞുമാറുവാൻ ശ്രമിക്കും; അതിനു സൗകൎയ്യം സിദ്ധി
ക്കാതെ വന്നാൽ ധൈൎയ്യപൂൎവ്വം ചീറിയും ചപേടികകളെ ഉയൎത്തിയും
നായ്ക്കളോടു പടവെട്ടുന്നതു പലരും കണ്ടിരിക്കാം. ഗതിമുട്ടിയാൽ എ
തിരിടുകയെന്നതു ജന്തുസ്വഭാവമാണ്. അവർ പുറത്തോടുപുറംതിരി
ഞ്ഞുനിന്നുകൊണ്ടു സമരംതുടങ്ങി. വെട്ടിയും തടഞ്ഞും ഒഴിഞ്ഞും മാ
റിയും മുട്ടിയും തട്ടിയും ഏറ്റും കൊടുത്തും അവർ വല്ലാതെ വലഞ്ഞു.
ഒടുവിൽ ശത്രുക്കളുടെ ഖഡ്ഗങ്ങൾക്കിരയാവുകയേയുള്ളു എന്നു ഉറ
ച്ചു. ഈ സന്ദൎഭത്തിൽ രാഘവക്കുറുപ്പും മറ്റും അവിടെ ചെന്നുചേൎന്നു.
അന്ധകാരത്തിന്റെ ആധിക്യംകൊണ്ടു ശത്രുമിത്രങ്ങളെ തിരിച്ചറിയാൻ
വയ്യാതെ എല്ലാവരും കുഴങ്ങി, പരസ്പരമുള്ള വെട്ടുംകുത്തും ഏറ്റു തന്നെ
ശത്രുഭടന്മാരിൽ പലരും മരിച്ചു. "ശത്രുക്കളല്ല, ബന്ധുക്കളാണ്" എ
ന്നു വിളിച്ചു പറഞ്ഞുകൊണ്ടാണ് കുറുപ്പ് അടുത്തുചെന്നത്. ശത്രുഭ
ടന്മാർ സന്തോഷിച്ചു. ആപത്തിലകപ്പെട്ടിരിക്കുന്നവർ ഭയപ്പെട്ടു. ക
റുപ്പും കൂട്ടുകാരും അടുത്തു ചെന്നു ഏകദേശം ആൾ മനസ്സിലാക്കിയും
ലാക്കുനോക്കിയും ഖഡ്ഗപ്രയോഗമാരംഭിച്ചു. പ്രമാണിയുടെകൂടെയു
ണ്ടായിരുന്ന ബലിഷ്ഠഗാത്രനായ ആ ഭടൻ സ്വസ്വാമിയുടെ നിൎദ്ദേശമ
നുസരിച്ചു യുദ്ധംചെയ്തു വലഞ്ഞുനില്ക്കുന്ന ഭീതരായ ആ രണ്ടുപേരുടെ
സമീപത്തുചെന്നു അവൎക്കാപത്തു സംഭവിക്കാത്തവിധം സൂക്ഷിച്ചുകൊ
ണ്ടു ശത്രുക്കളെ ഓരോന്നായി മട്ടിയ്ക്കുവാൻ ഒരുമ്പെട്ടു. ആഗതന്മാർ
ബന്ധുക്കളാണെന്നറിഞ്ഞപ്പോൾ ആ രണ്ടുപേരും സന്തോഷിച്ചു. പിന്നീ
ട് അവർ അഞ്ചുപേരുംകൂടി വെട്ടിയും ചവുട്ടിയും ഉന്തിയും കുത്തിയും
ശത്രുഭടന്മാരിൽ പലരേയും നശിപ്പിച്ചു. ചിലർ വെട്ടേറ്റ് അൎദ്ധപ്രാ
ണരായി നിലത്തുവീണു. ശേഷിച്ചവർ ഓടിയൊളിച്ചു. കാന്ദിശീകന്മാ
ൎക്കും കഠിനമായ മുറിവുകൾ പറ്റിയിരുന്നു. ഹാ! കഷ്ടം! ഇതിനിടയ്ക്കു

രാഘവക്കുറുപ്പിന്റെ ഭുജത്തിൽ ഒരു വെട്ടേറ്റു അദ്ദേഹം നിലംപതിച്ചിരുന്നു പ്രമാണിയായ ഭടൻ ഈ വിവരം ഒടുവിലാണറിയുന്നത്. അദ്ദേഹം ക്ഷണത്തിൽ തന്റെ അനുചരനു എന്തോ ആജ്ഞ നൽകി. കൊച്ചുകുട്ടികളെ എടുത്തു തോളിൽ കിടത്തുന്നതുപോലെ ആ ഭീമകായൻ യാതൊരു വിഷമവുംകൂടാതെ കുറുപ്പിനെ തോളിൽ വഹിച്ചുകൊണ്ടു പ്രമാണിയുമൊരുമിച്ച ആ വനത്തിനുള്ളിൽ മറഞ്ഞു. മൃത്യുമുഖത്തിൽനിന്നു രക്ഷപ്രാപിച്ച ആ രണ്ടുപേരും തങ്ങളെ രക്ഷിച്ച ദൈവദൂതന്മാരെ അന്വേഷിച്ചു, ഫലം ഇച്ഛാഭംഗമായിരുന്നു. ആ രണ്ടുപേർ മഹാരാജാവും രാമയ്യനുമായിരുന്നുവെന്നു വായനക്കാർ ഊഹിച്ചിരിക്കുമല്ലോ. ഈ അൎദ്ധരാത്രിക്കവന്നു് ആപത്തിൽനിന്നു രക്ഷിച്ച സഹായികളാരെന്നു അവിടുത്തെ മനസ്സിലായില്ല; യുദ്ധം അവസാനിച്ചപ്പോൾ മിന്നൽവേഗത്തിൽ അവർ അവിടെനിന്നു മറഞ്ഞുകളഞ്ഞു. അവൎക്കു വളരെ ഇച്ഛാഭംഗമുണ്ടായി. തിരുമേനി കുന്നിതത്തോടുകൂടി രാമയ്യനുമൊരുമിച്ച അവിടെനിന്നു പോയി.

ദിവസങ്ങൾ നാലഞ്ചുകഴിഞ്ഞു രാഘവക്കുറുപ്പിനു ഇതേവരെ ശരിയായ ബോധം വീണിട്ടില്ല. കുറുപ്പിനെ കൂട്ടുകാർ രാപ്പകൽ അടുത്തിരുന്നു വേണ്ടപോൽ ശുശ്രൂഷിക്കുന്നുണ്ടു്. ഒരുദിവസം കുറുപ്പു കണ്ണു തുറന്നു ചുറ്റുപാടുമൊന്നു നോക്കി. കുറുപ്പിനു അപ്പോൾ ബോധമുണ്ടായിരുന്നു. തന്റെ സമീപത്തു ദേവകന്യകയെപ്പോലെ സുന്ദരിയായ ഒരു യുവതി നില്ക്കുന്നതുകണ്ടു കുറുപ്പു വിസ്മയപ്പെട്ടു. അദ്ദേഹം എന്താണു വേണ്ടതെന്നു സംശയിച്ചു. ഒടുവിൽ ഇങ്ങനെ ചോദിച്ചു.

"തത്ര ഭവതി ആരാണു്. ഞാൻ എവിടെയാണു കിടക്കുന്നതു്. ഈ സ്ഥലം ഏതാണു്".

യുവതി:—ഇതു തമ്പിമാരുടെ ഭവനമാണു്. ഞാൻ അവരുടെ സഹോദരിയത്രെ

കുറു:—കഷ്ടം! ഞാൻ ബന്ധനത്തിലൊ. ഇവിടെ എങ്ങനെ വന്നു.

യുവ:—ബന്ധനത്തിലല്ല. ഭവാൻ ഇവിടെയുള്ള വിവരം സഹോദരന്മാൎക്കറിവില്ല. അന്നുരാത്രി ഭവാനോടൊരുമിച്ചുണ്ടായിരുന്ന ഭടന്മാരാണു് അങ്ങയെ ഇവിടെ കൊണ്ടുവന്നതു്.

കുറു:—അവർ എവിടെ? ഇതിൽ ഭവതിക്കെന്താണു് ബന്ധം.

യുവ:—അധികം സംസാരിച്ചാൽ സുഖക്കേടു വൎദ്ധിക്കുമെന്നാണു വൈദ്യൻ പറഞ്ഞിരിക്കുന്നതു്.

കുറുപ്പു തങ്കമണിയുടെ പ്രേമപീയൂഷനിഷ്യന്ദികളായ നേത്രങ്ങളെ സൂക്ഷിച്ചുനോക്കി. കണ്ണുകളടച്ചു. അല്പസമയത്തേക്കു യാതൊന്നും സംസാരിച്ചില്ല. വീണ്ടും കണ്ണുതുറന്നു.

കുറു:—എന്റെ സംശയം തീൎന്നില്ല.

യുവ:—തിരുമേനിയും കൂട്ടുകാരനും രക്ഷപ്പെട്ടു.

കുറു:—പത്മനാഭന്റെ കാരുണ്യം. ഇതല്ല എന്റെ സംശയം.

യുവ:—അന്നത്തെ ഭടന്മാർ ഞാനും എന്റെ ഭൃത്യൻ പഞ്ചനുമായിരുന്നു. ഇനിയെങ്കിലും അടങ്ങിക്കിടക്കണം.

കുറുപ്പ് അശ്രുക്കൾ പൊഴിച്ചുകൊണ്ടു തങ്കമണിയെ ഉററുനോക്കി. കണ്ണുകൾ അടച്ചു. അവൾ അടുത്തിരുന്നു അദ്ദേഹത്തെ ശുശ്രൂഷിച്ചു.

## കുലീനകുമാരൻ.

(പണ്ഡിതർ കടത്തനാട്ട് ഇ. പി. രാമക്കുറുപ്പ്.)

1 പിഴപ്പിനൊരുജോലികിട്ടുവതിനല്ലവും ജീവിത-
ക്കഴപ്പറിയാതെഴന്നൊരുമഹാപ്രഭുംമന്യനേ
വഴങ്ങിനിജപാദചെപ്പുച്ഛവുമടക്കിനിന്നെത്രയും
കുഴങ്ങിവിഷമിക്കുമീയെളിയപയ്യനേതാസ്സരാം?

2 അരുന്തുദമനോവ്യഥാകര ദരിദ്രതാബാധയാൽ
പെരുത്തുകൃശനായ്സദായം വിനയമാൎന്നുനിന്നീടിലും
ഒരുത്തമകുലത്തിൽ നല്ല പരുജാതനാം പൌരുഷ-
ക്കരുന്നിവ; നറിഞ്ഞിടാം മിഴിയിൽനോക്കിയാലൂൎജ്ജിതം

3 നിലസ്സുഞ്ഞെളിയും ജളൎക്കടിമയെന്നുതോന്നുംവിധം
കലപ്പിറവിനല്ലവൻ വിനയനമ്രനാമെപ്പൊഴും,
തുലസ്സിട്ടുകിലൊപ്പമല്ല ശരി; താഴ്മയും താഴ്മയും
പലൎക്കിവതുല്യമായ്പ്രഥമദൃഷ്ടിയിൽ തോന്നിടാം!

4 ശരിക്കപകലൊക്കെയും പണിയെടുത്തുകായുംമഹാ-
ദരിദ്രരുടെ ചുട്ടശോണിതഫലം ഭുജിച്ചങ്ങിനെ
അരിഷ്ടതപരൎക്ക,മാത്മനിസുഖത്തെയും, മാത്രമായ്
സ്മരിച്ചുതടിച്ചിത്തൊരീക്കമതിയേഭജിക്കാസ്സനീ.

5 അസാരമൊരുമേന്മകിട്ടുവതിനാശയാൽ ജീവിതാ-
വസാനമുളവാംവരേക്കരൾകരിഞ്ഞുസേവിക്കിലും
പ്രസാധനവഴിക്കനീ പരിചരിക്കിലും കുപ്രഭു-
പ്രസാദമുളവാസ്സരാ കുടിലസേവനന്നല്ലെടൊ.

6 ശ്രമാനുഷമനോജ്ഞനെത്തെളിവിയന്നുസാധുക്കളെ
ക്രമാധികമുയർത്തുവാൻ ഹൃദയപൂർവ്വമാവും വിധം
അമായമനുവാസരം സഹകരിച്ചിടും സജ്ജന-
പ്രമാണികൾ ചുരുക്കമുണ്ടു;വരെനമ്മൾ മാനിക്കണം.
7 ധനേശ്വരിവിളങ്ങിടും നഗരവീഥിതോറും ദിനേ-
ദിനേജനതക്കൂട്ടമാവലിയവണ്ടിയാപ്പീസ്സിലും
അനേകദിനപത്രമങ്ങിനെ നടന്നുവിററിട്ടുമാ
ജ്ജനേഹിതമൊടൊത്തുനിൻ ദിവസവൃത്തിനേടാമെടോ!
8 നിവൃത്തിചില നെയ്ത്തുശാലകളിലുണ്ടു; മുദ്രാലയ-
പ്രവൃത്തിയിലുമേർപ്പെടാം ചുമടുമേറ്റിടാമൊന്നുകിൽ;
സ്വവൃത്തിവഴികുത്സിതക്കടിമയായിനി ജ്ജീവിതാ-
ഭിവൃദ്ധിതടയായ്കനിയതമയായ കൊച്ചല്ലയോ?
9 പരമ്പരയിലേവരും ധനികരല്ലെടോ! കൊല്ലമാ
ണ്ടിരമ്പതിനുമപ്പുറം ചരിതമൊന്നുനോക്കീടുകിൽ
നരമ്പലവിധത്തിലും ധനികനാകുമപ്പോൾ പ്രഭാ-
പരമ്പരവപുസ്സിനും വരുമതിൽ ഭ്രമിക്കായ്ക നീ
10 കുറുമ്പു ലവലേശമില്ല,വശനാംനിനക്കെത്രയോ
ചെറുപ്പ, മഭിജാതനാണ,റിവുമുള്ളവൻ തന്നെ നി;
വെറുപ്പടിമയായ്ക്കിടപ്പവനിലാക്കുമുണ്ടോർക്കിലി
ന്നുറുമ്പുമുതലിന്നും സുഖനിദാനമാം സ്വാശ്രയം!
11 കുനിഞ്ഞുവിനയാന്വിതം കഴൽതൊഴായ്കിലോദാംഭിക
ക്കനിഷ്ടമുളവായ്വരാ; മതുനമുക്കു“ദ്ദൃതാംഗദം”
തനിക്കുപണമില്ല, പുല്ലതി;നിമേലിലീ“പ്പൃത്ഥ്വിയിൽ”
ജനിച്ചകുലപൌരുഷപ്രകൃതിയല്ലയോ വൻധനം.
12 ഗാത്രംവെപ്പാനൊടുക്കംക്ഷിതിയിലൊരുമുഴം
വീതി, മുക്കോൽക്കു നിളം.
മാത്രംവേണംജളന്നും,പൃഥ്വിമുഴവനും
വെല്ലുമുർവ്വീശ്വരന്നും,
സൂത്രംകൂട്ടുന്നവന്നും;വയറിടമൊരുചാൺ
മാത്രമാണെ;ത്രനിന്ദാ-
പാത്രം! മർത്ത്യൻ മരിപ്പോൻ; പുനരപി ദ്ദൂരനി
ല്ക്കുന്നുപൊൽക്കുന്നുനേടാൻ!

# രാജർഷി

| പുസ്തകം 2. | 1111 കന്നി | ലക്കം 2. |
|---|---|---|

## * ശ്രീരാമവർമ്മ പഞ്ചകം

എ. ശങ്കരപ്പുതുവാൾ B. A., B. L.,

സർശ്രീമഹീപതിനയോനിധിരാമവർമ്മാ
ഗോശ്രീപരിഷ്കരണകൃത്യസുബോധിതാത്മാ-
സ്വസ്ഥാനമാശ്രമമുറസ്സുനയിച്ചു വാന-
പ്രസ്ഥാനമെത്തിയ മഹാൻ, വിജയിച്ചിടുന്നു. 1

താൻനാട്ടുതയ്യു കുലവന്നൊരുകാലമന്യ-
ന്നാനന്ദമോടുദകമേകിയ ധർമ്മശീലൻ
നാനാജനങ്ങളുടെ നന്മവളർത്തിടുന്ന
ദീനാനുകമ്പി, നൃവരൻ, ജനവന്ദ്യനല്ലോ. 2

ക്രിസ്ത്യാനി, ഹിന്ദു, മുസ്ലീം, ജയിൻ, ജൂത, പാർസീ
സംസ്ഥാനവാസികൾ സമസ്തരുമൊന്നുപോലെ-
നിസ്തുല്യമാം ഗുണഗണം തവ വാഴ്ത്തിടുന്നു
വിസ്താരമായമതിധോരണി ജന്മസിദ്ധം. 3

നാട്ടിൽസ്വയംഭരണരീതിനടപ്പിലാക്കി
കാട്ടിൽനിവാസികളെയും വഴിപോലെ നോക്കി
മാടക്ഷിതിക്കുപരിയാം നിലയുംവരുത്തി
നാടൊക്കെയും ധവളയാം തവ കീർത്തിയെത്തി. 4

സന്നാഹഘോഷബഹളങ്ങൾകഴിഞ്ഞുശേഷം
നന്ദാത്മജൻ പ്രിയമെഴുന്നൊരു പാണ്ഡവർക്ക്
മന്നുംകൊടുത്തു കൃതകൃത്യത പൂണ്ടപോലെ
മന്നൻ ഭവാൻ സുചിരമിഷ്ടസുഖം ജയിപ്പൂ! 5

---

* എറണാകുളത്തുവെച്ചു സമർപ്പിച്ചത്.

# "ആ ഒരു കൊല്ലം"

(പി. അനന്തൻപിള്ള എം. എ.)

"രാജർഷി" കണ്ടപ്പോൾ ഏകദേശം ഇരുപതുകൊല്ലം മുമ്പുള്ള ചില സ്മരണകൾ എന്റെ മനസ്സിലുദിച്ചു. വിശേഷിച്ചും ആയിരത്തിത്തൊള്ളായിരത്തിപ്പതിന്നാലു ഞാൻ മറക്കുന്നതല്ല. അന്നാണല്ലോ ആ രാജർഷിപുംഗവൻ സ്ഥാനത്യാഗം ചെയ്തതു്. ഡർബാർഹാളിൽ വച്ചു നടന്ന ആ സംഭവത്തിന്റെ ഒരു ദൃക്‌സാക്ഷിയായിരുന്നു ഞാൻ. അതെങ്ങനെ എന്നു പറയാം.

പറവൂർ ഹൈസ്കൂളിൽ നിന്നു മെററിക്കുലേഷൻ പരീക്ഷ ജയിച്ചു ഏതെങ്കിലും കാളേജിൽ ചേരണമെന്നുള്ള മോഹത്തോടുകൂടി ആയിരത്തി എമ്പത്തൊന്നിൽ ഞാൻ എറണാകുളത്തെത്തി. ആ പട്ടണം അന്നു ഇത്രയും പരിഷ്കാരം പ്രാപിച്ചിരുന്നില്ല. ദിവാൻ സർ. പി. രാജഗോപാലാചാരിയുടെ നിശിതമായ ബുദ്ധിശക്തിയുടെ പ്രേരണയാൽ പഴയ 'അഞ്ചുമുറി'യും മററും നാമാവശേഷമായിത്തീർന്നിരുന്നു. ബാല്യസുലഭമായ കൌതുകത്താൽ ഞാൻ അവിടെ താമസമാക്കി. ഒരുദിവസം കഴിഞ്ഞു. പിറേറന്നു വള്ളംവഴി അവിടെ വന്നുചേന്ന — മേനവൻ തിരുവനന്തപുരത്തെ കഥകൾ പറഞ്ഞു് ആ നഗരം കാണാനുള്ള എന്റെ ജിജ്ഞാസയെ വർദ്ധിപ്പിച്ചതിനാൽ ഞാൻ വള്ളത്തിൽ കയറി തെക്കോട്ടുപോയി. ചത്തില്ല, പത്തുകൊല്ലത്തോളം അങ്ങനെയിങ്ങനെ കഴിച്ചു. എറണാകുളത്തെ ധിക്കരിച്ചു പോയതിനു പ്രായശ്ചിത്തമെന്നപോലെ, തിരികെ വരേണ്ടിവന്നു.

പത്തു കൊല്ലത്തിനിടയ്ക്കു് ഒട്ടുവളരെ ശിഷ്യന്മാർ എനിക്കുണ്ടായിരുന്നു. പല പ്രായത്തിലും ഉള്ള അവർ പല കാളേജുകളിലും ചെന്നുചേർന്നിട്ടുണ്ടായിരുന്നു. അവരില്ലാത്ത കാളേജു വല്ലതുമുണ്ടോ എന്നു നോക്കിയാണു ഞാൻ പ്രവേശത്തിനുള്ള അപേക്ഷയയച്ചതു്. എന്നാൽ സ്കാച്ചുകാരെപ്പോലെ അവർ എല്ലായിടത്തും എത്തിയിരുന്ന കഥ എനിക്കറിവില്ലായിരുന്നു. ഞാൻ ഒരു 'പഴഞ്ചൻ' ആണെന്നറിയാതെ, അന്നത്തെ പ്രിൻസിപ്പാലായിരുന്ന 'ഗ്ലിൻ ബാർലോ' സായ്പ് എനിക്കു പ്രവേശം അനുവദിച്ചു. ഞാൻ ഒരു വിദ്യാർത്ഥിയുടെ വേഷം ചമഞ്ഞു്, 1914 ജൂലൈ മാസം ഒടുവിലായി കാളേജിൽ ചേർന്നു.

ക്ലാസിൽ ചെന്ന ഉടനെ ശിഷ്യന്മാർ വല്ലവരുമുണ്ടോ എന്നു

ഞാൻ ഒന്നു കണ്ണോടിച്ചുനോക്കി. ആരേയും കണ്ടില്ല. ഒന്നരണ്ടുമണിക്കൂർ ഇങ്ങനെ സമാധാനത്തിൽ കഴിഞ്ഞു മൂന്നാംമണിക്കൂറിലെ വിശ്രമവേളയിൽ ചേർത്തലക്കാരൻ ഒരു മിസ്റ്റർ—പിള്ള എന്റെ അടുത്തെത്തി "സാറെപ്പോൾ വന്നു?" എന്നു ചോദിച്ചു. ഞാൻ വല്ലാതെ പരിഭ്രമിച്ചല്ലൊ. ഇയ്യാളെ ഞാൻ ഹൈസ്കൂളിൽ വച്ചു പഠിപ്പിച്ചിട്ടുണ്ട്. ഈ "സാർ" വിളി എന്നെ കൊല്ലുന്നതുപോലെ തോന്നി. പക്ഷെ ഒരു ദൈവാധീനമുണ്ടായിരുന്നു. ചുറ്റും നിന്നിരുന്ന കൊച്ചിക്കാരായ വിദ്യാർത്ഥികൾ ഗുരുക്കന്മാരെ 'മാസ്റ്റർ' എന്നല്ലാതെ 'സാർ' എന്നു അഭിസംബോധനം ചെയ്യാറില്ല. അതുകൊണ്ടു ഇതൊരു നേരംപോക്കായിട്ടേ അവർ വിചാരിച്ചുള്ളു. തിരുവിതാംകൂറിലെക്കാര്യം നോക്കുകയാണെങ്കിൽ,

'ആണിനും സാർ പെണ്ണിനും സാർ
ആണും പെണ്ണും കെട്ടവനും സാർ
ഇശ്ശതവർഷം കഴിയും മുമ്പേ
ഈശ്വരനും ബതസാറായീടും'

എന്നു പറവാനെ തരമുള്ളു. പിന്നീടു ഞാൻ 'ചേർത്തല'യെ സമാധാനിപ്പിച്ചു. അജ്ഞാതവാസം ഭദ്രമായി പരിപാലിച്ചു. ജർമ്മൻകാർ മഹായുദ്ധത്തിനുള്ള കാഹളവും വിളിച്ചു.

എന്റെ എറണാകുളത്തപ്പാ! ഇപ്പോൾ ഓരോന്നായി ഓർത്തു ഞാൻ രോമാഞ്ചകഞ്ചുകിതനായിത്തീരുന്നു. ആ മനോഹരമായ ഛാത്രമന്ദിരത്തിന്റെ പ്രവേശദ്വാരത്തിൽക്കൂടിയിരുന്നു ഞങ്ങൾ സായം കാലത്തു മദിരാശിമെയിൽ പത്രത്തിലെ യുദ്ധവർത്തമാനങ്ങൾ വായിച്ചു കേട്ടു് ചിലർ ആഹ്ലാദിക്കയും, മററു ചിലർ ഭയവിഹ്വലരാകയും, കക്ഷി പിടിച്ചു വാദിക്കുകയും, കലഹിക്കുകയും മററും ചെയ്ത കഥ അഭിനവമെന്നപോലെ മനസ്സിലുദിക്കുന്നു.

ഏറെ താമസിയാതെ 'എംഡൻ' എന്ന യുദ്ധക്കപ്പൽ പടിഞ്ഞാറെ സമുദ്രത്തിൽ വന്നുകൂടി. ഞങ്ങൾ ഭയവിഹ്വലരായി എന്നു പറയേണ്ടതില്ലല്ലൊ. തീവണ്ടിസ്റ്റേഷനു സമീപമുള്ള മണ്ണെണ്ണ ഡിപ്പോ തകർക്കാനാണു് കപ്പലിലുള്ളവരുടെ ഉദ്ദേശമെന്നും, ആശുപത്രിയിലുള്ളവരും ഹോസ്റ്റലിലുള്ളവരും സൂക്ഷിച്ചുകൊള്ളണമെന്നും അധികാരസ്ഥാനങ്ങളിൽനിന്നും അറിവുകിട്ടി. ഹോസ്റ്റലിലെ പടിഞ്ഞാറെ മുറികളിൽ വസിച്ചിരുന്നവർ കിഴക്കരുടെ അതിഥികളായിത്തീന്നു. രാത്രി പഠിത്തം കുറവുതന്നെ! വിളക്കും വച്ചുകൊണ്ടു് മിക്കവരും ഉറക്കമിളച്ചും. ഒരി

ക്കൽ ക്ഷേത്രത്തിലെ കതനാവെടികേട്ട് ചിലരിറങ്ങി ഓടിക്കളഞ്ഞതായി ഇതെഴുതുന്ന ആൾക്കറിയാം. മറെറാരുദിവസം നാനൂറിൽപ്പരം കപ്പൽയാത്രക്കാർ യാതൊരാധാരവുമില്ലാതെ കൊച്ചിയിലുഴലുന്നതായി കേട്ടു. എംഡൻ കപ്പൽ മുക്കി കരയ്ക്കിറക്കി വിട്ടവരായിരുന്നുവത്രെ! ഇങ്ങനെ വളരെ വേഗത്തിൽ 'എംഡൻ' ഒരു യമഭടനായിത്തീൎന്നു.

അധികം വിസ്തരിക്കുന്നില്ല. മദിരാശിഗവർണ്ണർ പെൻറലൻഡ് പ്രഭു, സന്ദർശനാൎത്ഥം എറണാകുളത്തെത്തുമെന്നുള്ള വിവരമറിഞ്ഞ് യമഭടൻ മണ്ടിക്കളഞ്ഞു. മദിരാശി തുറമുഖത്ത് അയാൾ ചെയ്ത വിക്രിയകളുടെ അടയാളങ്ങൾ അവിടെ ഇപ്പോഴും കാണാമല്ലൊ. എന്തായാലും ഗവർണ്ണർസായ്പിന്റെ ആഗമനം ഞങ്ങൾക്കൊരനുഗ്രഹമായി. ഡേവിസ് സായ്പൊന്നു ഞെളിഞ്ഞു സന്ദർശനം പ്രമാണിച്ച് അദ്ദേഹമായിരുന്നു ഒരു പ്രധാന ഭാരവാഹി.

തന്നാണ്ടിലെ ആവണിഅവിട്ടം സന്തോഷസന്താപങ്ങളുടെ ഇടയ്ക്കു തെളിഞ്ഞുകാണുന്നു. സന്തോഷം തലേദിവസത്തെ ഒരുക്കങ്ങളും കൂടിയാലോചനകളും ആലോചിക്കുമ്പോൾ ആണ്. ബോളിയും ലഡ്ഡുവും ഉണ്ടാക്കുന്ന കോലാഹലം അടുക്കളയിൽ നടക്കുമ്പോൾ ഞങ്ങളിൽ ചിലർ യോഗംകൂടി ഒരു പ്രതിജ്ഞ ചെയ്തു. പിറേറന്നു പതിവുപോലെ ബ്രാഹ്മണസദ്യ കഴിയുന്നതുവരെ നായന്മാർ കാത്തിരിക്കാൻ കഴികയില്ലെന്നും, പുറത്തുപോയി ഊണുകഴിക്കണമെന്നുമായിരുന്നു ഞങ്ങൾ തീൎച്ചപ്പെടുത്തിയത്. കൊച്ചിക്കാരുംകൂടി യോജിച്ചു. പറഞ്ഞതുപോലെ മുപ്പതിൽപ്പരം നായർ വിദ്യാൎത്ഥികൾ ഹോട്ടലിൽ പോകയാണ് ആവണി അവിട്ടത്തിനു ചെയ്തത്.

ഉച്ചതിരിഞ്ഞു രണ്ടുമണിയോടുകൂടി ബ്രാഹ്മണൎക്കിലയിട്ടു. അഞ്ചുമിനിട്ടു കഴിഞ്ഞപ്പോൾ നായന്മാരുടെ ഭോജനശാലയും നിരത്തിയിട്ടിരിക്കുന്ന ഇലകളിൽ പലവിധ പലഹാരങ്ങളും, ഉപദംശങ്ങളും മററും കൊണ്ടു പ്രശോഭിച്ചു. മണിയടിച്ചിട്ടും ആരും ഉണ്ണാൻ പോയില്ല. ബ്രാഹ്മണസദ്യ മുറയ്ക്കു നടന്നു. നാലുമണി ആയപ്പോൾ വാർഡൻ വന്നു അന്വേഷണം നടത്തി. ഞങ്ങളിൽ ചിലരെ വിസ്തരിച്ചു മൊഴി വാങ്ങി ഡയറക്ടൎക്കയച്ചു. മുഖരന്മാരായ രണ്ടുപേരെ കാളേജിൽനിന്നും ബഹിഷ്കരിക്കണമെന്നു ഒരു ശുപാൎശയും ഉണ്ടായിരുന്നു; കൂട്ടത്തിൽ പ്രായം ചെന്ന ഞാനും മറെറാരു വൃദ്ധവിദ്യാൎത്ഥിയും ഇങ്ങനെ രണ്ടുപേരായിരുന്നു ചട്ടമ്പിമാർ. ഡേവിസ് സായ്പിനാകട്ടെ മറെറാരു യുക്തിയാണ് തോന്നിയത്. അധികകാലം ഛാത്രമന്ദിരത്തിൽ താമസിച്ചിട്ടുള്ള

വർ കൂട്ടത്തിലുണ്ടെങ്കിൽ അവരെ വേണം ശിക്ഷിക്കാൻ എന്നായി സാക്ഷ്. ആകപ്പാടെ ഒടുവിൽ അപരാധം മുഴുവനും രണ്ടു പെയ്യന്മാരുടെ തലയിലായി; ഞങ്ങൾ വിട്ടില്ല. വക്കീലന്മാരെക്കൊണ്ടു. പിസുകൊടുക്കാതെ വാദിക്കാൻ ചെറുപ്പക്കാൎക്ക മനസ്സില്ല. ഒടുവിൽ ഔദാൎയ്യനിധിയായ ഒരു മാന്യ വക്കീൽ ഞങ്ങൾക്കുവേണ്ടി വാദിക്കാമെന്നു പറഞ്ഞു. പക്ഷെ അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. ഒടുവിൽ മഹാരാജാവു തിരുമനസ്സിലെ തീൎച്ച ഇങ്ങനെ ആയിരുന്നു. "കുന്നംകുളം ഹോസ്റ്റലിലെ പതിവനുസരിച്ചു ഇവിടേയും ചെയ്തുകൊള്ളണം". അവിടെ ദിവസംതോറും ബ്രാഹ്മണൎക്ക വിളമ്പിട്ടേ നായന്മാൎക്കുള്ളൂ. ഇവിടെ ആണ്ടിലൊരിക്കൽ മതി. ആരേയും ശിക്ഷിയ്ക്കേണ്ട എന്നരുളിച്ചെയ്തു.

എന്തായാലും നേരംതെറ്റിയുള്ള കുളിയുടേയും അതിരുകവിഞ്ഞ സദ്യയുടേയും ഫലം അനന്തസുബ്രഹ്മണി എന്ന ഒരു അന്തേവാസിയുടെ മരണമായിരുന്നു. ആ മഴയത്തു ഞങ്ങളെല്ലാവരുംകൂടി ശ്മശാനസ്ഥലത്തേയ്ക്കു പോയതും, സംസ്കാരസമയത്തു മൃതന്റെ ആത്മാവിനെ ഉദ്ദേശിച്ച് സ്വപിതാവ് നിവാപം നൽകിയതും തിരികെ ഞങ്ങൾ വിഷാദത്തോടെ അധോമുഖരായി ഛാത്രമന്ദിരത്തിലെത്തിയതും, അപ്പോൾ സൂൎയ്യൻ അസ്തമിക്കാറായതും, എല്ലാം ഓൎമ്മയിൽ വരുന്നു. അന്നെഴുതിയ ചരമദശകത്തിന്റെ ആദ്യപദ്യം എങ്ങനെയൊ മനസ്സിൽ കയറിവരുന്നു.

അനന്ത സുബ്രഹ്മണിതൻ വിനാശമി-
ദ്ദിനാന്ത സന്ധ്യയ്ക്കൊരു ബന്ധമായിതാ;
അനന്ത സന്താപ ഭരേണ കഷ്ടമെൻ-
മനന്തളൎന്നെന്തുര ചെയ്തിടേണ്ടു ഞാൻ.

അതെല്ലാം പോകട്ടെ. കഥ ചുരുക്കിക്കളയാം. മഹായുദ്ധം ഭയംകരമായി നടക്കുന്നു. നെല്ലും അരിയും ഇല്ല. മദിരാശി മൽമല് പീസിനു ഇരുപത്തഞ്ചുരൂപ. ഇങ്ങനെ ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു വൃശ്ചികമാസം 22-ാംനു-യും ആഗതമായി. തലേദിവസമാണ് ഞങ്ങൾ മഹാരാജാവുതിരുമനസ്സിലെ സ്ഥാനത്യാഗത്തെപ്പറ്റി കേട്ടത്. അതിനുമുമ്പ് തിരുമനസ്സുതൊണ്ട് രണ്ടുമൂന്നു തവണ കാളേജ് സന്ദൎശിച്ചിരുന്നതിനാൽ അടുത്തു കാണുന്നതിനു ഞങ്ങൾക്കു ഭാഗ്യം സിദ്ധിച്ചിരുന്നു. ചിലപ്പോൾ ചില ക്ലാസിൽ കയറിയാൽ അവിടെത്തന്നെ ഇരുന്നു പ്രസംഗം കേൾക്കും. അദ്ധ്യാപകന്മാൎക്ക അതൊരു വിഷമഘട്ടമായിരുന്നു എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. ഒരിക്കൽ

ഇംഗ്ലണ്ടു ചരിത്രം പഠിപ്പിച്ചുകൊണ്ടിരുന്ന പ്രാസംഗികൻ, തിരുമനസ്സുകൊണ്ടു ക്ലാസിൽ പ്രവേശിച്ചയുടനെ സകലതും മറന്നു മിഴിച്ചുനോക്കിത്തുടങ്ങി ആ പാവത്തിൻെറ പരിഭ്രമംകണ്ടു് തിരുമനസ്സുകൊണ്ടു വേഗം മറെറാരു ക്ലാസിലേയ്ക്കു പെയ്ക്കളഞ്ഞു. തൽക്ലാസിലും ഇങ്ങനെ ചില നേരംപോക്കുകളുണ്ടായി. അന്നു് ആ ക്ലാസിൽ ഇപ്പോഴത്തെ വിദ്യാഭ്യാസമേലദ്ധ്യക്ഷനായ മി. ഐ. എൻ. മേനോനും ഉണ്ടായിരുന്നു. പ്രകൃതിശാസ്ത്രം മൃഗവിജ്ഞാനീയം മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നിടത്തു ചെന്നാൽ കുറെ ചോദ്യങ്ങൾ ചോദിക്കാതിരിക്കയില്ല. ഇങ്ങനെയൊക്കെ വിദ്യാൎത്ഥികൾക്കും അദ്ധ്യാപകന്മാൎക്കും പ്രിയതരനായിരുന്ന ഒരു മഹാരാജാവു് സ്ഥാനമൊഴിയുന്ന വൎത്തമാനം കേട്ടു പ്രസ്തുത ദിവസം ഞങ്ങളെല്ലാവരും ഡർബാർ ഹാളിൻെറ മുൻവശത്തുള്ള മൈതാനത്തു സ്ഥലംപിടിച്ചു. കുറേശ്ശെ മഴയും ചാറുന്നുണ്ടായിരുന്നു. പെട്ടെന്നു കേട്ട വൎത്തമാനമാകയാൽ നാട്ടൊട്ടുക്കുള്ള ആളുകൾ അധികംപേരും അറിഞ്ഞില്ല. എങ്കിലും മൈതാനം ജനതതിയാൽ നിബിഡീകൃതമായിരുന്നു അധികനേരം കാത്തുനില്ക്കാൻ ഇടയായില്ല. അതിനുമുമ്പ് ഒരു കുതിരസ്സാരട്ടിൽ തിരുമനസ്സുകൊണ്ടു വന്നിറങ്ങി. ഉടനെതന്നെ ഏതാനും യൂറോപ്യന്മാരടങ്ങിയ ഒരു ചെറിയ സൽക്കാരസംഘം തിരുമനസ്സിലെ എതിരേററു ഹാളിനകത്തേയ്ക്കു കൊണ്ടുപോയി. അഞ്ചുമിനിട്ടു കഴിഞ്ഞശേഷം തിരുമനസ്സുകൊണ്ടു വ്രാന്തയിലേയ്ക്കു വന്നു പൊതുജനങ്ങളെ അഭിമുഖീകരിച്ചു് ഇംഗ്ലീഷിൽ ഒരു ചെറിയ പ്രസംഗം ചെയ്തു. പ്രിയ പ്രജകളെ! എന്നാണു തുടങ്ങിയതു്. സ്ഥാനത്യാഗത്തിനുള്ള കാരണം സൂചിപ്പിച്ചു് എല്ലാവരോടും യാത്രപറഞ്ഞു് തിരികെ ഹാളിനകത്തേയ്ക്കു പോയി. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ കുതിരസ്സാരട്ടിൽ തിരികെ എഴുന്നെള്ളുന്ന തിരുമേനിയെ ആളുകൾ അക്ഷമരായി അഞ്ജലി കൂപ്പി ആദരിച്ചുകൊണ്ടു നിന്നതായി എനിക്കറിയാം. എന്തു നിശ്ശബ്ദത! ആൾക്കൂട്ടത്തിൽ പൊക്കംകുറഞ്ഞ എനിക്കു ഇതൊക്കെ നല്ലവണ്ണം കാണ്മാൻ സാധിയ്ക്കായ്കയാൽ എൻെറ മുമ്പിൽ നിന്നിരുന്ന ദീൎഘകായനായ ഒരു പാശ്ചാത്യവേഷക്കാരൻെറ തോളിൽ താങ്ങി പൊങ്ങി നോക്കി. ഇങ്ങനെ രണ്ടുപ്രാവശ്യമായപ്പോൾ മുഖം എൻെറ നേരെ തിരിഞ്ഞു് എന്തക്ഷമയാണിതു് എന്നു ചോദിച്ചു. ഞാൻ പുറകോട്ടു മാറി അടുത്തുനിന്നിരുന്ന ഒരു സഹപാഠിയോടു് അതാരെന്നു ചോദിച്ചപ്പോൾ അല്ലേ കാൎയ്യം മനസ്സിലായതു്. പില്ക്കാലത്തു തിരുവിതാംകൂർ ഹൈക്കോടതിയിലെ അഗ്രാ

സനം അലങ്കരിച്ച ബഹുമാന്യനായ രാമൻമേനോൻ അവർകളായിരുന്നു അതു്. പിന്നീട ഞാൻ അദ്ദേഹത്തെ അനന്തപുരത്തു വച്ചുകണ്ടപ്പോൾ ഭയപ്പെട്ടു മാറിയതായി കാണുന്നുണ്ട്. എറണാകുളത്തെ എന്റെ അജ്ഞാതവാസത്തിലുള്ള മിക്ക കാൎയ്യങ്ങളും ഇപ്പോൾ വിസ്മൃതങ്ങളായിരിക്കയാണെങ്കിലും ഈ രണ്ടു സംഗതികളും—രാജൎഷിയുടെ തിരോധാനവും, രാമൻ മേനോന്റെ ആ നോട്ടവും ഞാൻ ഒരിക്കലും മറക്കുന്നതല്ല. പരേതന്മാരായ ഇവരുടെ രണ്ടുപേരുടേയും ആത്മാവിനു നിത്യശാന്തി ലഭിക്കട്ടെ.

---

## * രാജഗാഥ.

---

എം. [illegible]മേനോൻ ബി. എ.

മാബലിത്തമ്പുരാനെത്രഭവതിയാൽ
മാനിതനായിതെൻ ജന്മഭൂമേ!

കണ്ണന്റെകാൽത്താർകിരീടമായ്ച്ചാൎത്തിയ-
പുണ്യവാൻയാത്രോക്തിയോതിനില്ക്കെ,

കാണ്കെഴുന്നള്ളുന്നകല്പ്യനാം ഗോശ്രീശൻ
കാരുണ്യപ്പൊൽക്കതിർവീശുംസൂൎയ്യൻ.

പൂജിക്കീരാജിക്കും രാജാധിരാജനെ,
പൂമകൾപൂണുന്ന പൂണാരത്തെ;

ആണ്ടാണ്ടുതോറുമണയുംതിരുവോണ-
മാംഗല്യം നാലഞ്ചുനാൾക്കുമാത്രം;

എൻതമ്പുരാൻതന്റെ യാത്രാമഹോത്സവ-
മന്തരാമേളിച്ച കാരണത്താൽ,

ആമഹം കാളിന്ദിയോടൊത്തഗംഗപോ-
ലായതമായി, വിനീതമായി!

---

* മഹാരാജാവു തിരുമനസ്സുകൊണ്ടു തത്തമംഗലത്തേക്കു കനിഞ്ഞെഴുന്നള്ളിയപ്പോൾ കുറിച്ചതു്.

പ്രത്യക്ഷദൈവതമല്ലീനമുക്കിപ്പോൾ
പ്രത്യഗ്രഭാഗ്യം പൊഴിച്ചുനില്പൂ;
മാടധാത്രിക്കെഴും മക്കളായ്ത്തീർന്നതിൻ
മാഹാത്മ്യമിന്നാണറിഞ്ഞതിന്നാം.

നൃത്തം ചവിട്ടുന്നിതാനന്ദം; ആയതി-
ന്നുത്താളതാളം ശ്രവിക്കയാലെ,

പാടത്തുപൊങ്ങിനപുൽക്കൊടിപോലുമേ
പീയൂഷമുണ്ടുള്ള ഭാവംകൊൾവൂ.

ഗംഗാവഗാഹത്താൽ, തുംഗാനുഭാവത്താ,
ലംഗാധിരോപിത ശുദ്ധസൂത്രൻ,

തൻഭ്രൂവിഭാഗത്തെസ്സംഭാവനംചെയ്തു
സംഭൃതസൌഭഗമാക്കിടുന്നു;

പൂർണ്ണകുംഭത്തിനാൽ, ഭദ്രദീപത്തിനാൽ,
ഗാനത്താൽ, സൂനത്താ, ലഞ്ജലിയാൽ,

അർച്ചനം ചെയ്യുനാമർച്ച്യനെ, ക്ഷത്രിയ-
വർച്ചസ്സാം ലക്ഷ്മിക്കു ഗോവിന്ദനെ;

ആരോഗ്യസാഗര രാജഹംസത്തിനെ,
യായുസ്സിൻ പ്രേഷ്ഠമാം ഭാജനത്തെ.

സന്തതം ഞാൻ ജപിച്ചീടുന്നമന്ത്രമി-
"തെൻതമ്പുരാനെന്നും വാണിടട്ടേ!!"

## സംഗീതവും നാടകവും.

(പി. സി. ദേവസ്യ, ബി. എ.)

നാടകത്തിൽ സംഗീതം പ്രയോക്തവ്യമോ? ഇതാണ് ഈ ലേഖനത്തിലെ ചിന്താവിഷയം. പാട്ടില്ലെങ്കിൽ നാടകമില്ലെന്നു ധരിച്ചുവെച്ചിട്ടുള്ളവർക്കു പക്ഷെ ഈ പ്രശ്നത്തിന്റെ ഉപപത്തിതന്നെ ദുർഗ്രഹമായിരുന്നേക്കാം. പ്രസ്തുത, നാടകവും സംഗീതവും തമ്മിൽ ഒര

ബന്ധവും കാണാതെ കണ്ണുമിഴിക്കുന്നവരും കണ്ടേക്കാം. ഗദ്യനാടകങ്ങൾക്ക, എന്നു പറച്ചാൽ സംഗീതസ്പൎശമില്ലാത്ത നാടകങ്ങൾക്ക്, ഭാഷയിൽ അല്പാല്പമായി പ്രചാരം ലഭിച്ചുവരുന്ന ഒരു കാലമാണിതു്. നവമായി ആവിർഭവിക്കുന്ന പ്രസ്ഥാനങ്ങൾക്ക പ്രതിഷ്ഠയുണ്ടാക്കുവാനുള്ള സംരംഭത്തിൽ തത്തുല്യങ്ങളായ ഇതരപ്രസ്ഥാനങ്ങളെ, അറിഞ്ഞോ അറിയാതെയോ, അവഗണിക്കുന്ന ഒരു പതിവ് ഏതുഭാഷയിലും ഏതുകാലത്തും ഉള്ളതാണ്. ഗദ്യനാടകത്തിൻെറ ഈ അവതാരദശയിൽ പ്രസ്തുത മനോഭാവം തൽപ്രസ്ഥാനത്തിന്നനുകൂലമായും, സംഗീതനാടകത്തിന്നു പ്രതികൂലമായും, വൎത്തിക്കുന്നുണ്ടെന്നുള്ളതു വിസ്മരിക്കാതെ വേണം നാം ഈ പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ. സംഗീതനാടകങ്ങൾ മേലിൽ നമുക്കാവശ്യമില്ലെന്നുകൂടി ചിലൎക്കഭിപ്രായമുണ്ടെന്നു കേൾക്കുമ്പോൾ പുതുമയിലുള്ള ഭ്രമവും, ദൂഷിതമായ ഒരു പ്രസ്ഥാനത്തോടുള്ള വെറുപ്പും എത്ര സാഹസികമതങ്ങൾക്ക നിദാനമാകുമെന്നു വ്യക്തമാകും. ഗദ്യനാടകങ്ങൾക്കെന്നപോലെ സംഗീതനാടകങ്ങൾക്കും, ഭാഷയിൽ സ്ഥാനമുണ്ടെന്നും ഒന്നിന്നു ജീവിക്കാൻ മറേറതിനെ നിഹനിക്കേണ്ടതില്ലെന്നും ഉള്ള പരിമിതപക്ഷം ഇവിടെ അവതരിപ്പിച്ചുകൊള്ളട്ടെ.

നാടകത്തിൽ സംഗീതത്തിന്നു സ്ഥാനമുണ്ടെന്നു ഒരുവൻ വാദിച്ചാൽ, അയാൾ സാധാരണ തമിഴ്നാടകക്കാരെ അനുകൂലിക്കുകയാണെന്നും, അയാളുടെ അഭിപ്രായം അജ്ഞതയുടേയോ, അഥവാ ഏതോ വഴിപിഴച്ച സംസ്കാരത്തിൻേറയോ, ഫലമാണെന്നും വിധി കല്പിച്ചു് മുഖം തിരിച്ചുകളയുന്നവരുടെ മുൻപിൽ ഒരുവക യുക്തിക്കും നിലയുണ്ടാവുകയില്ല. ഈ ലേഖനമെഴുതുന്നതു് തമിഴ്നാടകങ്ങൾ ഒന്നിനേയും മാതൃകയാക്കിക്കൊണ്ടല്ലെന്നു ആദ്യമായി പ്രസ്താവിച്ചുകൊള്ളട്ടെ. മാത്രമല്ല, ഈയിടെത്തന്നെ ചില "ടാക്കിസിനിമ"കളിലെ പാട്ടുകേട്ടു കണക്കിന്നു മുഷിഞ്ഞ ശേഷമാണ് ഇതെഴുതുന്നതെന്നു കൂടിപ്പറയേണ്ടിയിരിക്കുന്നു. നാടകത്തിൽ സംഗീതം നിഷിദ്ധമെന്നു സിദ്ധാന്തിക്കുന്നവർ അസ്ഥാനത്തുള്ള സംഗീതപ്രയോഗത്തിന്നു ചില ദൃഷ്ടാന്തങ്ങൾ പറഞ്ഞാക്ഷേപിക്കുന്നതല്ലാതെ താത്വികമായ ഒരു വാദസമൎത്ഥനത്തിന്നു യത്നിച്ചിട്ടുള്ളതായി എനിക്കറിവില്ല. 'സത്യവാൻ മരിക്കുമ്പോൾ പാട്ടു പാടുന്നു', 'ഹരിശ്ചന്ദ്രൻ സ്വപുത്രൻെറ മൃതശരീരം കാണുമ്പോൾ പാട്ടു പാടുന്നു' ഇത്യാദി ദൃഷ്ടാന്തങ്ങൾ അനവസരസംഗീതത്തിൻെറ മാതൃക

കരളെന്നു സമ്മതിച്ചാൽതന്നെ, അവ പ്രസ്തുത വാദത്തെ സമർത്ഥിക്കു വാൻ എങ്ങനെ പര്യാപ്തമാകുമെന്നു മനസ്സിലാകുന്നില്ല. ഗദ്യനാടകങ്ങളിൽ ഗദ്യപ്രയോഗത്തിലുള്ള അനൗചിത്യത്തിനു ദൃഷ്ടാന്തങ്ങൾ ഒരാൾ ചൂണ്ടിക്കാണിച്ചാൽ ആ പ്രസ്ഥാനമേ വേണ്ടെന്നു വല്ലവരും വാദിക്കുമോ? ഒരു ഗാനം സ്ഥാനാസ്ഥമോ അല്ലയോ എന്നു നിർണ്ണയിക്കുന്നതിൽ വിഭിന്നാഭിപ്രായം ഉണ്ടാവാമെന്നുള്ളതു വാസ്തവംതന്നെ. ഏതു കാര്യത്തിലും, കലാത്മകങ്ങളായ വിഷയങ്ങളിൽ വിശേഷിച്ചും, രുചിഭേദം സാധാരണമാണ്. "ഒരു പ്രത്യേകമനോഭാവത്തിലൂടെ ദൃശ്യമാകുന്ന ജീവിതമത്രേ കല" എന്നു ഫ്രഞ്ചുകാരുടെയിടയിൽ ഒരു ചൊല്ലുണ്ട്. മനോഭാവം മാറുന്നതനുസരിച്ചു കലാപരമായ അഭിപ്രായവും മാറിക്കൊണ്ടിരിക്കും.

തമിഴ്നാടകക്കാരും അവരെ അനുകരിച്ച മലയാളനാടകക്കാരുമാണെന്നു തോന്നുന്നു. സംഗീതനാടകത്തിനു ഇത്ര ദുര്യശസ്സുണ്ടാക്കിത്തീർത്തത്. സംഗീതം പ്രയോഗിക്കേണ്ടതു് ഏതേതു ഘട്ടങ്ങളിലാണെന്നു ഒരു വിവേചനവുംകൂടാതെ പ്രസ്തുത നാടകകാരന്മാർ ഗ്രന്ഥങ്ങൾ രചിക്കുകയും നടന്മാർ അവരെ അനുസരിക്കുകയും ചെയ്കതിനാൽ നാടകരംഗങ്ങൾ വെറും പാട്ടുകച്ചേരികളായി രൂപാന്തരപ്പെട്ടു. ഗായകന്മാരെല്ലാം നടന്മാരായി. അഭിനയകലയിൽ അഭിനയത്തിനു മാത്രം സ്ഥാനമില്ലാതായി. ഗാനപ്രവാഹത്തിൽപ്പെട്ടു ശബ്ദാസംമുട്ടി മെല്ലെമെല്ലെ മുന്നോട്ടിഴഞ്ഞുപോയിരുന്ന കഥാവസ്തുവിനും നാടകത്തിൽ ഗണ്യമായൊരു നിലയും ഇല്ലെന്നായി. ഇന്നും തമിഴ്നാടകങ്ങൾ ഈ സ്ഥിതിയിൽനിന്നു സാരമായി ഭേദപ്പെട്ടിട്ടില്ല. ഈ മാതിരി പല നാടകങ്ങൾ ദർശിച്ചതിൽനിന്നുള്ള അനുഭവം ആസ്പദമാക്കി ഈ ലേഖകനെ മുഷിപ്പിച്ചിട്ടുള്ള ചില അംശങ്ങൾ പ്രതിപാദിക്കാം. *

1. അസ്ഥാനത്തു സംഗീതം പ്രയോഗിക്കുക. (എന്നു വെച്ചാൽ പാട്ടിന്റെ ആവശ്യമില്ലാത്തിടത്തു പാട്ടു തിരുകിക്കയറ്റുക. എവിടെയാണാവശ്യം എന്നതിനെക്കുറിച്ചു ഉപരിവിചിന്തനം ചെയ്യുന്നതാണ്) 2. അതുതന്നെ വിസ്തരമായി പ്രയോഗിക്കുക (ഒരിടത്തായതു ഒരടിതന്നെ പലവട്ടം ആവർത്തിച്ചും രണ്ടോ നാലോ അടികൾകൊണ്ടു കാര്യം കഴിക്കാവുന്നിടത്തു പത്തും പതിനഞ്ചുംവരെ നീട്ടിയും കാണികളെ മുഷിപ്പിക്കുക.) 3. രസാനുഗുണമല്ലാത്ത രാഗം പ്രയോഗിക്കുക (ഇവിടെ

* ഇവ ഉദാഹരിച്ചു വിവരിക്കേണ്ടതാണെങ്കിലും സംക്ഷിപ്തരൂപത്തിൽ നിർദ്ദേശിക്കുവാനേ ഈ ചെറുലേഖനത്തിൽ നിവൃത്തിയുള്ളൂ. അഭിജ്ഞന്മാർക്കു് ഇതു ധാരാളം മതിയാകുമല്ലോ.

യാണ് നാടകകാരന്റെ വിവേചനാബുദ്ധിയും രസജ്ഞാനവും പ്രകാശിക്കേണ്ടത്. ഇന്നിന്ന രാഗങ്ങൾ ഇന്നിന്ന രസങ്ങൾക്കും ഭാവങ്ങൾക്കും ചേരുന്നവയാണെന്നു സംഗീതശാസ്ത്രത്തിൽ വിധിച്ചിട്ടുണ്ട്. അതു തെററി പ്രയോഗിച്ചാൽ ശാസ്ത്രജ്ഞാനമില്ലാത്തവക്കും, അറിയാതെ ത്തന്നെ, രസഭംഗം തോന്നും) 4. രാഗാലാപം, സ്വരവിസ്താരം മുതലായവകൊണ്ട് ശാസ്ത്രത്തിന്റെ ശാസനത്തിന്നടിമപ്പെടുക (ഇതും 2-ാമത്തെ പോയിന്റുമായി ഒരു ബന്ധവുമില്ല.) 5. സദസ്യക്ക് അത്ഥബോധമുണ്ടാവാത്ത മട്ടിലും, അഭിനയം ഉപേക്ഷിച്ചും, ഗാനംചെയ്യുക 6. കഥയോടു ബന്ധമില്ലാത്ത പുറംപാട്ടുകൾ—വിശേഷിച്ചും അന്യഭാഷാബദ്ധമായവ—പാടുക. 7. അഭ്യാസമോ ശാരീരഗുണമോ ഇല്ലാത്ത നടന്മാരെക്കൊണ്ടു പാടിക്കുക. 8. കാലദൈർഘ്യവും അഭിനയവിച്ഛിത്തിയുമുണ്ടാകുമാറ് പിൻപാട്ടു പാടുവാൻ ഹാർമ്മോണിയക്കാരനെ അനുവദിക്കുക. ഇത്രയും പരിഹരിച്ചാൽ പിന്നെ പാടാനുള്ള സന്ദർഭങ്ങൾ എത്രയുണ്ടാകും എന്ന ചോദ്യത്തിനു അനേകം എന്നാണ് മറുപടി. പക്ഷെ അതു ഇതിവൃത്തസ്വഭാവത്തെ ആശ്രയിച്ചിരിക്കുമെന്നു മാത്രം. സന്ദർഭങ്ങൾ നിശ്ചയിക്കേണ്ടതു് ഔചിത്യബോധമുള്ള ഗ്രന്ഥകാരനാണ്.

മുൻപറഞ്ഞ നിയന്ത്രണങ്ങളുവലംബിച്ചുകൊണ്ട് നാടകം രചിക്കുകയും അഭിനയിക്കുകയും ചെയ്താൽ തരക്കേടില്ല എന്നു തലുകുലുക്കി സമ്മതിക്കുന്നവരേയും സംഗീതനാടകശബ്ദം നെററി ചുളിപ്പിക്കാറുണ്ട്. ഇതിന്റെ പ്രധാനകാരണം പ്രസ്തുത ദോഷങ്ങളിൽനിന്നു സവ്വഥാ നിർമ്മുക്തമായ ഒരു സംഗീതനാടകം ഇതുവരെ ഉണ്ടായിട്ടില്ലാത്തതാണ്. ഏതുജാതിക്കാരുടേയും ഇടയിൽ സംഗീതത്തിന്റെ അകമ്പടിയോടുകൂടി ഉത്ഭവിച്ച നാടകത്തിൽ ഇന്നു സംഗീതം വർജ്ജ്യമായി ചിലർ കരുതുന്നതു എന്തുകൊണ്ടായിരിക്കാം? സംസ്കൃതത്തിൽ നിന്നാണല്ലോ നമുക്കു നാടകം ലഭിച്ചതു്. നാടകങ്ങളുടെ ഉൽപ്പത്തിയേക്കുറിച്ച്

'നാട്യവേദം തതശ്ചക്രേ ചതുർവ്വേദാംഗസംഭവം
ജഗ്രാഹ പാഠ്യമൃഗ്വേദാൽ സാമേഭ്യോ ഗീതമേവ ച'

എന്നു ഭരതമുനി പറയുന്നു. നാലുവേദങ്ങളിൽനിന്നും ഓരോ അംഗത്തെ സ്വീകരിച്ചാണ് വിധാതാവ് 'നാട്യാഖ്യം പഞ്ചമംവേദം' നിർമ്മിച്ചതെന്നും ഗാനപ്രധാനമായ സാമവേദം അതിലൊന്നാകയാൽ ഗാനത്തിന്നു നാടകത്തിൽ അനവഗണ്യമായ ഒരു സ്ഥാനം കല്പിച്ചിരുന്നുവെന്നും ഇതിൽനിന്നു വ്യക്തമാകുന്നു. ആപാതമധുരമായ ആ കലാവിദ്യ നാടകത്തിൽ ഇത്ര നിഷിദ്ധമായി ഒരു പക്ഷക്കാർ കരുതുന്ന

തിന്നാസ്പദമായ സിദ്ധാന്തമെന്താണ്? 'സ്വാഭാവികവും സംഭാവ്യവും സംഗതവുമായ സംഗതികളിലേ സഹൃദയന്മാൎക്കു രസിക്കാൻ കഴിയൂ; സംഗതം സ്വാഭാവികതയുടേയും സംഭാവ്യതയുടേയും സാംഗത്യത്തിന്റേയും സീമയെ ഉല്ലംഘിക്കുന്നു'—ഇതാണെന്നു തോന്നുന്നു അവരുടെ വാദത്തിന്റെ സംക്ഷേപം. ഇതിൽ പൂൎവ്വോത്തരപക്ഷങ്ങൾ രണ്ടും ഖണ്ഡനീയങ്ങളായിട്ടാണെനിക്കു തോന്നുന്നത്. ഈ 'സംഭാവ്യത'യും 'സ്വാഭാവികത'യും മറ്റും കേൾക്കുമ്പോൾ കൈതപ്പൂവിനെപ്പറ്റി കവിതയെഴുതാനുള്ള സംരംഭത്തിൽ, തന്റെ കവിത പ്രകൃത്യനുസാരിയായിരിക്കണമല്ലോ എന്നോൎത്തു കൈതയുടെ മുള്ളുകളെല്ലാം എണ്ണിത്തിൎത്ത സാധുകവിയുടെ കഥയാണ് മനസ്സിൽ ഉപസ്ഥിതമാകുന്നത്. പ്രകൃതിയോടു അടുക്കുംതോറും നമ്മുടെ കലാത്മകിത്വവും തജ്ജന്യമായ രസാത്മകത്വവും ക്ഷീയമാണമായിട്ടേ വരികയുള്ളൂ. എന്തുകൊണ്ടെന്നാൽ പ്രകൃതി നമ്മുടെ 'കല'യല്ല; ഈശ്വരന്റേതാണ്. എന്തിനു പ്രകൃതിയോടടുക്കുന്നു? പ്രകൃതിയെ അനുകരിക്കുന്നു? പ്രകൃതിയിൽ കാണുന്നതിനെ അതേവിധം പകൎത്തുന്ന ഒരു ചിത്രകാരൻ ചിത്രകാരനല്ല; കേവലമൊരു ഛായാഗ്രാഹകൻ മാത്രം. പ്രകൃതിയിൽത്തന്നെ ഒരു സുന്ദരവസ്തുവുള്ളപ്പോൾ എന്തിനു ഇയാളതു പകൎത്തുവാൻ പുറപ്പെടുന്നു? ഈശ്വരന്റെ 'കല'യെ ശരിക്കു പകൎത്തിയതുകൊണ്ട് ഒരാൾ കലാകാരനാവുമോ? അയാളുടെ ഭാവനയിലൂടെ പുറത്തിറങ്ങി വിശിഷ്ടത്വം കൈക്കൊണ്ടെങ്കിലേ—അയാളുടെ കലാപ്രയോഗംകൊണ്ടു നൂതനമായിച്ചമഞ്ഞെങ്കിലേ—അതു അഭിനന്ദനാൎഹമായിത്തീരുകയുള്ളൂ. പ്രകൃതി ഈശ്വരന്റെ സൃഷ്ടിയാണ്; കല മനുഷ്യന്റേയും. നമുക്കു ചുറ്റും കാണപ്പെടുന്ന മനുഷ്യസൃഷ്ടമല്ലാത്ത സൎവ്വവും പ്രകൃതിതന്നെ. കലയാവട്ടെ, നാം അധ്യയനവും ദൂരവീക്ഷണവും വ്യവസായവുംകൊണ്ട് പ്രദൎശിപ്പിക്കുന്നതാകുന്നു. വാസനാസമ്പന്നനായ ഒരു ചിത്രകാരൻ പ്രകൃതിയെ അന്ധമായി അനുകരിക്കുവാനല്ല, അനുസരിക്കുവാനല്ല, പ്രകൃതിയെ ഉല്ലംഘിക്കുവാൻ—പ്രകൃതിയുടെ വികൃതികളെ തിരുത്തുവാനു—ആണു സന്നദ്ധനാകുന്നത്. അയാളുടെ ഭാവനാമുകുരത്തിൽ പ്രകൃതി എങ്ങനെ നിഴലിക്കുന്നുവോ അതാണ് അയാൾക്കു സ്വാഭാവികം, സംഭാവ്യം, സംഗതം. അയാൾക്കു അസുന്ദരമോ അനാവശ്യകമോ ആയിത്തോന്നുന്നതിനെ അയാൾ ഉപേക്ഷിക്കുന്നു. വടക്കുന്നാഥക്ഷേത്രഗോപുരത്തിന്റെ പ്രാചീനത്വം കാണിക്കുന്ന ഒരു ചിത്രമെഴുതാൻ പുറപ്പെടുന്നവൻ അതിനടുത്തുള്ള പുതിയ കെട്ടിടത്തേയും ഗോപുരത്തിനു വെ

ളിയിൽ വട്ടമിട്ടിരിക്കുന്നവരേയും നിശ്ശങ്കം ഉപേക്ഷിച്ചു കളയുന്നു. കാരണം അവയൊന്നും അവൻെറ ആവശ്യത്തിനു സാധകങ്ങളല്ലാത്തതുതന്നെ. സംഗീതത്തിനുപയോഗിക്കുന്ന ഷഡ്ജാദിസ്വരങ്ങൾ സവ്വവും പ്രകൃതിയിലുണ്ട്. എന്നാൽ തോടിരാഗവും ഭൈരവിരാഗവുമൊന്നും പ്രകൃതിയിലില്ല. അവ മനുഷ്യനിമ്മിതങ്ങളാണ്; കലാപ്രയോഗഫലങ്ങളാണ്. അതിനാൽ പ്രകൃതിയെ അങ്ങനെ പകൎത്തുന്നതിലല്ല, പ്രകൃതിയോടു കലാകാരൻെറ ഭാവന കൂട്ടിക്കലൎത്തി മോടിപിടിപ്പിച്ചു പ്രദശിപ്പിക്കുന്നതിലാണ് ചമൽകൃതി. സാംഗത്യസീമയെ ഉല്ലംഘിക്കുന്ന എത്രയെല്ലാം അംശങ്ങൾ നാടകത്തിനുണ്ട്. നാട്യോക്തികളിലൊന്നായ ആത്മഗതം തന്നെ നോക്കുക. വിചാരിക്കുന്ന നാട്യത്തിൽ പറയുന്നതാണല്ലൊ ആത്മഗതം. വിചാരിക്കുമ്പോൾ ഭ്രാന്തന്മാരല്ലാതെ വല്ലവരും സംസാരിക്കുമോ? എങ്കിലും ആവശ്യത്തിനുവേണ്ടി ഈ അസാംഗത്യവും സ്വീകരിക്കേണ്ടിവരുന്നു. ഇതു അനുപേക്ഷണീയമല്ലെങ്കിലും പല മഹാകവികളും സ്വീകരിച്ചിട്ടുള്ളതാണല്ലൊ. അത്യന്താവേശംകൊണ്ടു മൂകവൃത്തിയവലംബിക്കേണ്ട ഘട്ടങ്ങളിലും ഭാഷയുടെ സാഹായ്യം രംഗത്തിൽ അപേക്ഷിതമായിത്തീരുന്നു.

സംഗീതവും ഒരുവക ഭാഷതന്നെ. വികാരങ്ങളുടെ ഭാഷയാണ് സംഗീതം. 'ദൈവദൂതന്മാരുടെ വ്യവഹാരഭാഷ'യെന്നാണു കാർലൈൽ * പറയുന്നത്. അതു നമ്മെ സാമാന്യലോകത്തിൽ നിന്നു ഒരുപടി ഉയൎത്തുകയാണ്, താഴ്ത്തുകയല്ല ചെയ്യുന്നത്. 'ഏതു ജാതിക്കാക്കും ആശയപ്രകാശനത്തിനുള്ള ഏററം അഗാധമായ ഉപകരണം സംഗീതമാണെന്നത്രേ എൻെറ പക്ഷം' എന്നു ഇന്നത്തെ പ്രസിദ്ധ രാജ്യതന്ത്രജ്ഞനും കലാരാധകനുമായ മുസ്സോലിനി * പ്രസ്താവിക്കുന്നു. അദ്ദേഹവും, കാർലൈൽ, നിക്കൾ, മോങ്കർ സയിം, ഗ്രീൻഹിൽ, ബ്രൗണ്ടർ മാത്യൂസ് തുടങ്ങിയ അനവധി കലാരാധകന്മാരും സംഗീതത്തെ സാവ്വലൗകികമായ ഒരു ദിവ്യഭാഷയായി വ്യവഹരിച്ചിട്ടുണ്ട്. നമുക്കു അപരിചിതമായ ഒരു ഭാഷയിലെ ഗദ്യം നമ്മിൽ ഒരു വികാരത്തെയും ജനിപ്പിച്ചില്ലെന്നു വരാം. എന്നാൽ അതേ ഭാഷയിലുള്ള ഒരു ഗാനം, നമുക്കത്ഥബോധമുണ്ടാക്കിയില്ലെങ്കിലും, നമ്മിൽ ഭക്തി, ശോകം തുട

* 'Music is well said to be the speech of angels; in fact nothing among the utterances allowed to mankind is felt to be so divine. The opera. (critical essays Vol IV)

* Talks with Mussolini by Emil Ludwig.

ങ്ങിയ വിവിധസ്തോഭങ്ങളെ ഉദിപ്പിക്കുന്നു. നാദഭാഷ, ആംഗ്യഭാഷ, വാഗ്ഭാഷ ഇങ്ങനെ ഭാഷ മൂന്നുവിധമുണ്ട്. നാദഭാഷയിൽനിന്നു ഗാനവിദ്യയും, ആംഗ്യഭാഷയിൽനിന്നു നാട്യവിദ്യയും വാഗ്ഭാഷയിൽനിന്നു സാഹിത്യവും ജനിക്കുന്നു. ഇവയിൽ രണ്ടെണ്ണം മാത്രം നാടകവേദികളിൽ ഗ്രാഹ്യവും ഒന്നു ത്യാജ്യവുമാണെന്നു പറയുന്നതിന്റെ യുക്തി സുഗ്രഹമാകുന്നില്ല. പ്രകൃതിയിൽത്തന്നെ താളലയാനുചിതമായൊരു ക്രമവും സംഗീതാത്മകതയുമുണ്ടെന്നു സമ്മതിച്ചാൽ സംഗീതം എങ്ങനെയാണ് അസ്വാഭാവികമാണെന്നു പറയുക? പിതാഗൊറസ് തുടങ്ങി ഷേക്സ്പിയർ വരെയുള്ള പല പ്രതിഭാവാന്മാരും പ്രകൃതിയുടെ സംഗീതത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. പ്രപഞ്ചമെല്ലാം സംഗീതസംബദ്ധമായിട്ടത്രേ വിരചിതമായിരിക്കുന്നതെന്നും, ഗ്രഹങ്ങൾക്കെല്ലാം സംഗീതത്തിന്റെ താളക്രമമനുസരിച്ചുള്ള ഒരു ചലനമുണ്ടെന്നും, അവയോരോന്നും അതാതിന്റെ ഔന്നത്യത്തിന് അനുപാതികമായ വൈവിധ്യത്തോടുകൂടിയ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നുണ്ടെന്നും, ആ ശബ്ദങ്ങൾ ഒരു ക്രമാനുസൃതവും യോജിപ്പുള്ളവയുമാകയാൽ സുഖപ്രദമായ സംഗീതമായിപ്പരിണമിക്കുന്നുവെന്നും പിതാഗൊറസ് പറയുന്നു. ഷേക്സ്പിയരുടെ 'പെരിക്ലിസ്' എന്ന നാടകത്തിൽ, നായകൻ സ്വപുത്രിയോട് പ്രകൃതിയുടെസംഗീതത്തേക്കുറിച്ച് The music of the spheres! list my Mariana! എന്നു പറയുന്ന ഭാഗം സുപ്രസിദ്ധമാണ്. 'പറവകളുടെ കളസ്വനത്തിലും തടിനിയുടെ പ്രവാഹത്തിലും, നക്ഷത്രങ്ങളുടെ സ്ഫുരണത്തിലും മരുഭൂമിയിലെ നിശ്ശബ്ദതയിലുമെല്ലാം സംഗീതമുണ്ടെ'ങ്കിൽ സംഗീതത്തിൽ മാത്രം സംഗീതമില്ലെന്നുവരുന്നതെങ്ങനെ? ഒന്നിലധികം കലാവിദ്യകളുടെ സാഹായ്യംകൂടാതെ രംഗത്തിൽ വിജയപ്രദമാക്കുക സാധ്യമല്ലാത്ത ഒന്നാണു അഭിനയകല. കുട്ടികൾക്കുള്ള പാഠ്യപുസ്തകങ്ങളിൽ വാക്കുകൾകൊണ്ടു സ്പഷ്ടമാക്കുവാൻ നിവൃത്തിയില്ലാത്ത കാര്യങ്ങൾക്കു ചിത്രസഹായം അപേക്ഷിതമായിരിക്കുന്നതുപോലെ നാടകങ്ങളിൽ ഉൽക്കട വികാരങ്ങളെ ആവിഷ്കരിക്കുവാൻ സംഗീതം പ്രയോജകീഭവിക്കുന്നു.

അഭിനയയോഗ്യത ധാരാളമുള്ള ഷേക്സ്പിയർ കൃതികളിൽ സംഗീതത്തിനു നൽകിയിട്ടുള്ള സ്ഥാനം നിസ്സാരമല്ല. സംഗീതം പ്രയോഗിച്ചിട്ടുള്ളതോ, സംഗീതത്തെയോ തദുപകരണങ്ങളേയോ പററി പ്രതിപാദിച്ചിട്ടുള്ളതോ ആയ അഞ്ഞൂറോളം ഘട്ടങ്ങൾ ഷേക്സ്പിയരുടെ നാടകങ്ങളിലുണ്ടെന്നു ഡോക്ടർ എഡ്വാർഡ്നൈലർ തന്റെ Shakespeare

and his music എന്ന കൃതിയിൽ പ്രസ്താവിക്കുന്നു. ദുരന്തനാടകങ്ങളിലെ സംഗീതാംശത്തെപ്പററി ഉപന്യസിക്കുന്ന ഘട്ടത്തിൽ പ്രസിദ്ധ നാട്യകലാവിമർശകനായ അല്ലാർഡീസ് നിക്കോൾ പറയുന്ന ഒരഭിപ്രായം ഇംഗ്ലീഷിൽത്തന്നെ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

It has been proved by the practice of long ages and of diverse races that the emotions invariably find their fittest literary expression in rhythmical form. There is a certain natural melody in passion of any kind, and tragedy, in deaing with the passions will, therefore find its true utterance in rhythmical words.

As a means of raising the events of a drama above the levels of real life and as the natural expression for emotion verse claims the close attention of every tragic dramatist The ordinary prose tragedy fails partly because of a lack of melody partly because prose, by its very nature, prohibits the introduction of many of those features which in ihe poetic drama seem but natural and just. *

ഇങ്ങനെ യഥാർത്ഥലോകത്തിൽ നിന്നു നമ്മെ ഉയർത്തുന്ന സോപാനവും ആത്യന്തികവികാരങ്ങളുടെ ആവിഷ്കരണത്തിനുള്ള ഉപകരണവുമായ സംഗീതകല രംഗത്തിലാവശ്യമുള്ള അഭിനയം, സാഹിത്യം, ചിത്രം മുതലായ കലകളോട് ഇണങ്ങിപ്പോവുകയില്ലെന്നും തന്നിമിത്തം വർജ്യമാണെന്നുമുള്ള അഭിപ്രായം കേൾക്കുമ്പോൾ പണ്ടു അഭിനയം മാത്രം കണ്ടു രസിക്കുവാൻ നാടകശാലയിൽപ്പോയ പരന്ത്രീസു വിമർശകൻെറ കഥയാണ് ഓർമ്മവരുന്നത്. അദ്ദേഹത്തിനു അഭിനയമേ വേണ്ടു; ഭാഷ കേട്ടുകൂട. സംഭാഷണമോ ആത്മഗതമോ വരുമ്പോൾ അദ്ദേഹം ചെവിപൊത്തി ഇരുന്നുകളയും. എന്നാൽ ഭാഷകൂടാതെ എങ്ങനെയാണ് പാത്രസ്വഭാവം പൂർണ്ണമായി ഗ്രഹിക്കുക? ഒരു കഥാപാത്രത്തിൻെറ തനിനിറം ചിലപ്പോൾ ആത്മഗതത്തിലായിരിക്കും പ്രകാശിക്കുക. ഇയാഗോ ദൃഷ്ടാന്തം. അഭിനയത്തെ മാത്രം ആലംബമാക്കിയതിനാൽ അന്യഥാ ലഭിക്കുമായിരുന്ന പലതും ആ വിമർശകനു നഷ്ടമായി. സംഗീതവിമുഖരായ പ്രേക്ഷകർക്കും അനുഭാവരഹിതമായ ഒരു പൂർവ്വവിധിമൂലം അനവധി രസസമ്പത്തുകൾ വിനഷ്ടമാകുമെന്നെനിക്കു തോന്നുന്നു.

സംഗീതത്തിനു നാടകത്തിൽ സ്ഥാനമുണ്ടെന്നു കാണിക്കുവാൻ

* An Introduction to Dramatic Theory.

ഇതുവരെ പ്രസ്താവിച്ച യുക്തികഠം സാമാന്യം പര്യാപ്തങ്ങളാണെന്നാണെന്റെ വിശ്വാസം. അതാണിയുപന്യാസത്തിന്റെ ഉദ്ദേശവും. എന്നാല്‍ അത് എവിടെയെല്ലാം,എത്രത്തോളം, അനുവദനീയമാണെന്നുള്ള വിചാരം മറ്റൊരുപന്യാസത്തിനു വിഷയമാക്കുവാനേ ലേഖനപരിധി അനുവദിക്കുന്നുള്ളു. ഒന്നുപറയാം: ഇന്നു നാം തമിഴ്നാടകങ്ങളിലും 'ടാക്കി സിനിമ'കളിലും കേഠക്കുന്ന പാട്ടുകളില്‍ എഴുപത്തഞ്ചു ശതമാനവും അസ്ഥാനത്തും അനവസരത്തിലുമാണെന്നത്രെ എന്റെ പക്ഷം. രണ്ടുപേര്‍ തമ്മിലുള്ള സാധാരണ സംഭാഷണംപോലും പാട്ടാക്കിപ്പകര്‍ത്തുന്നത് നാട്യകലയുടെ എ. ബി. സി. കൂടി ഗ്രഹിച്ചിട്ടില്ലാത്തതിന്റെ ലക്ഷ്യമാണെന്നേ പറയാനുള്ളു. 'സംഗീതം വികാരങ്ങളുടെ ഭാഷ'യാണെന്നു മുന്‍പു പറഞ്ഞുവല്ലൊ. വികാരസ്പര്‍ശമില്ലാത്തിടത്ത് അതു പ്രയോഗിച്ചാല്‍ ജുഗുപ്സാവഹമായിത്തന്നെയിരിക്കും. വികാരാവേശംകൊണ്ട് കഥാപാത്രം സാമാന്യലോകത്തില്‍നിന്ന് ഉയരുന്നതായ ഘട്ടങ്ങളിലേ ഗാനം ഉചിതമാവുകയുള്ളു. ഈ വിഷയത്തെക്കുറിച്ച് എ. എച്ച്. മോങ്കര്‍ സയിം എന്ന കലാനിരൂപകന്‍ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായത്തോടു ഞാന്‍ പൂര്‍ണ്ണമായി യോജിക്കുന്നു:

"വികാരസ്പൃഷ്ടമല്ലെങ്കില്‍ ലളിതകലകഠ ഒന്നുംതന്നെ ആസ്വാദ്യമല്ല. തന്നിമിത്തം ചിത്രകലയോ, ശില്പകലയോ സംഗീതമോ മദ്ധ്യമമായിപ്പോയാല്‍ (ഇതരകലകളെ അപേക്ഷിച്ച്) ദുസ്സഹമായിത്തീരും. രൂപത്തിലും രചനയിലും ഉത്തമമോ, വികാരത്തില്‍ ഉല്‍കൃഷ്ടമോ അല്ലാത്ത സംഗീതം ഒരു മന്ത്രിയുടെ തുടര്‍ച്ചയായ നിനാദംപോലെയോ, ഒരു കോമാളിയുടെ കഥയില്ലാത്ത ഗോഷ്ടികഠ പോലെയോ നീരസജനകമായിരിക്കും". *

മലയാളസംഗീതനാടകത്തില്‍ മുന്‍ സൂചിപ്പിച്ച ദോഷങ്ങഠ പരിഹരിച്ച പരിഷ്കാരങ്ങഠ വരുത്തിയാല്‍ അതിനിന്നുണ്ടായിട്ടുണ്ടായിട്ടുള്ള ദുര്‍യ്യശസ്സ് സാമാന്യം നീങ്ങിക്കിട്ടുമെന്നു വിശ്വസിക്കുന്നു. 'കരുണ'നാടകത്തില്‍ ഉപഗുപ്തന്റെ വേഷം കെട്ടിയ പ്രസിദ്ധനടന്‍ സംഗീതംകൊണ്ടു പ്രേക്ഷകരെ മുഷിപ്പിച്ചിട്ടുള്ളതായി കേട്ടിട്ടില്ല. അഭിനയചതുരന്മാരുടെ കൈയില്‍ കിട്ടിയാല്‍ സംഗീതവും സാഹിത്യവുമെല്ലാം സുന്ദരമായി രംഗത്തു പ്രശോഭിച്ചുകൊള്ളും. നടനകലാപരിഷ്കര്‍ത്താവെന്നു മി ഈ. വി. കൃഷ്ണപ്പിള്ള മുക്തകണ്ഠം പ്രശംസിച്ച പ്രസ്തുത നടന്‍ സംഗീതനാടകപക്ഷപാതിയാണെന്നുള്ളതു പ്രസ്താവ്യമാണ്. സംഗീ

* Shakespeare. his music and song

തനാടകത്തിൽ ദോഷശുദ്ധിവരുത്തുന്നതു സംഗീതതിരസ്കാരംകൊണ്ടാണെങ്കിൽ അതു കഠിനംതന്നെ. കൈയിനു നിസ്സാരമായ ഒരു രോഗം ബാധിച്ചാൽ ഉടൻ വേണ്ടതു കൈയ് വെട്ടിക്കളയുകയാണോ?

'മരിക്കുമ്പോൾ പാട്ടുപാടുമോ?' ഇതാണ് ഗദ്യനാടകക്കാരുടെ അനുത്തരമായ ഒരു പ്രശ്നം. ഇതരസന്ദൎഭങ്ങളിൽ പാടുന്നതിനെക്കുറിച്ചും ഇവൎക്കു വിരുദ്ധാഭിപ്രായമുള്ള സ്ഥിതിക്കു ഇതു വിശേഷവിധിയായി ഗണിക്കേണ്ടതില്ല. ഈ പ്രശ്നത്തിനു മറുപടി പൂൎവ്വപക്ഷങ്ങളിൽ പരോക്ഷമായെങ്കിലും പ്രസ്തുതമായിട്ടുണ്ടെന്നു സമാധാനിക്കുന്നു. മരിക്കാൻ പോകുന്നവന്റെ മനഃസ്ഥിതിയും സാഹചൎയ്യങ്ങളും അനുസരിച്ചിരിക്കും ഇത് എന്നല്ലാതെ എല്ലാ സന്ദൎഭങ്ങളിലും ഗാനം സാധുവാണെന്നു ആരും വാദിക്കുകയില്ല. സംഭ്രമപൂൎവ്വവും ഭീതിജനകവുമായ ഒരു മരണത്തിൽ ഗാനം അശേഷം ഉപപന്നമല്ല. എന്നാൽ സുബോധത്തോടും പ്രശാന്തതയോടും മരണത്തെ അഭിമുഖീകരിക്കുന്ന ഒരു ഭക്തൻ ഈശ്വരസ്തോത്രം ഗാനംചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥ സങ്കല്പിക്കുവാൻ എനിക്കു ഭാവനാസിരകളെ അധികം ക്ലേശിപ്പിക്കേണ്ടിവരുന്നില്ല. എന്തിനു സങ്കല്പം? വിശ്വവിശ്രുതമായ ടൈട്ടാനിക്ക് കപ്പലപകടത്തിൽ മരണം സുനിശ്ചിതമെന്നു തീൎച്ചപ്പെട്ട ഘട്ടത്തിൽ, ബാൻറുവാദനാദി സംഗീതപ്രയോഗങ്ങൾക്കിടയിൽ, സഹൎഷം കപ്പലോടൊന്നിച്ചു കടലിൽ താണ യാത്രക്കാരുടെ കഥ ആരിലാണ് പുളകോൽഗമമുണ്ടാക്കാത്തത്? യഥാൎത്ഥലോകത്തിൽ ഇതു സംഭാവ്യമെങ്കിൽ എന്തുകൊണ്ടു കാവ്യത്തിലല്ല? I will play the swan and die in music എന്നു പറഞ്ഞു പാടിത്തന്നെ മൃതിയടഞ്ഞ എമിലിയയുടെ മനഃസ്ഥിതി നമുക്കു കൈവന്നിരുന്നുവെങ്കിൽ പാടിമരിക്കുന്ന കഥ നമ്മെ ഇത്രകണ്ടു വിസ്മയിപ്പിക്കുകയില്ലായിരുന്നു. മരണവേദനയെ നിസ്സാരീകരിക്കുന്ന നിർവൃതിയും പ്രശാന്തിയും കൈവന്നവൎക്കു തങ്ങളുടെ ചരമഗാനം സ്വയം നിൎവ്വഹിക്കുവാൻ സാധിച്ചുവെന്നു വരാം. അഥവാ ഹൃദ്യമായ ഒരു ഗാനം—അതു നിശ്ശബ്ദമായിക്കൊള്ളട്ടെ—അവരുടെ തീവ്രയാതനയെ ലഘൂകരിച്ചെന്നു വരാം. അതുകൊണ്ടുതന്നെയല്ലയോ മനുഷ്യഹൃദയത്തിന്റെ ആഴം കണ്ടറിഞ്ഞ ആ ലോകമഹാകവി പാടുന്നത്,

When griping grief the heart doth wound
And doleful dumps the mind oppress,
The music with her silver sound
With speedy help doth lend redress.

(Shakespeare.)

---

## കാഹളം.

(കുന്നത്തേരി രാമൻമേനോൻ—ബോംബെ)

കാണാമട്ടത്തെന്നു യാത്ര പറഞ്ഞുഞാൻ
താണൊന്നുനീട്ടിത്തൊഴുതു മൽത്താതനെ
ഹൂണാനുയോജ്യമാം വേഷവിശേഷങ്ങ-
ളൂനമൊഴിഞ്ഞുചമഞ്ഞുതിരിക്കയായ്
നിത്യതക്കായ് നരൻ പേറണംപോലതി-
കൃത്രിമവേഷങ്ങളിഷ്ടമില്ലെങ്കിലും!
ഉമ്മറത്തമ്മമാരുറ്റുനോക്കിപ്പുറം
'വിമ്മി'ക്കരഞ്ഞതും, വീട്ടിൻപടിവരെ
കർത്തവ്യമൂഢരായ് കുട്ടിക,ളന്യാനു-
വർത്തിക,ളെത്തിവിവശരായ്കേണതും,
ശുദ്ധമാം പ്രേമപ്രവാഹപ്പെരുമയിൽ
വൃദ്ധനാമച്ഛന്റെ കണ്ണുനിറഞ്ഞതും
ഏതുമറിയാത്ത മട്ടുഞാൻ പോകയായ്
ബാധയേറ്റുള്ളൊരു ഭല്ലൂകമെന്നപോൽ
പൊട്ടിത്തകരുമെൻ ചിത്തമടക്കിഞാൻ
വീട്ടിൻപരിസരം വിട്ടുഗതത്വരം
ഏതോമഹാശക്തിയാകണമന്നെന്റെ
ചേതോവിനാശം വരുത്താതെകാത്തതും.

(11)

ജീവിതായോധനക്കാഹളംപോലെയാ-
ത്തീവണ്ടിചൂളംവിളിച്ചതുതോന്നിമേ
കാൽക്ഷണംകൊണ്ടാ'പ്പൈകുത്താൻ' പഥികരെ
കുക്ഷിയിൽവെച്ചുകുതിച്ചുതുടങ്ങിനാൻ!
അല്പരാം ഞങ്ങളെ പക്ഷത്തിൽവെച്ചുകൊ-
ണ്ടത്തീവിഴുങ്ങുന്ന പക്ഷിപറക്കയായ്!
ഏകോദരങ്ങൾ നാമെന്നുള്ളവാസ്തവ-
മാഗന്ധുവിങ്കൽ പഠിച്ചുഞാനാദ്യമായ്.

ആയിരംനാഴിക പോണമെനിക്കു, ഞാ-
നായിടക്കെത്ര പറഞ്ഞുയാത്രോക്തികൾ!
എത്രപേക്കേൾക്കിഞാൻ സ്വാഗതം, ജീവിത-
യാത്രയുമിമ്മട്ടിലെന്നവിദഗ്ദ്ധമതം.
പാലങ്ങളെത്രകടക്കണം, നൂതകൾ
നൂലണമെത്രനാം ജീവിതയാത്രയിൽ!
എത്രമരുഭൂമിതാണ്ടണം നാം സ്വയം
ശൈത്യവിഭാഗങ്ങളെത്രകടക്കണം!
ഉദ്ദിഷ്ടദിക്കിലണഞ്ഞാലണഞ്ഞുനാം
മദ്ധ്യേകിടന്നു മരിക്കുവാനും മതി!!

(111)

വെട്ടുവാൻപോകുന്നൊരാടിനെപ്പോലെഞാൻ
കൂട്ടത്തിലൊന്നായ് ഗമിച്ചു 'ഗതഭയം'
പിന്നിട്ടുപോരുമെൻ നാട്ടുംകുടുംബവും
മുന്നിട്ടുനിന്നു മൽചിന്തയിലെപ്പൊഴും
മായാപടംപോലെ വന്നുനിരക്കയായ്
മായാതെയെൻമുമ്പിലെൻ ഭൂതജീവിതം
മൂന്നാമുഷസ്സിലെ സൂര്യനോടൊപ്പമി
ഞാനുംമുറയ്ക്കെത്തിബോംബെനഗരിയിൽ
അഭ്യാപിഭാസ്കരൻ ചുററുന്ന സാധു, ഞാ-
നുദ്യോഗമേററുകഴിക്കുന്നു നാളുകൾ.

---

## വെണ്മണി പ്രസ്ഥാനം.

പണ്ഡിതർ, (വെള്ളാട്ടൂർ ഗോവിന്ദമേനോൻ)

വെണ്മണി നമ്പൂരിപ്പാടന്മാരെക്കുറിച്ചു കേൾക്കാത്തവർ മലയാളത്തിൽ വളരെപേർ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ഭാഷാസാഹിത്യത്തിൽ അവർ നേടിയ പ്രാബല്യം തന്നെയാണ് അതിനു കാരണം. എന്നാൽ അധുനാതനന്മാരായ പല സാഹിത്യപരിഷ്കാരികൾക്കും അവരുടെ സാഹിത്യസമ്പ്രദായത്തോടു ഒരു വലിയ അവജ്ഞയുള്ള

തായി പ്രസ്താവിച്ചു കേൾപ്പാനുണ്ട്. അതിനാൽ അവരുടെ സാഹിത്യപരിശ്രമങ്ങളെക്കുറിച്ചു ചുരുക്കത്തിൽ ഒന്നു വിവരിച്ച്, അവയെക്കൊണ്ടു ഭാഷയ്ക്കു ഗുണമോ ദോഷമോ ഉണ്ടായിട്ടുള്ളതെന്നു പര്യാലോചിക്കാം.

കുഞ്ചൻനമ്പ്യാരുടെ കാലത്തിനുശേഷം വെണ്മണിമാരുടെ കാലംവരെ, പല സാഹിത്യ സമാരാധകന്മാരും ഉണ്ടായിട്ടുണ്ടെങ്കിലും, നമ്മുടെ സാഹിത്യം വലിയൊരു ഉജ്ജ്വലതയും ഉണർച്ചയും ഇല്ലാതെയാണിരുന്നിരുന്നതെന്നു കാണാം. വെണ്മണിമാരുടെ പ്രാഭവവും അച്ചടിയന്ത്രത്തിന്റെ പ്രചാരവും ഒന്നിച്ചുചേർന്ന് ഭാഷാസാഹിത്യം ഒരു പുതിയ ശക്തിയോടുകൂടി പ്രകാശിച്ചു എന്ന് ആക്കാലത്തെ സൂക്ഷിച്ചു വീക്ഷിക്കുന്നതായാൽ മനസ്സിലാക്കാവുന്നതാണ്.

വെണ്മണി നമ്പൂരിപ്പാടന്മാർ കവിതയെഴുതിത്തുടങ്ങിയതും ഭാഷാസാഹിത്യത്തിൽ പ്രസിദ്ധന്മാരായതും അവരുടെ സഹജമായ വാസനാവൈഭവംകൊണ്ടു മാത്രമാണ്. വിമർശകന്മാരേയോ, പത്രങ്ങളേയോ സ്വാധീനത്തിൽ വെയ്ക്കുക എന്നത് അവർക്കുണ്ടായിരുന്നില്ല. എത്ര കർക്കശനായ വിമർശകനായാലും ഉള്ള കാര്യം തുറന്നുപറയുവാൻ മാത്രം ആർജ്ജവവും ധീരതയും അവർക്കുണ്ടായിരുന്നു. മുഖംനോട്ടവും ആൾനോട്ടവും മററും അവരെ ബാധിച്ചിരുന്നെങ്കിൽ അതു സാഹിത്യത്തെസ്സംബന്ധിച്ചല്ല. നൈസർഗ്ഗികമായ പ്രതിഭാവിലാസവും വാസനാശക്തിയുംകൊണ്ട് അവർ കവിതകൾ എഴുതിയെന്നല്ലാതെ പേരെടുക്കണമെന്നോ ഒരു പുതിയ പ്രസ്ഥാനം സ്ഥാപിക്കണമെന്നോ സാഹിത്യത്തെ പോഷിപ്പിക്കണമെന്നുതന്നെയോ അവർക്കു ഉദ്ദേശമുണ്ടായിരുന്നതായി തോന്നുന്നില്ല. 'വാസന പിഴച്ചോർക്കു ദുരാസദ'യായ കവിതാകാമിനിയെ വല്ല കവിയശഃപ്രാർത്ഥികളും അലട്ടുന്നതും അവർക്കു വലിയ വിരോധമായിരുന്നു. വെണ്മണിമഹാന്റെ ഈ ശ്ലോകം നോക്കുക.

"എന്തേ വിസ്മയ, മേതുമില്ല കവിതാ-
സാമർത്ഥ്യ, മെന്നാൽ ഭവാ
നിന്നേറെക്കഷണിച്ചിവണ്ണ മുളവാ-
ക്കിട്ടെന്തു സാദ്ധ്യം സഖേ!
മുന്നേ ഗർഭിണിയായനാൾ മുതിതയായ്
മാതാവു നേർന്നിട്ടുമു-
ണ്ടെന്നോ താൻ കവിയായ് ജനങ്ങളെ വല-
ച്ചീടേണ മെന്നിങ്ങനെ."

പ്രസന്നങ്ങളായ ആശയങ്ങൾ ലളിതകോമളമായ ഭാഷയിൽ മധുരമായ രീതിയിൽ അവരിൽനിന്നു അനർഗ്ഗളം പ്രവഹിച്ചിരുന്നു. അതത്രെ അവരുടെ കവിത; അതു ഭാഷാസാഹിത്യത്തിനു പുഷ്ടിയും തുഷ്ടിയും ഉളവാക്കി.

തെളിഞ്ഞ ഭാവം, നിറഞ്ഞ ഫലിതം, വഴിഞ്ഞ രസം, മിനുത്ത രചന എന്നിങ്ങനെയുള്ള ഗുണങ്ങളാൽ ചേതസ്സമാകർഷകമായ വെണ്മണിരീതിയെ അക്കാലത്തെ കവികൾ എല്ലാവരും അനുകരിക്കുവാൻ ശ്രമിച്ചിരുന്നു. ദുർഗ്രഹങ്ങളും ദുരൂഹങ്ങളും ആയ ചിന്തകൾകൂടി അവരുടെ പ്രതിപാദനരീതിയിൽ സുഗമങ്ങളായി ഭവിക്കുന്നു. പ്രകാരാന്തരേണ പറയുന്നതായാൽ, മാനസോല്ലാസകരങ്ങളായ കലകളിൽ ഒന്നായ കവനകലയെ ദുർഗ്ഗമമാക്കി സഹൃദയഹൃദയത്തെ ക്ലേശിപ്പിക്കുന്നതിനു അവർ വിചാരിച്ചിരുന്നില്ല. ഇക്കാലത്തു ചില ഉൽപതിഷ്ണുക്കൾ 'കല കല' എന്നു പറഞ്ഞു തലയുയർത്തി ലഹളകൂട്ടി നടക്കുന്നുണ്ട്. ഇതു ഒരു പുതിയ കണ്ടുപിടുത്തമോ മറ്റൊ ആണെന്നു എനിക്കു തോന്നുന്നില്ല. മനുഷ്യർക്കു പ്രയോജനകരമായോ ആഹ്ലാദകരമായോ എന്തെല്ലാം പ്രവൃത്തികൾ ഉണ്ടോ അവയെല്ലാം കലകളാകുന്നു. പ്രാചീനാചാര്യന്മാർ കലകൾ അറുപത്തിനാലാണെന്നു പറഞ്ഞിരിക്കുന്നു കാലഭേദംകൊണ്ടു ഇവയുടെ എണ്ണവും ഭേദപ്പെടാവുന്നതാണ്. കലകളുടെ സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തി പ്രയോജകകലകൾ (useful arts) എന്നും, സുകുമാരകലകൾ (fine arts) എന്നും പേർ തിരിച്ചിട്ടുണ്ട്. കൃഷി, അദ്ധ്യാപനം മുതലായവ പ്രയോജകകലകളും സംഗീതം, സാഹിത്യം തുടങ്ങിയവ സുന്ദരകലകളുമത്രെ. ഒരു സാഹിത്യകലാകാരനായിരുന്ന വെണ്മണി അതിന്റെ സൌഭാഗ്യത്തെ വിധ്വംസിച്ചിട്ടുമില്ല.

അലങ്കാരങ്ങൾ അർത്ഥപുഷ്ടിക്കു ഉതകുന്ന വിധത്തിലേ അവർ പ്രയോഗിക്കാറുള്ളൂ. കൃത്രിമാലങ്കാരങ്ങൾകൊണ്ടു കവിതാകാമിനിയുടെ കോലം അലങ്കോലപ്പെടുത്തുന്ന സമ്പ്രദായം അവർക്കുണ്ടായിരുന്നില്ല. ഇന്നത്തെ കവികൾ രൂപകാതിശയോക്തി, സമാസോക്തി മുതലായ അലങ്കാരങ്ങൾകൊണ്ടു ധാരാളം പെരുമാറുന്നവരാണല്ലൊ. വെണ്മണിക്കെട്ടേഴം പത്ര്യപ്പൊന്മണിക്കട്ട'യല്ലും താദൃശങ്ങളായ അലങ്കാരങ്ങൾ അങ്ങിങ്ങു കാണാം. അനാവശ്യമായി കഥാനായികമാരെ കേശാദിപാദം വർണ്ണിച്ചു സൌന്ദര്യം കുറയ്ക്കുന്നതിനു വെണ്മണി ഇഷ്ടപ്പെട്ടിരുന്നില്ല. നോക്കുക:—

"കോറിൻ ചോട്ടിൽ കലേശപ്പൊളി, തിര,
കരിമീനങ്ങൾ, താഴത്തൊരെള്ളിൻ-
താരും, ചെന്തൊണ്ടി, മുക്താവലി, മുകുരദരം,
വെണ്ണിലാ, വിന്ദുബിംബം,
മേരുക്കൾ, നഭ്രമനല്പസിതഭുജഗസോ-
പാനകൂപം, മണൽത്തി-
ട്ടാരോമൽക്കാഞ്ചനത്തൂണുകൾ, ളിവതളിരിൻ-
മേളിലൊന്നെന്തു കാണും?"

ഈ ഒരൊററ ശ്ലോകത്തിൽ രൂപകാതിശയോക്തി ഭംഗ്യാ നായികയുടെ കേശാദിപാദം എത്ര സരസമായി വർണ്ണിച്ചിരിക്കുന്നു.

വർണ്ണനാവൈഭവംകൊണ്ടു വർണ്ണ്യവസ്തുവിനെ വായനക്കാരുടെ മുമ്പിൽ പ്രത്യക്ഷമാക്കുന്നതിനു വെണ്മണിമാൎക്കുള്ള നൈപുണ്യം അന്യാദൃശമാണ്. സ്വഭാവോക്തിയുടെ സൌഭാഗ്യം തികച്ചും വെണ്മണികൃതികളിൽ പല ദിക്കിലും പരിലസിക്കുന്നുണ്ട്. ഇംഗ്ലീഷുവൈദ്യന്മാരും സൂതിരക്ഷാകൎമ്മിണികളും (mid-wives) നമ്മുടെ നാട്ടിൽ ഇത്രയധികം പ്രചരിക്കുന്നതിനുമുമ്പ് ഒരു മലയാളമഹിളാമണി പ്രസവിച്ചുകിടക്കുന്നതിനെ വർണ്ണിച്ചിരിക്കുന്നതു നോക്കുക:—

"തൈലം താൻതന്നെ പൊത്തിത്തലമുടി നെറുകെ-
ക്കെട്ടിനീത്തിട്ടു, വട്ട-
ശ്ശീലക്കൊട്ടൊന്നു കെട്ടീട്ടടനടനെ മുറു-
ക്കിക്കരിഞ്ചുണ്ടുമാക്കി,
മാലെന്യേ മഞ്ഞൾ ചേൎന്നോരുടുപ്പുടവ, മുല-
ക്കച്ചയോടും മലൎന്നു-
ക്കാലും നീട്ടിക്കിടപ്പാണവൾ ചെറിയ കയർ-
ക്കട്ടിലിൽ കുട്ടിയോടും".

കാലം തേച്ചുമാച്ചു കളയുന്ന നാട്ടുനടപടികളെ സാഹിത്യമാണല്ലൊ സംരക്ഷിക്കുന്നത്. അന്തസ്സുകാരിയായ ആ പ്രസവിത്രിയുടെ ശയനമുറിയെപ്പററി അദ്ദേഹം പറയുന്നതു നോക്കുക:—

"വെള്ളക്കണ്ണാടി, വെള്ളസ്സ്ഫടികമണിവിള്ള,
കച്ചടിശ്ശീല, മേലാ-
പ്പുള്ളംകാൽ തെററിവീഴുന്നൊരു നിലവറ, യി-
പ്പൂമുഖിപ്പൂമുഖാഃന്ത

കൊള്ളാമിക്കണ്ടതെന്നാകിലുമൊരു രസമി-
ല്ലിങ്ങുനില്പാ,നകത്തു-
ന്നുള്ളോരീയുള്ളിനാററം ശിവശിവ, യിനിമേ-
ലൊക്കെ മേലൊക്കെ നാറും”:

പരമാത്ഥവും ഫലിതവും നിറഞ്ഞ ഈ പദ്യത്തിൽ ‘മേലൊക്കെ’ എന്ന ശബ്ദത്താൽ യമകാലങ്കാരസൌഭാഗ്യവും കവിക്ക അനായാസേന സാധിച്ചിരിക്കുന്നു. വൃത്ത്യനുപ്രാസാദിശബ്ദാലങ്കാരസൌകമാര്യം ഇല്ലാത്ത ശ്ലോകങ്ങൾ വെണ്മണികൃതികളിൽ ഒന്നുംതന്നെയില്ലെന്നു പറയാം. കുളിച്ചുവരുന്ന ഒരു തരുണീമണിയെ അദ്ദേഹം ഇങ്ങിനെ വർണ്ണിച്ചിരിക്കുന്നു.

“കൊണ്ടാടിക്കൊണ്ടുകൊണ്ടൽപ്പുരികുഴലതിടം-
കൈയിനാൽ വേർപെടുത്തി-
ക്കൊ,ണ്ടാടിക്കൊണ്ടുതൊണ്ടിപ്പുഴമിടയുമണി-
ച്ചുണ്ടുരണ്ടും മിനുക്കി,
മുണ്ടാലേമൂടിയിട്ടുള്ളൊരു മുലകൾ തുളു-
മ്പിച്ചു മന്ദം വരുന്നി-
ത്തണ്ടാരമ്പത്തിടമ്പായ് വിലസിടുമിവളേ-
താണെടോ താനറിഞ്ഞോ?”.

നല്ല ഓജസ്സും തേജസ്സും ഉള്ള ശ്ലോകങ്ങളും വെണ്മണികൃതികളിൽ സുലഭമാണ്. നോക്കുക:

“ലക്ഷ്യംകൂടാതെ ലങ്കാനഗരമതുതക-
ർത്തക്ഷമം രൂക്ഷനാകും
രക്ഷോജാലാധിപത്യം തടവിനദശക-
ണ്ഠന്റെ കണ്ഠംമുറിപ്പാൻ
ലക്ഷ്യംവെച്ചങ്ങു ചീറിദ്രുതമണയുമൊരു-
ത്തുഗ്രമാം രാമബാണം
രക്ഷിച്ചീടട്ടെ നിത്യം കലിമലമകലെ-
പ്പോക്കിനന്നാക്കിനമ്മെ”.

ഇത്രയെല്ലാം പറഞ്ഞതുകൊണ്ട വെണ്മണികൃതികൾ കേവലം നിർദ്ദോഷങ്ങളാണെന്നു എനിക്ക അഭിപ്രായമുള്ളതായി ആരും തെററിദ്ധരിക്കരുത്.

“പ്രായേണസാമഗ്ര്യവിധൌഗുണാനാം
പരാങ്മുഖീവിശ്വസൃജഃപ്രവൃത്തിഃ”

എന്നാണല്ലൊ മഹാകവി വചനം. വെണ്മണികൃതികളിലും

പല ദോഷങ്ങളും കണ്ടേയ്ക്കാം. രസചക്രവർത്തിയായ ശൃംഗാരത്തെ പല ദിക്കിലും അദ്ദേഹം നഗ്നരൂപത്തിൽ പ്രകാശിപ്പിച്ച് അസുന്ദരമാക്കിത്തീർത്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ അസഭ്യങ്ങളും, ആഭാസങ്ങളും ആയ പ്രയോഗങ്ങളും കാണാം. ഈ വക ചില ദൂഷ്യങ്ങളായിരിക്കാം വെണ്മണികൃതികൾ നവീനന്മാരെ വെറുപ്പിക്കുന്നത്. ശ്ലോകങ്ങൾ അനായാസേന രചിക്കുവാനുള്ള പാടവംകൊണ്ട് വെണ്മണിമാർ വായിൽ വന്നതെല്ലാം ശ്ലോകത്തിൽ പറക പതിവായി. അവയെ സൽസാഹിത്യത്തിന്റെ കൂട്ടത്തിൽ ഗണിക്കണമെന്ന് അവർതന്നെ കരുതിയിരിക്കയില്ല. അക്കാലത്തെ വെണ്മണി ഭ്രാന്തന്മാർ പലിതമോ ശബ്ദാലങ്കാരസൌന്ദര്യമോ ഉള്ള അവയേയും ശേഖരിച്ച് കൂട്ടത്തിൽക്കൂട്ടി അതുകൊണ്ടു വെണ്മണികൃതികൾ ആകെ നമ്മുടെ സാഹിത്യത്തിൽനിന്നു ത്യാജ്യമായിക്കരുതുന്നതു സാഹസമായിരിക്കും എന്നാണെന്റെ വിനീതമായ അഭിപ്രായം. വെണ്മണി നമ്പൂതിരിപ്പാടന്മാർ ഭാഷാസാഹിത്യസൌധത്തിന്റെ നിർമ്മാണത്തിനു ഒരു വരികല്ലെങ്കിലും പടുത്തിട്ടുണ്ടെന്നതു തീർച്ചതന്നെ. നല്ല മലയാള കവിതയ്ക്കു സംസ്കൃതവൃത്തങ്ങളിൽ പ്രചുരപ്രചാരം വരുത്തിയതു വെണ്മണിമാരാണെന്നു പറയാം. അവർ പണ്ഡിതന്മാരുടേയും പാമരന്മാരുടേയും ഇടയിൽ ഒരുപോലെ സാഹിത്യാഭിരുചി വളർത്തുവാൻ ശക്തരായിത്തീർന്നിട്ടുണ്ട്. പദ്യരചന വലിയ അസാദ്ധ്യമായ ഒരു പ്രവൃത്തിയല്ലെന്നു് അവർ മലയാളികളെ മനസ്സിലാക്കി. മഹാകവി ഉള്ളൂർ, വെണ്മണിമഹാനെ, ഷേക്സ്പിയർ, ബർൺസ് എന്നീ പാശ്ചാത്യ മഹാകവികളെപ്പോലെ, ഒരു മഹാകവിയായിത്തന്നെ കരുതുന്നുണ്ട് എന്നാൽ ചില നൂതനപ്രസ്ഥാന സ്ഥാപനവ്യഗ്രന്മാരായ ചെറുപ്പക്കാരാണ് വെണ്മണികൃതികളെ കേവലം അപലപിക്കുന്നതു്. അങ്ങിനെ തോന്നുന്നതു കൃതഘ്നതയോ കേമത്തക്കേടോ രണ്ടുംകൂടിയതോ എന്ന് ഭാഷാകവിതാധർമ്മമർമ്മജ്ഞന്മാർ തന്നെ തീർച്ചയാക്കിക്കൊള്ളട്ടെ. ആ അവിവേകികളോട് എനിക്കു വെണ്മണിയുടെതന്നെ താഴെ കാണുന്ന രൂപകാലങ്കാരസുന്ദരമായ ഒരു ശ്ലോകത്തിൽ ഉള്ള ചോദ്യമാണ് ചോദിക്കുവാനുള്ളത്.

"ശങ്കാഹീനംശശാങ്കാമലതരയശസാ
കേരളോല്പന്നഭാഷാ-
വങ്കാട്ടിൽസഞ്ചരിക്കും സിതമണിധരണീ-
ദേവഹര്യ്യക്ഷവര്യ്യൻ
ഹുങ്കാരത്തോടെതിർക്കും കവികരിനിടിലം
തച്ചുടക്കുമ്പൊൾ, നിന്ദാ-
ഹങ്കാരം പൂണ്ടനിയാമൊരുകുറുനരിയെ
ക്കൂസുമോ കുന്നിപോലും."